പുസ്തകം 9 ലക്കം 4
മാർച്ച് 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

മാസിക

Eka Thathwa



**പ്രളയത്തേയും കടുത്ത വേനലിനേയും പേടിയില്ല**
**പക്ഷെ ചില മനുഷ്യരെ പേടിക്കണം...!**

# പ്രമോദ് മഞ്ചേരിയ്ക്ക് അന്താരാഷ്ട്ര പുരസ്കാര നിറവ്



ഏക തത്ത്വ കുടുംബാംഗമായ ശ്രീ. പ്രമോദ് മഞ്ചേരിയ്ക്ക് വേൾഡ് കസ്റ്റംസ് ഓർഗനൈസേഷന്റെ പ്രവർത്തന മികവിനുള്ള പുരസ്കാരം. 182 രാജ്യങ്ങൾ അംഗങ്ങളായ ഈ സംഘടനയുടെ ആസ്ഥാനം ബ്രസ്സൽസിലാണ്. ഈ വർഷം ഇന്ത്യയിൽ നിന്നും 18 പേരാണ് അവാർഡിന്നർഹരായത്. ജനുവരി 25ന് ന്യൂ ഡൽഹിയിൽ വെച്ചുനടന്ന ചടങ്ങിൽ ധനകാര്യമന്ത്രിയിൽ നിന്നും പുരസ്കാരമേറ്റുവാങ്ങി.

---

## കാഴ്ചകൾക്കപ്പുറം പ്രസിദ്ധീകരിച്ചു



ജോസഫ് പൂതക്കുഴി രചിച്ച പുസ്തകം കാഴ്ചകൾക്കപ്പുറം (ലേഖനങ്ങൾ) സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ഡോ. ഖദീജാ മുംതാസ് പ്രകാശനം നടത്തി. മിസ്. കാഞ്ചനമാല (മുക്കം) പുസ്തകം ഏറ്റുവാങ്ങി.

" ലളിതമായ ഭാഷയിൽ ചെറിയ രചനകളുമായി ജോസഫ് പൂതക്കുഴി സുമനസ്സുകളുമായി ആശയവിനിമയം നടത്തുന്നു. ആഴമുള്ള പ്രമേയങ്ങളാണ് ഓരോ രചനയിലും എന്നതാണ് സത്യം. മഹത്തായ ആശയങ്ങൾ ചെറിയ ചെറിയ ലേഖനങ്ങളിൽ ഒളിപ്പിച്ചുവെച്ചിരിക്കുന്നു. എല്ലാറ്റിന്റെയും അടിത്തറ തത്ത്വചിന്ത തന്നെ. സുഗന്ധപൂരിതമായ ആ ലോകത്തേക്ക് അദ്ദേഹം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. "

**-അവതാരികയിൽ പി. ആർ. നാഥൻ-**

**കാഴ്ചകൾക്കപ്പുറം**
ഗ്രന്ഥകർത്താവ് : **ജോസഫ് പൂതക്കുഴി**
Mob: 9846751749 **ലേഖനസമാഹാരം**
പ്രസാധനം : ഭാഷാശ്രീ പുസ്തകപ്രസാധകസംഘം, പേരാമ്പ്ര. **വില : 120 രൂപ**


**ഡി. റ്റി. പി. വർക്കുകൾ, റ്റൈപ്പിംഗ് വർക്കുകൾ**
**ഏക തത്ത്വയ്ക്ക് നല്കൂ**

ekathathwa@yahoo.com എന്ന ഇ-മെയിലിലേയ്ക്കോ 9446443321 എന്ന വാട്സ് ആപ്പിലേയ്ക്കോ റ്റൈപ്പ് ചെയ്യേണ്ട മാറ്റർ അയക്കുക. റ്റൈപ്പ് ചെയ്ത് പ്രൂഫ് റീഡ് ചെയ്ത ശേഷം സോഫ്റ്റ് കോപ്പിയും, ഹാർഡ് കോപ്പിയും തപാലിലൂടെ അയച്ചുകൊടുക്കുന്നതാണ്.
കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക - 9446443321.

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 9 ലക്കം 4**
**മാർച്ച് 2019**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali
**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
7 – ഒരു റാത്തൽ ഇറച്ചിക്കുള്ള ശാഠ്യം – എം. എം. മേനോൻ
8 – വിശ്വാസികളും വ്യക്തിദൈവങ്ങളും – വി. കെ. എം. നായർ
12 – സ്വർഗ്ഗത്തിന്റെ കാവൽഭടന്മാരുടെ ഓർമ്മയ്ക്ക് – റസാഖ്
24 – എന്റെ പാലക്കാടൻ ദേശപഴമയുടെ പുതുമ – മുരളി മൂത്തേടം
28 – തുരപ്പനാരാ മോൻ – അശോപ്പി ചേർത്തല
**കഥ**
12 – പാമ്പും തവളയും – ഉല്ലല ബാബു
29 – മിനികഥകൾ – സുരേഷ് തെക്കീട്ടിൽ
33 – ഇരുണ്ടുപോയവെളിച്ചങ്ങൾ – പ്രേം
34 – ആശാനൊരു ദക്ഷിണ – ജനാർദ്ദനൻ പി. വണ്ടാഴി
37 – അമ്മ – ടി. കെ. ഉണ്ണികൃഷ്ണൻ
38 – അമ്മിണിയും കിങ്ങിണിയും – നന്ദന . കെ
38 – മോന്ത്യാലും കാശ് പോക്കറ്റീക്കെടക്കണം – ടി. വി. നാരായണൻകുട്ടി
**കവിത**
07 – ഭാരത ഗീതം – എടത്തറ ജയൻ
15 – മിനികവിതകൾ – ഷാനവാസ് കുലുക്കല്ലൂർ
18 – പെണ്ണുങ്ങൾ – ജലജ പ്രസാദ്
20 – മോഹനിദ്ര – ജ്യോതി ചമ്പത്ത്
23 – കലികാലം – കുഞ്ഞുകുട്ടൻ മീനിക്കോട്
27 – ഊര് – സൈനുദീൻ മുണ്ടക്കയം
36 – ഗാനങ്ങൾ – അരവിന്ദൻ
42 – നിഴൽ ജാലകം – ആര്യ അശോകൻ
42 – മുത്തശ്ശിയമ്മ – ചെങ്ങാലൂർ പെരുമാരാത്ത്
42 – തിരുമുറിവ് – റീന പി. ജി.
**കാഴ്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
13 – നഗരപ്രാന്തങ്ങളിലെ തണലിടങ്ങൾ – രാജേന്ദ്രൻ വയല
**പൊതുവിജ്ഞാനം**
13 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ
**സ്മരണ**
14 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി
**യാത്രാവിവരണം**
16 – ദേവഭൂമിയിലെ ദേവദാരുക്കൾ – ഈശ്വർകുമാർ തരവത്ത്
**പുസ്തകപരിചയം**
19 – മരണമരം – അശോകൻ രാജീവം
**സ്പോർട്സ്**
20 – ട്രാക്ക് ആന്റ് ഫീൽഡ് അത്‌ലറ്റിക്സിലെ സവിശേഷ നിരീക്ഷണങ്ങൾ – ഡോ. എസ്. എസ്. കൈമൾ
**പാചകം**
21 – പച്ചമാങ്ങാ സർബത്ത് – ജയ ചന്ദ്രൻ
**മഹാത്മ**
22 – മതത്തിന്റെ മിന്നലാട്ടങ്ങൾ – ബിന്ദു . കെ
**ആരോഗ്യം**
26 – ചികിത്സയും നിയമവും – ഡോ. സി. രാമകൃഷ്ണൻ
**വിജ്ഞാനച്ചെപ്പ്**
30 – ഇന്ത്യൻ സൈനിക സേവനങ്ങളും സവിശേഷതകളും – ഡോ. ഒ. സി. പ്രമോദ്
**ദൈവനാമത്തിൽ**
32 – നാം നിരീക്ഷണത്തിലാണ് – മുഹമ്മദ് കനി
**നാടകം**
39 – ഉപ്പുമാവ് – അജയ് ബാലചന്ദ്രൻ



## ഇ. ടി. മുരളീധരൻ

# പ്രളയത്തേയും കടുത്ത വേനലിനേയും പേടിയില്ല പക്ഷെ ചില മനുഷ്യരെ പേടിക്കണം...!

ടിപ്പുവിന്റെ പടയോട്ടം പോലെയല്ലെങ്കിലും ഇന്നും പടയോട്ടങ്ങളുണ്ട്. ഇലക്ഷനാകുമ്പോൾ നമ്മൾ പടയോട്ടങ്ങൾക്ക് സാക്ഷ്യം വഹിക്കാറുമുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടിയും ഇങ്ങോളമങ്ങോളം പല പേരുകളിൽ യാത്രകൾ നടത്തും. രാഷ്ട്രീയ വിശദീകരണ യാത്രകളാണത്രെ. പണ്ട് ഗാന്ധിജിയും ഇതുപോലെ സ്വാതന്ത്ര്യ സമരങ്ങൾക്ക് മുന്നോടിയായി പര്യടനം നടത്തിയിരുന്നു. അന്ന് വാർത്താവിനിമയ രംഗത്തിന്റെ അഭാവം കൊണ്ട് വിവിധ ഭാഗങ്ങളിലെ ജനങ്ങളുടെ സ്പന്ദനം അറിയാനായി നടത്തിയ പര്യടനങ്ങളായിരുന്നു. ഇന്ന് അത്തരം യാത്രകളുടെ ആവശ്യമുണ്ടോ? വിവരസാങ്കേതിക വിദ്യ വല്ലാതെ വളർന്നില്ലേ ? ഇന്നത്തെ യാത്ര പണപ്പിരിവിനാണല്ലോ. പിരിച്ചെടുത്ത പണത്തിലേറിയ പങ്കും ഇരുചെവി അറിയാതെ നേതാക്കളുടെ നിലനിൽപ്പിനും ബിസിനസ്സ് ആവശ്യങ്ങൾക്കുമായി മറ്റും ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. കാരണം ഒന്നുമില്ലാത്തിടത്തുനിന്നും വന്ന പലരും തടിച്ചുകൊഴുത്ത് വൻ സ്വത്തിനുടമയാവുന്നതെങ്ങിനെയെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പിരിച്ചെടുക്കുന്ന പണത്തിന് രശീതിയില്ലല്ലോ ? ഉണ്ടെങ്കിലും കള്ള രശീതികളാണോ എന്ന് ആര് പരിശോധിക്കുന്നു.

ഗാന്ധിജി അഹിംസയിലൂടെ സമാധാനപരമായി ഏവരുടേയും നന്മയ്ക്കായി ജീവിക്കുകയും അവരുടെ ഉന്നമനത്തിനായി സ്വന്തം ജീവിതം ഉഴിഞ്ഞുവെയ്ക്കുകയും ചെയ്ത ഒരു വ്യക്തിയായിരുന്നല്ലോ. പക്ഷെ ഇന്ന് അങ്ങിനെയല്ല പലരും അദ്ദേഹത്തെ കാണുന്നതും അദ്ദേഹത്തെ കുറിച്ച് പറയുന്നതും പ്രചരിപ്പിക്കുന്നതും. അദ്ദേഹത്തെക്കുറിച്ച് നിഷ്പക്ഷമായി എഴുതിയ പുസ്തകങ്ങളേയല്ല മറിച്ച് കളർ മുക്കിയ (പാർശ്വവത്ക്കരിച്ച) പുസ്തകങ്ങൾ വായിക്കാനാണ് പലർക്കും താത്പര്യം. എന്തുചെയ്യാം ? സൂര്യനിങ്ങനെ ജ്വലിച്ചുനിൽക്കുമ്പോൾ മെഴുകുതിരിയോ വിളക്കോ കത്തിച്ചുവെച്ച് ആളാവാൻ ശ്രമിച്ചിട്ടെന്തുകാര്യം ? സ്വയം നന്മ ചെയ്ത് അനേകർക്ക് സൂര്യനാകുക, വെളിച്ചമാകുക എന്നത് പ്രയാസമുള്ള കാര്യമാണ്. സ്നേഹിക്കാനും സഹിക്കാനും കാത്തിരിക്കാനും കഴിയുന്ന മനസ്സുവേണം. അതില്ലല്ലോ. ഗാന്ധിജിയുടെ ഫോട്ടോ പ്രിന്റ് ചെയ്ത് അദ്ദേഹത്തിന്റെ രക്തസാക്ഷി ദിനത്തിൽ വീണ്ടും ആ ചിത്രത്തിലേയ്ക്ക് നിറയൊഴിച്ച് ചിലർ ആളാവാൻ നോക്കി. ഏറ്റവും ചുരുങ്ങിയത് ഗാന്ധിജിയെത്തിയ സാമൂഹിക, സാംസ്കാരിക, മാനസിക നില വരെയെങ്കിലും എത്തുവാൻ ശ്രമിക്കണം. ആ തലം വരെ എത്തിയിട്ടുവേണ്ടേ അതിനപ്പുറത്തെത്താൻ. ഫോട്ടോയിലൂടെയുള്ള ഗാന്ധിജിയുടെ സാന്നിദ്ധ്യം പോലും ചിലർ ഭയക്കുന്നു.

ഇന്ത്യയെ വിഭജിച്ചത്, പിന്നെ മതേതരരാജ്യമാക്കി മാറ്റിയതൊന്നും ശരിയല്ല, ശരിയായില്ല തുടങ്ങി നമുക്ക് എന്തും പറയാം... ഭാര്യയെ പ്രസവത്തിനായി ഹോസ്പിറ്റലിലെ ഡെലിവറി റൂമിലേയ്ക്ക് കൊണ്ടുപോയി. അല്പനേരം കഴിഞ്ഞ് ഡോക്ടർ പുറത്തുവന്നിട്ട് പറയുന്നു. കുറച്ച് സങ്കീർണ്ണതയുണ്ട്, സിസേറിയൻ വേണ്ടിവരും. സമ്മതമാണെങ്കിൽ ഈ സമ്മതപത്രത്തിലെല്ലാം ഒപ്പിട്ട് വേഗം തരു. വേറെ നിവൃത്തിയില്ല, ഒപ്പിട്ടുകൊടുത്ത് കാത്തുനിന്നു. വീണ്ടും ഡോക്ടർ വന്നിട്ടു പറഞ്ഞു, ആരേയെങ്കിലും ഒരാളെ രക്ഷിക്കാൻ സാധിക്കുള്ളു, ആരേ വേണം ? ഭാര്യയേയോ അതോ മകനേയോ ? എന്തെങ്കിലുമൊന്ന് തീരുമാനിച്ചേ മതിയാകൂ. അപ്പോൾ ഭാര്യയേ മതിയെന്ന് പറയും പോലെ കുറേ നാട്ടുരാജ്യങ്ങൾ മാത്രമായിരുന്ന ഇന്ന് കാണുന്ന ഇന്ത്യയേ ഒരുമിച്ച് നിർത്തി ഇത്രയ്ക്കും വിവരസാങ്കേതിക വിദ്യ വളർന്നിട്ടില്ലാത്ത കാലത്ത് നമുക്കൊരു രാജ്യം രൂപീകരിച്ച് തന്ന മഹാത്മാവിനെ നാമിന്ന് കുറ്റം പറയുന്നത് ശരിയാണോ ? ഭാര്യയും മകനും വേണമെന്നതാണ് ആഗ്രഹമെങ്കിലും നിവൃത്തിയില്ലാത്ത ഘട്ടമായിപ്പോയില്ലേ അപ്പോൾ... സാഹചര്യം മനസ്സിലാക്കി പെരുമാറിയവരായിരുന്നു പൂർവ്വീകർ. നാമോരോരുത്തരും സ്വന്തം ജീവിതത്തിലേയ്ക്ക് ഒന്ന് നോക്കുക. പലരും സ്വത്ത് തർക്കത്തിൽ ഉഴലുന്നില്ലേ. മരിച്ചുപോകും എന്നറിഞ്ഞിട്ടും നാം വെറുതെ തമ്മിൽത്തല്ലിയും കലഹിച്ചും എല്ലാം മറ്റാർക്കോ വേണ്ടി നേടിയെടുക്കാനുള്ള ശ്രമത്തിലല്ലേ ? അതുമൂലം സ്വയമേവയും മറ്റുള്ളവരിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാവുന്നില്ലേ ? ഇങ്ങനെ നേടിയെടുത്ത എന്തെങ്കിലും മരണത്തിനപ്പുറത്തേയ്ക്ക് ആരെങ്കിലും കൊണ്ടുപോയിട്ടുണ്ടോ ? നാം തട്ടിയെടുത്തത് മക്കൾ തട്ടിക്കൊണ്ടുപോയി എന്ന് വാർദ്ധക്യത്തിൽ വൃദ്ധസദനത്തിലിരിക്കുമ്പോഴോ മരണക്കിടക്കയിൽ കിടക്കുമ്പോഴോ തിരിച്ചറിഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ? ബാലിശമായി ചിന്തിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുന്ന നമ്മൾ ഗാന്ധിജിയിൽ നിന്ന് എത്ര ദൂരെയാണെന്ന് നോക്കു. അങ്ങനെയുള്ള നമ്മളാണ് ഗാന്ധിജിയെ വിമർശിക്കാൻ ഇറങ്ങുന്നത്. ഗാന്ധിജിയേയും നാഥൂറാമിനേയും ദൈവം നമുക്ക് പഠിക്കാനായി സൃഷ്ടിച്ചതാവാം എന്ന വിധത്തിൽ ആത്മീയ ചിന്തകൾ ഉണ്ടാവണമെങ്കിൽ അതിനും വേണ്ടേ ദൈവത്തിന്റെ കൃപ.

ഒരുകാലത്ത് ഭൂരിപക്ഷമായിരുന്ന ഒരുവിഭാഗം ആളുകൾ സമ്മേളിക്കുന്നു. എന്നിട്ട് പറയുകയാണ് പണ്ട് തൊണ്ണൂറ് ശതമാനം സ്ഥലങ്ങളും നമ്മുടേതായിരുന്നു. നമ്മളായിരുന്നു എണ്ണത്തിൽ കൂടുതൽ. ഇന്നത്തെ സ്ഥി

തിയോ നമ്മുടെ കൈയിലാകെയുള്ളത് നാല്പ്പത് ശതമാനം മാത്രമാണ്. കേട്ടുനിന്നവരിൽ വർഗ്ഗീയത കത്തി പക്ഷെ ചിന്തിക്കേണ്ടതും ചിന്തിപ്പിക്കേണ്ടതും ഇതായിരുന്നില്ല. സുഖിച്ച് ജീവിച്ച് ജീവിച്ച് വിറ്റുതുലച്ചു സ്ഥലങ്ങളെല്ലാം മറ്റുള്ളവരുടെ കൈയിൽ സുരക്ഷിതമാണ്. മറ്റുള്ളവരെപ്പോലെ അദ്ധ്വാനിച്ച് ജീവിക്കാൻ നേരത്തേ ശ്രമിക്കേണ്ടതായിരുന്നു. നല്ല വില കിട്ടിയാൽ സ്വജാതിക്കാരെ മറന്ന്, എന്തിന് കൂടപ്പിറപ്പുകളെ പോലും പരിഗണിക്കാതെ അന്യജാതിക്ക് സ്ഥലവും വീടും വിൽക്കുന്നവർ ആദർശം പറയാൻ പാടുമോ ? അതുപോലെ കാശു കൊടുത്തും കൈക്കൂലി കൊടുത്തും അനധികൃതമായി പലതും നേടിയെടുക്കുന്നവർ ദേശസ്നേഹത്തെക്കുറിച്ച് പറയാമോ ? പതിനഞ്ചുവർഷം കഴിഞ്ഞ വാഹനങ്ങൾക്ക് ഫിറ്റ്നസ് എടുക്കേണ്ടതുണ്ട്. നേരാംവണ്ണം വണ്ടി പണികഴിപ്പിച്ച് നിയമപരമായി ഫീസ് നല്കി ഫിറ്റ്നസ് നേടണമെങ്കിൽ ഒരുപാട് പണച്ചിലവുണ്ട്, ബുദ്ധിമുട്ടുകൾ ഉണ്ട്. പക്ഷെ ദേശസ്നേഹം വല്ലാതെ പറഞ്ഞുനടക്കുന്നവൻ ചുളുവിൽ കൈക്കൂലി കൊടുത്ത് കാര്യം സാധിക്കും. അതുപോലെ ബിൽഡിംഗ് ലൈസൻസ് ഉൾപ്പടെ പലതും കൈക്കൂലി കൊടുത്ത് നേടും. ആർക്കാണ് ദേശസ്നേഹം ? പറഞ്ഞുനടക്കുന്നവനോ, നിയമം പാലിച്ചു ജീവിക്കുന്നവനോ ? വാക്കും പ്രവർത്തിയും ശ്രദ്ധിക്കണം. അതുമല്ലെങ്കിൽ മറ്റുള്ളവർ ശ്രദ്ധിക്കും എന്നെങ്കിലും നാം അറിയണം. ദേശസ്നേഹം പോയിട്ട് നമുക്ക് മനുഷ്യസ്നേഹം പോലുമില്ലാതായിക്കൊണ്ടിരിക്കുന്നു. തരം കിട്ടിയാൽ കള്ളത്തരം കാട്ടും. കടകളിൽ നിന്ന് ബിൽ ഇല്ലാതെ സാധനങ്ങൾ വാങ്ങി നികുതി (ടാക്സ്) തട്ടിപ്പുനടത്തും. എന്നിട്ടത് മിടുക്കായി പറഞ്ഞുനടക്കും. ഇത്തരക്കാർ ദേശസ്നേഹം പറയുമ്പോഴാണ് കൂടുതൽ സങ്കടം. ഇവരെ ആര് പറഞ്ഞ് മനസ്സിലാക്കും? ബുദ്ധിമുട്ടാണ്. കേൾക്കാനുള്ള ക്ഷമയില്ലാത്തവരാണ്, ചരിത്രം പഠിക്കാത്തവരാണ്.

കാലങ്ങളായി സാഹിത്യകാരന്മാരേയും കലാകാരന്മാരേയും ഒരു വിഭാഗം ആളുകൾ കൈയിലെടുത്തിട്ടുണ്ട്. നമ്മുടെ രാഷ്ട്രീയ പാർട്ടിക്കൊപ്പവും വേണം എഴുത്തും വായനയും ഉള്ള കലാകാരൻമാരും സാഹിത്യകാരൻമാരും. അവരെ വെച്ചുവേണം ഗാന്ധിജിയുൾപ്പടെയുള്ള പൂർവ്വീകരെ തള്ളിപ്പറയുന്ന ലേഖനങ്ങൾ തയ്യാറാക്കാൻ. ചരിത്രത്തെ ലിഖിതങ്ങൾ ആക്കുന്നത് ഇവരാണല്ലോ. ഇക്കൂട്ടരെ വിലയ്ക്ക് വാങ്ങണം അല്ലെങ്കിൽ ഇല്ലാതാക്കണം. എല്ലാ രാഷ്ട്രീയപാർട്ടികളും അതിനായി ശ്രമം തുടങ്ങിക്കഴിഞ്ഞു. പല പേരിലൂടെ നടത്തുന്ന രാഷ്ട്രീയ പ്രചരണയാത്രകൾ ഓരോ ജില്ലകളിലായി മുന്നേറുമ്പോൾ അവിടെയുള്ള സാഹിത്യകാരൻമാർക്ക് രാഷ്ട്രീയ വേദിയിൽ വെച്ച് ഒരു സർട്ടിഫിക്കറ്റ് നല്കുന്നു. അവർ അതിൽ സംതൃപ്തരാണ് താനും. സർട്ടിഫിക്കറ്റ് കൈപ്പറ്റിയ ശേഷമാണ് ചിന്തിക്കുന്നത് നമ്മുടെ രാഷ്ട്രീയ വീക്ഷണത്തിന് എതിരായ ഇടത്തുനിന്നാണല്ലോ ഈ ആദരവ് ലഭിച്ചത്. എന്തെങ്കിലും ആകട്ടെ മറ്റ് പാർട്ടിക്ക് തരുവാൻ തോന്നിയില്ലല്ലോ. ഇവർക്കെതിരായി ഇനി ഒന്നും എഴുതേണ്ട. എന്തായാലും സാഹിത്യകാരന്മാരുടെ വായ അടപ്പിച്ചുവരുന്നു. ചരിത്രം തിരുത്തി എഴുതാൻ പറഞ്ഞാൽ എങ്ങിനെയാണവർ ഇനി എഴുതാതിരിക്കുക. രഹസ്യമായി ഏവർക്കും ഒരു പൊന്നാടയോ ഒരു മൊമെന്റോയോ അതുമല്ലെങ്കിൽ ഒരു അവാർഡോ തരാമെന്ന് അറിയിച്ചാൽ സദസ്സിൽ പ്രോഗ്രാമിന്റെ ആദ്യാവസാനം വരെ ആളുകളായി. എന്തൊരു ബുദ്ധി!. എന്തിന് രാഷ്ട്രീയക്കാരെ മാത്രം പറയണം. ഈയിടെയായി പല പ്രോഗ്രാമുകൾക്കും സദസ്സിൽ ആളെക്കിട്ടാൻ ഇത്തരത്തിലുള്ള അംഗീകാരങ്ങളും സർട്ടിഫിക്കറ്റുകളും മറ്റും, പണം രഹസ്യമായി ചാരിറ്റി എന്ന പേരിൽ വാങ്ങിയും അല്ലാതേയും അച്ചടിച്ച് വിതരണം ചെയ്യുന്ന ഒരു ശൈലി തന്നെ തുടങ്ങിയിരിക്കുന്നു. കഷ്ടം !

പണ്ട് ഗാന്ധിജിയെ കുറിച്ചും നെഹ്റുവിനെക്കുറിച്ചും മദർ തെരേസയെക്കുറിച്ചും വിവേകാനന്ദനുൾപ്പടെ പല മഹാൻമാരെക്കുറിച്ചും എഴുതിയത് പണത്തിനായിരുന്നില്ല. സ്വതന്ത്രമായി ലക്ഷക്കണക്കിന് ലേഖനങ്ങൾ രചിക്കപ്പെടുകയുണ്ടായി. ഇന്ന് അതെല്ലാം മാറ്റി എഴുതുന്നവർ കൂലി എഴുത്തുകാർ മാത്രമാണ്. ഈ കാലഘട്ടത്തിൽ നമ്മളോടൊപ്പം ജീവിക്കുന്ന അവർ ഒരൊറ്റ പുസ്തകം കൊണ്ട് ബാക്കി എല്ലാ പുസ്തകങ്ങളേയും തള്ളിപ്പറഞ്ഞ് പുതിയ ചരിത്രം സൃഷ്ടിക്കാനാകുമെന്ന മൂഢസ്വർഗ്ഗത്തിലാണ്. അന്ന് മഹത്വ്യക്തികളോടൊപ്പം ജീവിച്ച് അവരെക്കുറിച്ച് പഠിച്ചും മനസ്സിലാക്കിയും എഴുതിയ കാര്യങ്ങളെ മാറ്റിയെഴുതി ചിലവില്ലാതെ ആളാവാൻ ശ്രമിക്കുകയാണ്. നാം എത്ര അധഃപതിച്ചു. ഭാവിയിൽ അവർ ഗുരുത്വാകർഷണ ഫലം കണ്ടുപിടിച്ചത് നമ്മുടെ ചാത്തുക്കുട്ടിയാണ് അല്ലാതെ ന്യൂട്ടണൊന്നുമല്ല എന്നുപറയാനും സ്ഥാപിക്കാനും ശ്രമിച്ചെന്നും വരാം.

ഇന്ന് കള്ള നോട്ടുകൾ സുലഭം. നോട്ട് നിരോധന സമയത്ത് ഞാനെഴുതിയിരുന്നു, അഴുക്കുചാലിൽ എത്ര തന്നെ മിനറൽ വാട്ടർ കൊണ്ടുചെന്ന് ഒഴിച്ചാലും എല്ലാം വീണ്ടും അശുദ്ധമാവുമെന്ന്. ശരിക്കും ചെയ്യേണ്ടത് വളർന്നുവരുന്ന കുട്ടികൾക്ക് നാം ശരിയായ രീതിയിൽ വിദ്യാഭ്യാസം കൊടുക്കുന്നുണ്ടോ എന്നും, അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ടോ, കുട്ടികൾ പഠിക്കുന്നുണ്ടോ എന്നെല്ലാം പരിശോധിക്കാൻ ഒരു സ്ഥിരം സംവിധാനം വേണം എന്നും അങ്ങിനെ ചെയ്യുന്ന പക്ഷം ഇരുപത് വർഷം കഴിയുമ്പോഴേയ്ക്കും നമുക്ക് നല്ല കുറേ വ്യക്തികളേയും നേതാക്കളേയും ഭരണാധികാരികളേയും കിട്ടിയേനേ എന്നും എഴുതിയിരുന്നു. പക്ഷെ അതുകൊണ്ട് ഇപ്പോൾ ഭരിക്കാനിറങ്ങിയവർക്ക് എന്തു നേട്ടം ? പൂർവ്വീകർ ദീർഘവീക്ഷണത്തോടെ കാര്യങ്ങളെ സമീപിച്ചവരാണ്. ഇപ്പോഴുള്ളവർ ഈ നിമിഷത്തിൽ അവർക്ക് സന്തോഷിക്കാനും, സുഖിച്ചുകറങ്ങിനടക്കാനും, ആളാവാനും വേണ്ടി മാത്രം ജീവിക്കുന്നവരാണ്. ഈയിടെ മൂന്നാം ക്ലാസ്സിലേയും നാലാം ക്ലാസ്സിലേയും ഇംഗ്ലീഷ് മീഡിയം ബുക്ക് പരിശോധിച്ചപ്പോഴാണ് മനസ്സിൽ വല്ലാത്ത ദുഃഖം തോന്നിയത്. തെറ്റുകളുടെ കൂമ്പാരമാണ് ടെക്സ്റ്റു ബുക്കുകളിൽ. ടെക്സ്റ്റുബുക്കുകൾ തയ്യാറാക്കാൻ നല്ല വിവരമുള്ള വ്യക്തികൾക്ക് കൊടുക്കുകയാണ് വേണ്ടത്. പക്ഷെ ഇവിടെ അങ്ങനെയല്ല. ടെക്സ്റ്റ് ബുക്ക് ഉണ്ടാക്കാനാണെന്നും പറഞ്ഞ് എക്കാലത്തും ഭരണപക്ഷ പാർട്ടിയിൽ പെട്ട കുറച്ച് അദ്ധ്യാപകരെ തലസ്ഥാന നഗരിയിലെ ഗസ്റ്റ് ഹൗസിലും മറ്റും താമസിപ്പിക്കും. അവർ കോവളവും തേക്കടിയും മറ്റും നടന്ന് കണ്ട് ഒടുവിൽ പഴയ ടെക്സ്റ്റിനെ വീണ്ടും വിക

ലമായൊന്ന് തട്ടിക്കൂട്ടി പുതിയ ബുക്കാക്കി തീർക്കുന്ന ഈ രീതി ഇനിയെങ്കിലും മാറ്റണം. എത്രയോ വിവരമുള്ള വ്യക്തികളുണ്ട് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ തന്നെ. അതുമല്ലെങ്കിൽ പുറമേനിന്ന് നിസ്വാർത്ഥസേവനതല്പ്പരരായ നല്ല വ്യക്തിത്വങ്ങളെക്കൂടി പങ്കെടുപ്പിച്ച് ടെക്സ്റ്റുബുക്കുകളുണ്ടാക്കുക. ടെക്സ്റ്റ് ബുക്കിൽ തെറ്റുകളുണ്ടാവാനേ പാടില്ല. ആരും ടെക്സ്റ്റ് ബുക്കിലെ തെറ്റുകളെക്കുറിച്ച് ബോധവാൻമാരല്ല. എല്ലാവർക്കും എ പ്ലസ് നല്കുക. ടെക്സ്റ്റ് ബുക്കിൽ എന്തായാലും കുഴപ്പമില്ല. പേരിനൊരു ടെക്സ്റ്റ് ബുക്ക് വേണം, ടെസ്റ്റ് പേപ്പറും വേണം എന്നേയുള്ളു. പുതുതലമുറയെ നശിപ്പിക്കരുത്. പുതുതായി നല്ല റോഡ് പണിതില്ലെങ്കിലും കെട്ടിടങ്ങൾ നിർമ്മിച്ചില്ലെങ്കിലും കുഴപ്പമില്ല. വിദ്യാഭ്യാസരീതി നന്നാക്കിയെടുക്കണം. വിവരമില്ലാത്തൊരു ജനത നാട്ടിനാപത്ത്.

വീണ്ടും വന്നു ഹർത്താൽ. പതിവുപോലെ ജനം വലഞ്ഞു. കൊല്ലപ്പെട്ടവന്റെ പാർട്ടിയുടെ എതിർപാർട്ടിക്കാരനോട് ഞാൻ ചോദിച്ചു, കൊല്ലപ്പെട്ടവർ വെറും പത്തൊൻപതും ഇരുപത്തിനാലും വയസ്സല്ലേ ഉള്ളു. വീട്ടിലെ ഏക ആൺസന്തതി അല്ലേ ? താമസിക്കാൻ ഒരു ഓലപ്പുര മാത്രമുള്ളവരല്ലേ, കഷ്ടമായിപ്പോയി ഈ അരുംകൊല. പക്ഷെ മറുപടി ഇങ്ങനെയായിരുന്നു. ഹർത്താലിന്റെ ആവശ്യമില്ലായിരുന്നു. ഒരുകാര്യവുമില്ലാതെ ഹർത്താലുകൾ നടത്തിയ പാർട്ടിയിൽ പെട്ടവർക്ക് ഈ ഘട്ടത്തിൽ ഹർത്താലുകളെ കുറിച്ച് മാത്രമാണ് പറയാനുള്ളത്. എന്താ ല്ലേ, ഒരു ബോധപൂർവ്വമായ രക്ഷപ്പെടൽ. രാഷ്ട്രീയ പ്രവർത്തകരുടെ മേൽ പലതരത്തിലുള്ള ആരോപണങ്ങളും കേസുകളും സ്വാഭാവികം എന്ന് പറയുകയും മറുഭാഗത്ത് അത്തരത്തിൽ ആരോപിക്കപ്പെടുമ്പോൾ അത് ആരോപണങ്ങൾക്കുമപ്പുറം യാഥാർത്ഥ്യമാണെന്ന് വരുത്തിതീർക്കുവാനുമുള്ള വീൺശ്രമം എന്തിനാണാവോ ? വാർത്തകളെ ആവശ്യാനുസരണം വളച്ചൊടിക്കുന്ന ശീലം എല്ലാവരും തുടരുന്നു. നാൽപ്പതിനുമുകളിൽ ജവാൻമാർ കൊല്ലപ്പെട്ടിട്ടും ഹർത്താലുണ്ടായില്ലല്ലോ എന്ന് ചോദിക്കാൻ മറന്നില്ല ചിലർ. കഷ്ടം ! ജവാൻമാരെ കൊന്നത് പുറത്തുള്ള ശക്തിയാണ്. അവരെ എതിർക്കാൻ ഹർത്താലല്ലല്ലോ വേണ്ടത്. പക്ഷെ അതുപോലെയാണോ ഈ ഇരട്ടക്കൊല ? സ്വന്തം രാജ്യത്ത് സ്വതന്ത്രമായി ജീവിക്കാൻ അനുവദിക്കാതെ, അഭിപ്രായ സ്വാതന്ത്ര്യം നല്കാതെ വാളുകൊണ്ട് വെട്ടിയതിനല്ലേ ഹർത്താൽ നടത്തി ഇങ്ങനെ പ്രതികരിച്ചുപോയത്. ക്ഷമിച്ചുകൂടെ, കേസെടുക്കണോ... കുറ്റപ്പെടുത്തണോ...? സ്വന്തം കുടുംബത്തിലുള്ള മരണമാണല്ലോ വലുത്. അന്യന്റെ ഒന്നും നമുക്ക് വലുതല്ലല്ലോ. എന്തായാലും പിടിക്കപ്പെട്ട നാൾ മുതൽ കൊന്നവൻ ചിന്തിച്ചുതുടങ്ങി. മനസ്സിലൂടെ പോകുന്ന ചെറിയ കാര്യങ്ങളേയും ശരീരത്തിന്റെ ചെറുചലനങ്ങളുമെല്ലാം സൂക്ഷ്മനിരീക്ഷണത്തിലാക്കി അതോടെ ഓരോ അറിവും വേദനകളായി. ചത്തവൻ ഒരർത്ഥത്തിൽ രക്ഷപ്പെട്ടു എങ്കിലും കുടുംബക്കാർ കഷ്ടത്തിലായി. ഒരു ചെറിയ വിവരക്കേട് അത് എത്രപേരേ ഏതെല്ലാം വിധത്തിൽ ബാധിക്കുന്നു എന്ന് ഈ സംഭവവും നമ്മെ ഓർമ്മപ്പെടുത്തുന്നു, ചിന്തിപ്പിക്കുന്നു. ചിന്തയിലെ വികലത മൂലം അബദ്ധങ്ങൾ വിളിച്ചുവരുത്താതെ നോക്കണം. അരുതാത്തത് ഇവിടെ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. ഇതിനുകാരണം പലപ്പോഴും ചിന്തിക്കാതെ പ്രവർത്തിക്കുന്നവരെ കൊണ്ടാണ്. രാഷ്ട്രീയ പാർട്ടികൾ കൊലപാതകികളെ തള്ളിപ്പറഞ്ഞിരിക്കുന്നു, പാർട്ടിയിൽ നിന്ന് പുറത്താക്കിയിരിക്കുന്നു. ഇതൊരു നല്ല തുടക്കമായിരിക്കാമെന്ന് പ്രത്യാശിക്കാം. എല്ലാ രാഷ്ട്രീയ പാർട്ടികളും ഇത്തരത്തിൽ തീരുമാനമെടുക്കാൻ തയ്യാറായാൽ കൊലപാതക രാഷ്ട്രീയത്തിന് അറുതിവരും.

ജയിക്കാൻ വേണ്ടിവന്നാൽ യുദ്ധം വരെ പ്രഖ്യാപിക്കും കാലം. പുൽവാമയിലെ ഭീകരാക്രമണത്തെ തുടർന്ന് എത്രയെത്ര പേർ നിനച്ചിരിക്കാത്ത നേരത്ത് വിധവയായി, അച്ഛനെ നഷ്ടപ്പെട്ടവരായി, മകനെ നഷ്ടപ്പെട്ടവരായി. അവരെ ഓർത്ത് ദുഃഖിക്കുമ്പോഴും ഗാന്ധിജി പറഞ്ഞ അഹിംസാമാർഗ്ഗം വെടിഞ്ഞ് മറു ഭാഗത്തേയ്ക്ക് വെടി വെയ്ക്കുമ്പോഴും മറുഭാഗത്തും വിധവകളേയും അനാഥരേയും സൃഷ്ടിക്കപ്പെടുന്നുണ്ട്. പ്രത്യക്ഷത്തിൽ ഇരുഭാഗത്ത് മരിച്ചു വീഴുന്നവർ നിരപരാധികളാണ്. അവർ അവരുടെ ഒരു ജോലിയുടെ ഭാഗമായി ചെയ്തുപോകുന്നതാണ്. പക്ഷെ ഈ ജോലി കൊടുത്ത് ആക്ഷൻ, ഫയർ എന്നുപറഞ്ഞ് ഇരുഭാഗങ്ങളിലേയും തലവൻമാർ സുഖമായി ജീവിക്കുന്നു. പണവും അധികാരവും ഒരു ലഹരിയാണ്. അതുള്ളവർക്ക് എന്തുമാവാം. കണ്ടില്ലേ, സോളാറിന്റെ കേസ് തീർന്നു. പ്രതികളെ വെറുതെ വിട്ടു. കുറ്റക്കാരൻ ശരിക്കും സോളാർ (സൂര്യൻ) മാത്രമാണ്. കാരണം ഇത്തരം വൃത്തികെട്ട ആളുകൾ ഉൾപ്പടെയുള്ളവർക്ക് ഈവിധം ജീവിക്കാൻ ഊർജ്ജം നൽകുന്നവനാണല്ലോ അല്ലേ ? പിന്നെ, ആകാംക്ഷയോടെ വാർത്ത കേട്ടിരുന്ന നമ്മളും ഒന്നിനും കൊള്ളാത്തവരായി തീർന്നു.

പ്രളയത്തേയും കടുത്ത വേനലിനേയും അതിജീവിച്ച് മുന്നേറുന്ന നല്ലവരായ മനുഷ്യരേയും പക്ഷിമൃഗാദികളേയും സസ്യങ്ങളേയും നശിപ്പിക്കുന്നത് ചിന്തിക്കാതെ പ്രവൃത്തിക്കുന്ന കുറച്ച് മനുഷ്യരാണ്. അവരെയാണ് ബോധവത്ക്കരിക്കേണ്ടത്. ഒരു നിമിഷത്തെ ആലോചനക്കുറവ് കൊണ്ട്, ദേഷ്യം കൊണ്ട് ചെയ്തുപോയ പ്രവൃത്തി നിരന്തര ദുഃഖത്തെ സമ്മാനിക്കുന്നു. ക്ഷമിക്കാൻ പഠിക്കൂ ഒന്നും പറഞ്ഞുകാട്ടാൻ ശ്രമിക്കേണ്ട, ജീവിച്ചു കാണിക്കൂ. മറ്റുള്ളവരെ കാണിക്കാൻ മാത്രമായും ജീവിക്കരുത്. സ്വയവും മറ്റുള്ളവരുടെ മനസ്സിനും സമാധാനം തരുന്ന, പകരുന്ന കാര്യങ്ങൾ മാത്രം ചെയ്യൂ.

വേനൽ ശക്തി പ്രാപിച്ചുവരുന്നു. ഇനി ഉത്സവങ്ങളുടെ കാലം. ഫാനില്ലാത്ത കാലത്ത്, വേനൽ ചൂടിൽ വീട്ടിൽ കിടന്ന് ഉറങ്ങാൻ കഴിയാതിരുന്ന കാലത്ത് ഒരു വിനോദവും ഒപ്പം പ്രകൃതിയോട് ചേർന്ന് പൂരപ്പറമ്പിലെ സുഖമായ ഒരു ഉറക്കവും സന്തോഷത്തെ തന്നിരുന്നു. എന്നാൽ ഇന്ന് അതെല്ലാം മാറി. എല്ലാവരും എ.സി. റൂമിലും ഫാനിന്റെ ചുവട്ടിലുമായി ഉറക്കം. പിന്നെ പൂരപ്പറമ്പിനെക്കാളേറയും രസമുള്ള കാഴ്ചകളുമായി ടി. വിയുണ്ട് റൂമിൽ. എങ്കിലും ദൈവത്തിന് എന്നുപറയുമ്പോൾ പാവങ്ങൾക്ക് കൊടുത്തില്ലെങ്കിലും എന്തെങ്കിലും കൊടുക്കും. ചടങ്ങുകൾക്കായി പണം വാരിക്കോരി ചിലവാക്കും. പക്ഷെ ദൈവത്തിനുവേണ്ടി പണം ചിലവഴിക്കുമ്പോൾ അത് ശരിക്കും ആർക്കാ

ണ് ലഭിക്കുന്നത് എന്ന് ചിന്തിച്ചിട്ടുണ്ടോ ? ദൈവത്തിനും നമുക്കുമിടയിലെ ഇത്തരം ഇടനിലക്കാരുടെ വീടും വാഹനവും പത്രാസും നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ ? നിങ്ങൾക്കും ദൈവത്തിനുമിടയിൽ എന്തിനീ ഇടനിലക്കാർ ? ചിന്തിച്ചുനോക്കുക. എല്ലാറ്റിനേയും നിർമ്മിക്കാൻ കഴിവുള്ള, നിർമ്മിച്ചിട്ടുള്ള ദൈവത്തിന് നിങ്ങൾ എന്തെങ്കിലും നല്കേണ്ടതുണ്ടോ ? ഉണ്ട്, തീർച്ചയായും ഉണ്ട്. അത് നിർമ്മല സ്നേഹം മാത്രമാണ്. അത് എങ്ങിനെ കൊടുക്കും ? എല്ലാവരേയും സ്നേഹിക്കുക വഴി, സുമനസ്സുള്ളവരോട് ഉള്ളു തുറന്ന് സംസാരിക്കുക വഴി, സ്നേഹത്തോടെ പെരുമാറുക വഴി. അതിന് ചിലവില്ല, ഇടനിലക്കാരും ആവശ്യമില്ല. •

■ കവിത

## ഭാരത ഗീതം

എടത്തറ ജയൻ
9446033861




ഭാരതമാം ഇന്ത്യ തേജസ്വിയായ് വിളങ്ങാൻ
ഭാരതീയർ നമ്മളെന്നും കർമ്മോത്സുകർ
ഭാഷ കേവലം ദേശ ദിക്കുകൾ
ഭാരതീയർക്ക് സ്ഥാനമേകുവാൻ.

നന്മയേവർക്കുമെന്നുമേകുവാൻ
നമ്മളാലെ ശ്രമിക്കുമെപ്പോഴും.
തിന്മ നാടിനെ ഭിന്നമാക്കിടും
നന്മ നമ്മൾക്ക് മേന്മ നൽകിടും.

മർത്യരൊന്നെന്ന ചിന്ത നമ്മളിൽ
മാനവീയം മഹത്തരം ദൃഢം.
ഇല്ലേ നമ്മൾക്കരികൾ ഇന്ത്യയിൽ
ഇന്നവർകളും സോദരരല്ലയോ ?
നല്ലയൽക്കാരതായി നമ്മുടെ
ഭൂപ്രകൃതി നിലയ്ക്ക് നിർത്തണം.
നൂറിലേറെ കോടി ജനത്തിനന്നവും
ഏകിടുന്ന ജനനിക്കുവന്ദനം,
ഏകിടുന്ന ജനതയ്ക്ക് വന്ദനം.

# ഒരു റാത്തൽ ഇറച്ചിക്കുള്ള ശാഠ്യം !

എം. എം. മേനോൻ
0491 6451469, 0491 2572939



ബ്രിട്ടീഷ് നാടക കൃത്ത് / കവി William Shakespeare സുമാർ നാനൂറ് വർഷം മുമ്പ് രചിച്ച നാടകം The Merchant of Venice (വെനീസിലെ വ്യാപാരി)ൽ വന്ന ഒന്നാണ് ശീർഷകത്തിൽ കൊടുത്തത്. കഥ ചുരുക്കത്തിൽ ഇവിടെ.

വ്യാപാരത്തിൽ പലിശക്ക് പണം വാങ്ങുന്നതും കൊടുക്കുന്നതും സാധാരണയാണ്. ഒരത്യാവശ്യത്തിനായി ധനം വേണ്ടിവന്നപ്പോൾ വെനീസ് നഗരത്തിലെ വ്യാപാരി Antonio ന് Shylock എന്ന ജൂതനിൽ നിന്ന് കടം വാങ്ങേണ്ടിവന്നു. അസൂയാലുവായ Shylock തമാശയെന്നപോലെ ഒരു നിബന്ധന വെച്ചു. കുറിപ്പിട്ട ദിവസം ധനം പലിശയോടുകൂടെ മടക്കിയില്ലെങ്കിൽ Antonioവിന്റെ മാറിൽ നിന്നും ഒരു റാത്തൽ ഇറച്ചി വെട്ടി എടുക്കാം എന്ന്. ആത്മവിശ്വാസമുള്ള Antonio സമ്മതം കൊടുത്തു. കടലിൽ അപ്രതീക്ഷിതമായ കാറ്റും കോളും കാരണം ചരക്ക് നിറച്ച കപ്പലുകൾ മുങ്ങിനശിച്ചു. കുറിപ്പിട്ട ദിവസം കടം വീട്ടാൻ അസാധ്യമായി. നിർദ്ദയനും പിടിവാശിക്കാരനുമായ Shylock കത്തിയും എടുത്ത് വീട്ടിൽ എത്തി. Antonioയും മിത്രം Bassanioയും പത്നി Portiaയും ചേർന്ന്, കുറച്ചധികം സമയം അനുവദിക്കണം, കൂടുതൽ പണം തരാം എന്നും മറ്റും അഭ്യർത്ഥിച്ചു കെഞ്ചിയെങ്കിലും മുരട്ടിപ്പിടിത്തക്കാരനായ Shylock സമ്മതിച്ചില്ല. ഈ ദുരിതാവസ്ഥയിൽ പൊറുതിമുട്ടിയ Portiaക്ക് ഒരു പോംവഴി തോന്നി. അവർ Shylockനോട് പറഞ്ഞു, "നിബന്ധന പ്രകാരം കൃത്യം ഒരു റാത്തൽ ഇറച്ചി വെട്ടിയെടുക്കാം. എന്നാൽ ഒരു തുള്ളി രക്തം ചിന്തരുത് (ചിന്നരുത്)."

ഇത് അസാധ്യം എന്നുമനസ്സിലാക്കിയ Shylock സ്വന്തം വെച്ച കെണിയിൽ നിന്ന് മുക്തനാവാൻ, ദിവസം നീട്ടിത്തരാം, ധനം പകുതി ആയാലും മതി എന്നുള്ള 'ഉരുട്ടും പെരട്ടും' പറഞ്ഞുനോക്കി. ഫലിച്ചില്ല ! അത്യാർത്തിയും മലിന മനസ്സും കാരണം ധനനഷ്ടത്തിനുപുറമെ ആകെ വഷളായതിൽ മനസ്താപവും ഉണ്ടായി !

ആധുനിക ഭൗതികതയുടേയും ഉപഭോക്താ സംസ്കാരത്തിന്റേയും പുതു കണ്ടുപിടിത്തങ്ങൾ/ ആവിഷ്കാരങ്ങളുടേയും കാരണം, മൗലിക മാനവ മൂല്യങ്ങളെ തീരെ നീക്കിവെച്ച് അനിയന്ത്രിത മനസ്സിനാൽ 'കുരങ്ങു കളിപ്പിക്കപ്പെടുന്നത്', ഇന്ന് എത്ര മടങ്ങ് അധികം മനസ്താപമുണ്ടാക്കി വരുന്നു എന്ന് നാം അറിയുന്നില്ല. ഒന്നുകിൽ അന്യരെ കുറ്റപ്പെടുത്തി അല്ലെങ്കിൽ വിധിയെ പഴിച്ച് നാം നമുക്കുതന്നെ ഒരു നരകം സൃഷ്ടിച്ചു കഷ്ടം അനുഭവിക്കുന്നു.

അസൂയയും മൗഢ്യവും വെറുപ്പും അധികരിച്ചുവന്നു, ക്ഷമ കെട്ടു, നാം 'Cutting off the nose to spite the face' (മുഖത്തിന്റെ ഗർവ്വ് ശമിപ്പിക്കാൻ മൂക്കിനെ മുറിച്ചുകളയുന്നത്) പോലെ പലപ്പോഴും ചെയ്യുന്നു ! അസൂയയും ദേഷ്യവും നിയന്ത്രണമില്ലാതെ വർദ്ധിച്ചു വന്ന്, തന്റെ ഒരു കണ്ണ് പോയാലും വിരോധമില്ല, മറ്റവന്റെ രണ്ടുകണ്ണും പോവുമല്ലോ എന്ന ദയനീയ ഘൃണായോഗ്യമായ തീർപ്പിൽ ചിലപ്പോൾ എത്തിച്ചേർന്ന് തപിക്കുന്നു !

ഒഴിഞ്ഞുമാറാൻ ശ്രമിച്ചു, കബളിക്കപ്പെട്ടാലും പഠിക്കാൻ വിട്ടു

പോയി, മിഥ്യാസ്വപ്നങ്ങൾ കണ്ട്, ആയുസ്സ് പോക്കുന്നത് ഈ 'ഉറങ്ങുന്ന ലോകത്തിൽ' നമ്മുടെ പിൻഗാമികൾക്കായി ഭയങ്കരവിനാശമല്ലെ ഉണ്ടാക്കുന്നത് ?

ഉത്തിഷ്ഠത ! ജാഗ്രത !!

ഈ സന്ദർഭത്തിൽ രാമകൃഷ്ണ മിഷന്റെ 'പ്രബുദ്ധ ഭാരത' Vol 107 May 2002ൽ നിന്ന് നന്ദിയോടെ എടുത്ത് ഏക തത്ത്വയ്ക്ക് സമർപ്പിക്കുന്നു.

**ഒഴിഞ്ഞുമാറലും പഴി ചുമത്തലും**

'ഒരു പ്രധാന കാര്യം ചെയ്യാനുണ്ടായിരുന്നു. ആരെങ്കിലും ചെയ്യുമെന്ന് എല്ലാവർക്കും തീർച്ചയായിരുന്നു. ആരാലും തന്നെ ചെയ്യാൻ കഴിയുന്നതിനെ ആരും ചെയ്തില്ല. കൈവിട്ടത് എല്ലാവരുടേയും കടമയായിരുന്നതിനാൽ ചിലർ കോപിച്ചും ഏവരാലും ചെയ്യാൻ കഴിയുന്നതിനെ ആരും ചെയ്യാതെ പോകുമെന്ന് ആരും തന്നെ കരുതിയില്ല. അവസാനം, ഏവരാലും ചെയ്യാൻ കഴിയുന്നതിനെ ആരും ചെയ്യാത്തതിൽ എല്ലാവരും മറ്റന്യരെ കുറ്റപ്പെടുത്തി ഒഴിഞ്ഞു !

(മേൽ കൊടുത്ത ശീർഷകം മാത്രം എന്റെ !)


**ഏക തത്ത്വയ്ക്ക് ആശംസകൾ...**



**ഇയ്യങ്കോട് ശ്രീധരൻ**
**04923 262391**

ഏക തത്ത്വമാണല്ലോ
വിശ്വ വീക്ഷണം, ഭൂവി-
ലേവരുമൊന്നാണെന്ന
ചിന്തകളുണരണം
ഇക്കാണും പ്രപഞ്ചത്തെ
നയിക്കും കരുത്തിനെ
ഹൃത്തിലെ ശ്രീകോവിലിൽ
നിത്യവും നമിക്കുക.


(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച...)

# വിശ്വാസികളും വ്യക്തിദൈവങ്ങളും




**വി. കെ. എം. നായർ**
**0491 2501782, 9497504782**


വ്യക്തി ദൈവങ്ങളുടെ വരവോടെ വിഗ്രഹാരാധനയുടെ പ്രാധാന്യം ക്രമാതീതമായി വർദ്ധിച്ചു. സമൂഹം മുഴുവൻ വിഗ്രഹാരാധനയ്ക്ക് പ്രാധാന്യം നല്കിയപ്പോൾ അതിനെ എതിർക്കാനും ചിലർ തയ്യാറായി. 'Short on dogma and doctrine it (Hinduism) is consequently unwieldy', Exentric, Chaotic and difficult to understand - Page 62, The History of Religion by Karan Farrington. മനസ്സിലടങ്ങാത്തതെല്ലാം കുഴപ്പമേറിയതും ത്യജിക്കപ്പെടേണ്ടതുമാണെന്ന സായിപ്പിന്റെ സമീപനം ഹിന്ദുയിസത്തിനോടുള്ള എതിർപ്പല്ല, ഹിന്ദുക്കളായ ഇന്ത്യക്കാരോടുള്ള വെറുപ്പിന്റെ പ്രതിഫലനം മാത്രമെന്നെ ഈ ആക്ഷേപത്തെ വിലയിരുത്തേണ്ടു. ശിലാരൂപങ്ങൾ ബീഭത്സമാണോ, സൗന്ദര്യമുള്ളതാണോ എന്നത് ആരാധകനെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. കജുരാഹോ ക്ഷേത്രങ്ങൾ വെറും ലൈംഗിക സ്മാരകങ്ങളല്ല, മനുഷ്യനും സൃഷ്ടാവും തമ്മിലുള്ള ബന്ധത്തെ, ഐകരൂപ്യത്തെ ഐകാത്മകതയെ കാണിക്കുന്ന സുന്ദര കലാരൂപങ്ങളാണ്. ലൈംഗികം നിഷിദ്ധമാണെന്ന് തോന്നുന്നവർക്ക് ചിത്രങ്ങൾ നിഷിദ്ധമാകുമെന്നതിന് തർക്കമില്ല. അതിനാൽ വിഷഹാസ്യം പുരട്ടിയ ക്രൂരമ്പുകൾ എയ്യുന്നതിനുമുൻപ് മതമായാലും ആരാധനാക്രമമായാലും അനുഷ്ഠാനങ്ങളായാലും നിയമ വ്യാഖ്യാതാക്കൾ പോലും അല്പനേരം ആലോചിക്കുന്നത് ഉചിതമാകും. മന്ത്രിമാർക്കും ഇത് ബാധകമാണ്. പ്രകൃതിയുടെ ശബ്ദം സംഗീതമയമായും ചലനം നൃത്തമായും കണ്ട മനുഷ്യന് അല്പനേരം പ്രകൃതിയെ ലൈംഗികോന്മാദ ഉത്തേജക രൂപിണിയായി ചിത്രകാരന്റെ മനസ്സിൽ തോന്നിയാൽ അത് നിഷിദ്ധമാകുമോ ? സ്ത്രീ-പുരുഷ ലൈംഗിക ബന്ധം കൃത്രിമമാണെന്ന് തോന്നാൻ പ്രേരിപ്പിച്ച ഘടകങ്ങൾ ഇന്നും അജ്ഞാതമാണ്. അത് പ്രകൃതിദത്തവും വളരെ വളരെ സ്വാഭാവികവുമായി അവതരിപ്പിക്കുന്നത് അനുചിതമാണെന്ന് തോന്നാനുള്ള കാരണവുമാണ് കൃത്രിമം.

വ്യക്തിദൈവങ്ങളിലോ രൂപങ്ങളിലോ കൃത്രിമമായൊന്നുമില്ല. ശാശ്വതവും ശ്രേഷ്ഠവും പരിപൂർണ്ണവുമായ ദൈവസങ്കല്പത്തിനോട് ചേർന്നുതന്നെയാണ് വ്യക്തിദൈവങ്ങളുടെ സ്ഥാനവും. വ്യക്തിദൈവം വ്യക്തിയുടെ ഇംഗിതത്തിന് അനുസൃതമായ സങ്കല്പമെന്ന വ്യത്യാസമുള്ളു. ഏതെങ്കിലും ഒരവസരത്തിൽ പലരിലും വ്യക്തിദൈവവും പരിപൂർണ്ണവും ശാശ്വതവുമായ ദൈവസങ്കല്പത്തിൽ ലയിക്കുകയാണ് ചെയ്യുന്നത്. രണ്ടും ഒന്നായിമാറുന്ന ശ്രേഷ്ഠാവസ്ഥ സമാഗതമാകുമ്പോൾ സങ്കല്പവും യാഥാർത്ഥ്യമാകുന്ന ഏറ്റവും അപൂർവ്വമായ അവസ്ഥ വരുമെന്നാണ് അഭിജ്ഞമതം. അനുഭവിച്ചറിയേണ്ടതിനെക്കുറിച്ച് തർക്കിക്കുന്നത് സംഗതമല്ല.

പ്രതീകാത്മക രൂപങ്ങൾ വിശ്വാസത്തിന്റെ അടിസ്ഥാനഘടകമാകുമ്പോൾ രൂപം കുരങ്ങനെ പോലിരിക്കുന്നു എന്ന കമ്മ്യൂണിസ്റ്റാര്യന്റെ ആക്ഷേപഹാസ്യം അസ്ഥാനത്താണെന്ന് മനസ്സിലാകും. രൂപത്തിനല്ല പ്രസക്തി, രൂപത്തിന് പിന്നിലുള്ള ശക്തിക്കാണ് പ്രാധാന്യം. കുരിശായാലും കുരങ്ങനായാലും പ്രതീകങ്ങൾ മാത്രം. പ്രതീകങ്ങളുടെ പിന്നിലുള്ള ശക്തി തേടുന്ന വിശ്വാസിക്കാ

ണ് പ്രാധാന്യം, അല്ലാതെ പ്രതീകമെന്തെന്നറിയാൻ ആഗ്രഹമില്ലാത്ത അവിശ്വാസിയുടെ കപടനാടകത്തിന് കൂട്ടുനിൽക്കുന്ന രാഷ്ട്രീയക്കാരെയാണ് ഭയപ്പെടേണ്ടത്. അവർ അപകടകാരികളാണ്, വിശ്വാസികളെ തമ്മിലടിപ്പിക്കാൻ ശ്രമിക്കുന്ന സ്ഥാപിത താല്പര്യക്കാരും സ്വാർത്ഥമോഹികളും വോട്ടുബാങ്ക് രാഷ്ട്രീയം കളിക്കുന്നവരുമാണ്. ഇവരെ സൂക്ഷിക്കേണ്ടത് ജനങ്ങളുടെ കടമയാണ്. ഇവർ രാജ്യദ്രോഹികളാണ്.

പ്രതീകങ്ങൾ എല്ലാ മതവിശ്വാസക്കാർക്കും ഉണ്ട്. നഗ്നനേത്രങ്ങൾക്ക് വിധേയമാകാത്ത ഒരു സങ്കല്പത്തെ നഗ്നനേത്രങ്ങളിലൂടെ, നഗ്നനേത്രങ്ങളെ ഉപാധിയാക്കി ഉയർന്ന ഒരു സങ്കല്പത്തിലേക്ക് എത്താമോ എന്ന പരീക്ഷണമാണ് വിഗ്രഹങ്ങൾ. സൂര്യൻ,. ചന്ദ്രൻ, നക്ഷത്രങ്ങൾ, കാട്, കടൽ, വായു, അഗ്നി ഇവയെല്ലാം ശക്തി സ്രോതസ്സുകളാണ്. ഇവയെ ഭയക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സ്വഭാവം ആദിമനുഷ്യൻ തൊട്ടുണ്ടായതാവാം. ഇന്ദ്രിയങ്ങൾ ദേവന്മാരാണ്, ഇന്ദ്രൻ നേതാവും, ഇന്ദ്രനാണ് മനസ്സ്. ഇന്ദ്രിയങ്ങൾ പ്രവർത്തിക്കാൻ അഗ്നി ആവശ്യമാണ്. അഗ്നി ചൂടും പ്രകാശവും ജ്ഞാനവുമാണ്. സൂര്യനാണ് അഗ്നി. മനുഷ്യനും പ്രകൃതിയ്ക്കാകെയും ചലനശക്തി നല്കുന്നത് സൂര്യനാണ്. സൂര്യനെ ജീവാഹ്നി എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. വേദങ്ങളിൽ ശിവൻ രുദ്രനാണ്. 'രുധ്' എന്നാൽ ചെമപ്പ് എന്നർത്ഥം. (രുധിരം=രക്തം എന്ന പദം ഓർക്കുക) ചുവപ്പ് (ചെമപ്പ്) രക്തത്തിന്റെ നിറമാണ്. രക്തം ശക്തി യുമാണ്. 'ചെമൻ' എന്ന പദം 'ശിവൻ' ആയി മാറിയതായി ഭാഷാപണ്ഡിതന്മാർ വ്യക്തമാക്കുന്നു. 'ചെം' എന്ന ധാതുവിനും ചെമപ്പിനും അദേദ്യസാമ്യമാണുള്ളത്. മലയാളത്തിൽ ചെമ്പരത്തി. (ചെം + പരുത്തി), ചെന്താമര, ചെമ്പോത്ത് മുതലായ പദങ്ങൾ ഓർക്കുക. ശിവൻ പശുപതിയായിട്ടാണ് വടക്കേ ഇന്ത്യയിൽ അറിയപ്പെടുന്നത്. എല്ലാം ഉൾക്കൊള്ളുന്ന അഗ്നിയും ജലവും സൂര്യനും ചന്ദ്രനും സർപ്പവും (Nagas) വിഷവും ആത്മീയവും ഭൗതികവും ഉൾപ്പെടുന്ന ഒരു 'all inclusive concept' ആയി വേണം ശിവനെ മതിക്കാൻ.

ലിംഗയോനി സംഗമ (കാളയും പശുവും) പ്രതീകമാണ് ശിവനും ഗംഗയും, ശിവനും ശക്തിയും (പ്രകൃതി) സിന്ധു ഗംഗാ നദീതട സംസ്കാരത്തിന് കാരണക്കാരായ ആദിവാസി സമൂഹവുമായിട്ടാണ് ശിവനും ശക്തിയും വീക്ഷിക്കപ്പെടുന്നത്. യോനിയും ലിംഗവും ആരാധിക്കപ്പെട്ടത് ഈ ആദിവാസി സമൂഹമായിട്ടാണ് ചരിത്ര ഗവേഷകർ പശുപതി എന്ന സ്ഥാനപ്പേര് ശിവന് നല്കാൻ കാരണം. സിന്ധു നദീതടവാസികൾ വെളുപ്പും ചെമപ്പും കലർന്ന രുധിരരായിരുന്നു എന്ന വിശ്വാസത്തിനും കാരണമായിട്ടുണ്ട്. അവർ ലോഹനിർമ്മിതിയിൽ കേമന്മാരായിരുന്നു എന്നും ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്ന് പലതരം ലോഹങ്ങളും മുത്തും പവിഴവും ശേഖരിച്ചിരുന്നവരുമാകാം. ഇന്ത്യ മുഴുവൻ സഞ്ചരിച്ച് ലോഹശേഖരം നടത്തിയിരുന്നതുകൊണ്ട് ഇന്ത്യൻ ഭൂവിഭാഗത്തിനെക്കുറിച്ച് നല്ല അറിവും നേടിയവരാകാം. വെള്ളപ്പൊക്കവും കാറ്റും അനുകൂലമല്ലാത്ത കാലാവസ്ഥയിൽ ഇന്ത്യയുടെ പലഭാഗങ്ങളിലായി അവർ താമസം ഉറപ്പിച്ചിരിക്കാനും ഇടയുണ്ട്. അവരുടെ ദൈവങ്ങളായ ശിവനും വിഷ്ണുവും (പശുവും പശുപതിയും) ഇന്ത്യ മുഴുവൻ അറിയപ്പെട്ടിരുന്നു എന്നതിന്റെ പ്രത്യക്ഷ ലക്ഷണമാണ് ശൈവ മതങ്ങൾ വേഗത്തിൽ ഇന്ത്യ മുഴുവൻ പ്രചരിക്കാൻ കാരണമായതും.

ശിവനും ഗംഗയും തമ്മിലുള്ള ബന്ധം അനുപമേയമാണ്. സ്ത്രീയും പുരുഷനും ഒരേശരീരത്തിൽ ജീവിക്കുന്നു എന്ന ശാസ്ത്രസത്യത്തിന്റെ ഉല്ലേഖനം. സ്ത്രീക്കും പുരുഷനും പ്രത്യേക നിലനില്പായെന്ന സത്യം പണ്ടുപണ്ടേ ഭാരതീയർക്കറിയാമായിരുന്നു എന്നത് ഭാരതം ഒരു വിജ്ഞാനകോശമായിരുന്നു എന്നതിന് തെളിവാണ്. ഇത് മാത്രമല്ല, ഇതേപോലുള്ള പല ശാസ്ത്രസത്യങ്ങളും ഉപനിഷത്തുകളിൽ കാണാം. ശരീരങ്ങൾ ഭിന്നമായതുകൊണ്ട് പാർലമെന്റിൽ അവർക്ക് റിസർവേഷൻ ആകാം. അവരുടെ ശരീരത്തിന്റെ ആകർഷണം പ്രകൃതിയുടേതാണെങ്കിലും ബുദ്ധിക്കും ശക്തിക്കും അവരൊട്ടും പുറകോട്ടല്ല. ഗംഗ ജ്ഞാനത്തിന്റെ ഒഴുക്കാണ്. ജീവിക്കുന്നവർക്കും മരിച്ചുപോയവർക്കും ശുദ്ധിയും മുക്തിയും നല്കുന്നത് ജ്ഞാനപ്രവാഹത്തിന്റെ അലയും അലങ്കാരവുമാണ് ഗംഗ. ജ്ഞാനപ്രവാഹം തടഞ്ഞ് മനുഷ്യന് ഉപകാരം ചെയ്യാൻ അതിമാനുഷിക ശക്തി ഉള്ളവർക്കേ സാദ്ധ്യമാകു. അതാണ് രുദ്രൻ ! അത് മാനുഷിക ശക്തിക്കാണ്, പ്രഭുത്വത്തിനാണ്, പ്രതിഭയ്ക്കാണ് മനുഷ്യൻ ആണും പെണ്ണും എന്ന നിലയിൽ മത്സരിക്കേണ്ടത്. മനുഷ്യൻ ദൈവതുല്യനാകുന്നതും അപ്പോഴാണ് (തത്ത്വമസി). വ്യക്തിപ്രഭാവത്തിലൂടെ സമൂഹത്തിന് ഉയരാനാകൂ. വ്യക്തി മാഹാത്മ്യം സ്ത്രീയായാലും പുരുഷനായാലും അംഗീകരിക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികളും തയ്യാറാകണം. ഭൗതികവാദികളായ മാർക്സിയൻ കമ്മ്യൂണിസ്റ്റുകളുൾപ്പടെ അതിപ്രഭാവശാലിയായ ശിവൻ ഗംഗയെ തടഞ്ഞ് സ്വന്തം ജടയിൽ ഒളിപ്പിച്ചു. ഇന്ദ്രൻ വൃത്രാസുരനെ തോല്പിച്ച് ദേവന്മാർക്ക് ജലസമൃദ്ധി അരുളിയ കഥ വായനക്കാർ ഓർക്കുമല്ലോ ! ഗംഗയും ചന്ദ്രനും സമ്മേളിക്കുന്നതും ശിവന്റെ ജടയിൽ തന്നെ. ഉഷസ്സിന്റെ സൗന്ദര്യവും സൂര്യന്റെ ക്രമമായ ചൂടും ചന്ദ്രന്റെ ക്രമമായ തണുപ്പും ഒത്തുചേരുന്നു എന്ന സങ്കല്പം. പ്രഭാതസൂര്യൻ ജ്ഞാനത്തിന്റെ പ്രതീകവുമാണ്. ചന്ദ്രന്റെ സാന്നിദ്ധ്യം സൗന്ദര്യവർദ്ധക വസ്തുവായി മാറുന്നു എന്നതും യോജ്യമായ വ്യാഖ്യാനം തന്നെ. ശിവന്റെ ത്രിക്കണ്ണ് അഗ്നിയാണ്. അഗ്നിയും സൂര്യനും സമന്മാരാണ്. ആ വിധത്തിൽ കണ്ടാൽ ശിവൻ സൂര്യതേജസ്സും ഉൾക്കൊള്ളുന്നു എന്ന വാദം ശരിവയ്ക്കേണ്ടിവരും. ജ്ഞാനാഗ്നി ഇരുട്ടിന്റെ ശത്രുവുമാണ്. ജ്ഞാനം ഉൾക്കാഴ്ചയാണ്. മോഹത്തിന്റെ അതിശക്തമായ പ്രവാഹത്തെ തടയാനാണ് ഉൾക്കാഴ്ച സഹായമാകുന്നത്. അനവസരത്തിലെ വികാരവിഭ്രാന്തി നിയന്ത്രി

ക്കപ്പെടേണ്ടതോ നശിപ്പിക്കേണ്ടതോ ആണ്. ഭരണഭാരം കൈയ്യാളുന്നവർ ഇത് ഉൾക്കൊണ്ടാലെ ജനം കഷ്ട പ്പെടാതിരിക്കൂ. അല്ലെങ്കിൽ രാജ്യം ഒരു ഭ്രാന്താലയമായി മാറും. മതിലു തീർക്കുന്നവരും മതിലിനെ നശിപ്പിക്കാൻ ഒരുങ്ങിപ്പുറപ്പെടുന്നവരും ഇതോർക്കുന്നത് നന്ന്. അനവസരത്തിലെ ഭരണാധിപന്മാരുടെ വികാര വേലിയേറ്റം ഉൾക്കാഴ്ചയോടെ തടയപ്പെടാതിരുന്നാൽ കഷ്ടപ്പാട് അനുഭവിക്കുന്നത് ജനമായിരിക്കും. വേണ്ടപ്പോൾ ജ്വലിക്കേണ്ടതും സ്നേഹപ്രഭ പരത്തേണ്ടതുമാണ്. ശിവന്റേയും കാമദേവന്റേയും കഥയോർക്കുക. കാമം നിഷിദ്ധമല്ല, ജീവന്റെ നിലനിൽപ്പാണ് കാമത്തിലൂടെ പ്രകടമാകുന്നത്. അതാവാം കാമദേവന് പുനർജന്മാർഹത നേടാൻ കാരണമായത്. പക്ഷെ കാമാഗ്നിയിൽ വിരിയുന്ന സ്നേഹപ്പൂക്കൾക്ക് ആത്മീയ സുഗന്ധം ഉണ്ടാകണം.

യജ്ഞം നടത്തുമ്പോൾ ആഹൂതി ചെയ്യപ്പെടുന്ന ദ്രവ്യവും അതർപ്പിക്കുന്ന മനസ്സും ശരീരവും ഒന്നായിത്തീരുന്നു എന്നാണ് പണ്ഡിതമതം. സബ്ജക്ട് - ഒബ്ജക്ട് വേർപാടില്ലാത്ത കർമ്മമാണ്. സ്നേഹത്തിന്റേയും സംസ്കാരത്തിന്റേയും അടിത്തറ, ലൈംഗിക വിഷയത്തിനും ഇത് ബാധകം തന്നെ. ഈ അടിത്തറ ഇളക്കി അടിത്തറ പോലും നശിപ്പിച്ച നാശത്തിന്റെ തൂണുകൾ ഉറപ്പിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ കോമാളികൾക്കും മതമൗലികവാദികൾക്കും ആണ് ഇപ്പോൾ നിലനില്പ്പും പ്രാധാന്യവും. മതേതരത്വം പ്രസംഗിക്കുകയും മതമൗലിക വാദികളോട് ചേർന്ന് വോട്ടുബാങ്ക് സുരക്ഷിതമാകുന്നു. എച്ചിൽ രാഷ്ട്രീയത്തെ ചെറുക്കാനായില്ലെങ്കിൽ ഭാരതമെന്നൊരു പുണ്യരാജ്യം ഇല്ലാതാകും, തീർച്ച.

ശിവ ഭക്തന്മാർക്ക് ഏറ്റവും പരിചിതമായത് ശിവന്റെ അരൂപാവസ്ഥയാണ്. പ്രകൃതി അഥവാ ശക്തിയുടെ യോനീമുഖത്ത് ഊർജ്ജ സംരക്ഷണ പേടകവും സ്രോതസ്സുമായ ലിംഗത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. യോനി ഒരു ഭൗതിക കാരണമായും ലിംഗം സൃഷ്ടിക്ക് അനുയോജ്യ നിമിത്തമായും നാം ഇതിനെ കാണേണ്ടിയിരിക്കുന്നു. ഈ ആശയത്തിന്റെ പഴമ സിന്ധുനദീതട ആദിവാസികളുടെ സംസ്കാരവുമായി ഇതിന്റെ ബന്ധം സൂചിപ്പിക്കുന്നു. (Ref to The Golden Bough 1890 by Frazer, Sir James George 1854-1941) രൂപത്തോടെയുള്ള ശിവൻ തമോഗുണ പ്രഭുവാണ്. മൃത്യുവിന്റെ പല സംജ്ഞകളും ആ രൂപത്തിലുണ്ട്. മരണത്തിന്റെ പ്രതീകമായ തലയോട്ടിയും ശ്മശാനത്തിലെ ചാരവും മനുഷ്യഗണങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സമായ നാഗ ഗണങ്ങളും മനുഷ്യന്റെ നശ്വരതയെ കാണിക്കുന്നു. സമയസൂചികകളായ സൂര്യനും ചന്ദ്രനും എല്ലാമടങ്ങിയ ഒരു രൂപം. എന്നാൽ അരൂപാവസ്ഥയിലുള്ള ലിംഗ യോനീ സമ്മേളനം ഒരേമനുഷ്യരിൽ തന്നെ ഉൾക്കൊള്ളുന്ന വിഭിന്ന ഭാവങ്ങളുടെ പ്രതിഫലനങ്ങളായ സ്ത്രീയേയും പുരുഷനേയും ദ്യോതിപ്പിക്കുന്നു. മാത്രവുമല്ല ഇവരുടെ ഒത്തുചേരൽ സൃഷ്ടിതുടരാൻ സഹായമാകും എന്നും സൂചന തരുന്നു.

പ്രകൃതിയെ സ്ത്രീയായും ശക്തിയായും സിന്ധുനദീതട സംസ്കാരകാലത്തെ ആദിവാസികൾ ആരാധിച്ചിരുന്നു. ശിവൻ മാരകനായും (മാടൻ) ശക്തി മാരിയമ്മയായും ദക്ഷിണേന്ത്യൻ ആദിവാസികൾ ഇപ്പോഴും ആരാധിക്കുന്നുണ്ട്. പാലക്കാടൻ ഗ്രാമങ്ങളിൽ മാരിയമ്മൻ ക്ഷേത്രങ്ങളില്ലാത്ത ഒരുഗ്രാമം പോലും കാണാനാവില്ല. വസൂരി രോഗം കാരണം മാരിയമ്മന്റെ കോപമാണെന്ന വിശ്വാസവും ഇവിടത്തെ ആദിവാസികൾക്കുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഊർജ്ജസ്രോതസ്സ് ശിവനല്ല, ശക്തിയാണെന്ന വിശ്വാസവും ഇവർ വച്ചുപുലർത്തുന്നുണ്ട്. ശ്രീചക്രമെന്ന ചിത്രം നോക്കുക. ശ്രീചക്രത്തിൽ സ്ത്രീയേയും പുരുഷനേയും സമ്മേളിപ്പിക്കുന്നു. ശ്രീചക്രത്തിന് ഒൻപത് ആവരണങ്ങളുണ്ട്. ഏറ്റവും പുറം ഭാഗം 'ഭൂപുര' ചതുരാകൃതിയിലാണ്. ഏഴ് പ്രാകാരങ്ങളുള്ള ക്ഷേത്രഘടന ശ്രീചക്രത്തിനോട് സാമ്യമുണ്ട്. മദ്ധ്യത്തിലുള്ള ത്രികോണം ഗർഭഗൃഹത്തേയും അതിനുള്ളിലുള്ള ബിന്ദു പ്രതിഷ്ഠയേയും ദ്യോതിപ്പിക്കുന്നു. ശൂന്യഭാഗം സ്ത്രീ പുരുഷ സംഗമത്തിനുള്ളതാണ്. 'ശക്തി' സങ്കല്പത്തിലെ സരൂപാകൃതി രണ്ടുതരത്തിലാണുള്ളത്. ബീഭത്സവും തമോഗുണസമ്പന്നവും. ഗോത്രവർഗ്ഗങ്ങൾ അവരുടെ അബോധമനസ്സിൽ സൂക്ഷിക്കുന്ന വസൂരി രോഗത്തിന് കാരണക്കാരി മാരിയമ്മയാവും എന്ന സങ്കല്പമായിരിക്കാം ഇത്തരത്തിലുള്ള രൂപത്തിന് നിദാനമായി ഭവിച്ചത്. നഗരങ്ങളിൽ പോലും ആടിനേയും കോഴിയേയും ബലി കൊടുക്കുന്ന ആദി സമ്പ്രദായം ഉത്തരേന്ത്യൻ ക്ഷേത്രത്തിൽ കാണാനിടയായി. ദക്ഷിണേന്ത്യയുടെ പലഭാഗങ്ങളിലും ബലി ഒരു സംവത്സരം മുൻപുവരെ പ്രചരിച്ചിരുന്നതായി 'The Village Gods of South India' എന്ന പുസ്തകത്തിൽ Henry White Head വെളിപ്പെടുത്തുന്നു. Published in 1921 by Asian Educational Services, New Delhi. ഇപ്പോഴും ചില മാരിയമ്മൻ ക്ഷേത്രങ്ങളിൽ (പാലക്കാട്) രഹസ്യമായി മൃഗബലി നടത്താറുണ്ട് എന്ന് വിവരം കിട്ടിയിട്ടുണ്ട്. ശരിയോ തെറ്റോ എന്ന് ഉറപ്പിക്കാറായിട്ടില്ല. ഭഗവതി, സരസ്വതി, ലക്ഷ്മി, രാജേശ്വരി, ഭുവനേശ്വരി മുതലായ ശക്തിപ്രതീകങ്ങൾ രജോഗുണത്തെ പ്രതിനിധാനം ചെയ്യുന്നു. ഋഗ് വേദത്തിലെ ദേവീസങ്കല്പവും രാമായണത്തിലെ സീതയ്ക്കും വളരെയേറെ സാമ്യമാണുള്ളത്. രണ്ടുപേരും പ്രകൃതിയുടെ പ്രതീകങ്ങൾ തന്നെ. ഋഗ് വേദത്തിൽ 'ദേവീ, നീ അനുഗ്രഹിക്കണം. എന്നുമെന്നും നീ ഞങ്ങളോടൊപ്പം ഉണ്ടാകണം. എങ്കിലേ വൃക്ഷങ്ങൾ ഞങ്ങൾക്ക് ഫലം തരൂ' എന്നത് പ്രകൃതി സ്ത്രീ ആയുള്ള ആദ്യകാല സങ്കല്പം ആയി വേണം കരുതാൻ. സീതയും പ്രകൃതിയുടെ വരപ്രസാദമാണ്. ഐതിഹ്യപരമാണെങ്കിൽ ജനകമഹാരാജാവ് യാഗഭൂമിയ്ക്കായി നിലം ഉഴുതപ്പോഴാണല്ലോ സീതയെ ലഭിച്ചത്. സീതയ്ക്ക് ഗ്രീക്ക് റോമൻ സംസ്കാരത്തോടും ബന്ധമുണ്ട്. ദേവന്മാരുടെ ദേവനായ സിയൂസ്സി (Zeus) ന്റേയും ഭൂമിദേവിയുടെ മാതാവായ ഡെമിട്രയസ്സിന്റേയും മകളാണ് പെർസിഫൊനി. പാതാള ലോക രാജാ

വായ ഹെയ്ട്സിന് (Hades) പെർസിഫൊനിയിൽ പ്രേമം ജനിക്കുന്നു. ഒരുദിവസം അമ്മയുടെ ഉപദേശം വകവയ്ക്കാതെ പൂന്തോട്ടത്തിൽ ഉലാത്തുമ്പോൾ ഹെയ്ട്സ് അവിടെത്തുകയും പെർസിഫൊനിയെ ബലം പ്രയോഗിച്ച് പാതാള ലോകത്തിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. ഗ്രീക്ക് റോമൻ കഥകളിൽ ദേവന്മാരും മനുഷ്യരും ഇടകലർന്നുള്ള ഒരു ജീവിത ശൈലിയാണ് കാണുന്നത്. രാമായണത്തിലും രാമനും സീതയും രാവണനും മനുഷ്യരായിട്ടാണല്ലോ ചിത്രീകരിച്ചിട്ടുള്ളത്. രാമൻ ശ്രീരാമനാകുന്നത് എത്രയോ ശതാബ്ദങ്ങൾ കഴിഞ്ഞിട്ടാണ്. പാരീസും ഹെലനുമായുള്ള ബന്ധവും അതിനോടനുബന്ധിച്ച യുദ്ധവും രാമ രാവണ യുദ്ധത്തെ ഓർമ്മിപ്പിക്കുന്നു. വിവിധ സംസ്കാരങ്ങൾ തമ്മിൽ ആശയവിനിമയം ഉണ്ടായിരുന്ന കാലത്താണ് 'രാമായണം' എന്ന ഇതിഹാസം എഴുതപ്പെട്ടത് എന്നതിന് സംശയമില്ല. പ്രധാന കഥാംശത്തിലെ ചേർച്ച അത്രത്തോളം അതിശയിപ്പിക്കുന്നതാണ്. ഭാഷാ ശാസ്ത്ര വിദ്യാർത്ഥികൾക്ക് താരതമ്യ പഠനത്തിന് യോജിച്ച വിഷയമാണ്.

മറ്റൊരു വ്യക്തിദൈവമാണ് വിഷ്ണു. പ്രപഞ്ചമാകെ വ്യാപിച്ചിരിക്കുന്ന അത്ഭുത പ്രതിഭാസമാണ് വിഷ്ണു. ഭക്തർ വിഷ്ണുവിനെ ആരാധിക്കുന്നത് അനന്തശയന രൂപത്തിലാണ്. മൂന്ന് പ്രാവശ്യം സ്വയം ചുറ്റി മെത്ത ചമച്ച് അനന്തനെ ആ സർപ്പം ക്ഷീരസാഗരത്തിൽ ശയിക്കുന്നതാണ് വിഷ്ണുസ്വരൂപം. മൂന്ന് പ്രാവശ്യം ചുറ്റിയെന്നതിന് വിഷ്ണു മൂന്നു ലോകത്തിന്റേയും അധിപനെന്ന സ്ഥാനം സൂചിപ്പിക്കുന്നതാണെന്നാണ് സാരം. ദേവീസമേതനായാണ് വിഷ്ണുവിന്റെ ശയനം. മൂന്ന് ലോകം മാത്രമല്ല, പ്രകൃതീദേവിയേയും വിഷ്ണു ഉൾക്കൊള്ളുന്നു എന്ന് സൂചന. അത്യഗാധ ജ്ഞാനത്തെ സൂചിപ്പിക്കുന്ന കറുത്ത നിറമാണ് വിഷ്ണുവിന്റേത്. അഗാധതയേയാണ് കറുപ്പ് പ്രത്യക്ഷമാക്കുന്നത്. അസാധാരണ ശക്തി ഉണ്ടെങ്കിലെ അഗാധ ജ്ഞാനിയായ വിഷ്ണുവിനെ ഉൾക്കൊള്ളാൻ കഴിയൂ എന്ന അർത്ഥവും ദ്യോതിപ്പിക്കുന്നുണ്ട്. സ്വയം കറങ്ങുന്ന ഭൂമിയാണ് ചക്രം, ധ്വനിയാണ് ശംഖ്, കറുപ്പാണ് ജ്ഞാനം, പ്രകൃതിയായ ദേവി സമീപത്തിലും.

യജ്ഞപുരുഷനാണ് നാഭിയിൽ താമരയുള്ള വിഷ്ണു. നാഭി ബലികണ്ഠമാണ്. അതിൽ ബലിക്കു മുൻപ് വിതറുന്ന പൂക്കളേയാണ് താമര പൂവ് ഓർമ്മിപ്പിക്കുന്നത്. അതിന് മുകളിൽ സൂര്യൻ അഗ്നി കൂട്ടുന്നു. വിഷ്ണു സൂര്യനുമാണ്. വിഷ്ണു ധനമാണ്. പശുക്കളാണ് ധനം. സ്വർഗ്ഗലോകത്തിനും എത്രയോ ഉയരത്തിലാണ് ഗോലോകം. ഗോവിന്ദനാണ് വിഷ്ണു. വൈഷ്ണവകുലത്തിൽപ്പെടുന്ന വൈഷ്ണവർക്ക് (വല്ലഭർ, വള്ളുവർ, വല്ലർ) ഗോലോകം അനന്തസന്തോഷത്തിന്റെ ലോകമാണ്. യാദവകുലത്തിൽ പിറന്ന കൃഷ്ണൻ വ്യക്തിദൈവങ്ങളുടെ നവോത്ഥാന കാലത്ത് വിഷ്ണുവിൽ ലയിച്ച് വിഷ്ണുവിന്റെ മഹത്വം സ്വയം സ്വീകരിക്കുന്നതായി പുരാണേതിഹാസങ്ങൾ സൂചിപ്പിക്കുന്നു. വിഷ്ണുവിന്റെ അരൂപ വിഗ്രഹമായ ശാലഗ്രാമമെന്ന (ശാളഗ്രാമം)അണ്ഡാകൃതിയിലുള്ള കറുപ്പും നീലയും കലർന്ന കൽരൂപത്തെ കൃഷ്ണഭക്തന്മാർ ആരാധിക്കാൻ തുടങ്ങി. ഈ അണ്ഡത്തിൽ നിന്നാണത്രെ പ്രപഞ്ചസൃഷ്ടി ഉണ്ടായത് എന്നാണ് വിശ്വാസം.

ഇനിയും എത്രയോ അരൂപവും സ്വരൂപങ്ങളുമായ വ്യക്തി ദൈവങ്ങളെ ഹിന്ദുമതവിശ്വാസികൾ ഭാരതം ഒട്ടാകെ ആരാധിക്കുന്നു. ദൈവവിശ്വാസം സാധാരണ ജനതയുടെ മനസ്സിൽ നിലനിർത്താൻ ഈ വ്യക്തിദൈവങ്ങൾ തുടർന്നും ആരാധിക്കപ്പെടേണ്ടത് തന്നെ. ദൈവാരാധന മറ്റ് മതങ്ങളെ ആക്ഷേപിക്കാനോ വെറുക്കാനോ അല്ല ഉപയോഗിക്കേണ്ടത്. ദൈവവിശ്വാസികളല്ലാത്തവർ പോലും വിശ്വാസികളെ ആക്ഷേപിക്കാൻ അർഹതയോ യോഗ്യതയോ നേടിയവരല്ലാത്തതും പണ്ഡിത വരേണ്യർ എന്നവകാശപ്പെടുന്നവർ ഓർക്കേണ്ടതാണ്. ഭൗതിക വാദികളാണ് എല്ലാം അറിഞ്ഞവരെന്ന വിശ്വാസം വച്ചു പുലർത്തുന്ന മാന്യരെ നാമെന്നും കാണുന്നത്. ഭൗതികവാദം എല്ലാത്തിന്റേയും അവസാനവാക്ക് എന്ന അജ്ഞാനം ഒരിക്കലും ആശാവഹമല്ല. ഭൗതികനേട്ടം പോലും ആത്മീയാധിഷ്ഠിതമായാലേ ലോകത്ത് സമാധാനവും സമൃദ്ധിയും നിലനിൽക്കൂ. അഴിമതിയും കള്ളപ്പണവും അല്പനേരത്തെ ശാന്തിക്കുമാത്രമേ ഉതകൂ.

കൃത്രിമ അതിർത്തി വരമ്പുകൾ തീർത്ത് അതിനുള്ളിൽ സുഖമായി ദീർഘകാലം കഴിയാമെന്ന മോഹം അധാർമ്മികവും ദുസാദ്ധ്യവുമാണ്. പരസ്പര സ്നേഹവും വിശ്വാസവുമാണ് ശാന്തിക്കും സമാധാനത്തിനും സംസ്കാരഗോപുരങ്ങൾ ഉയർത്താനും വേണ്ടത്. സമാധാനമുള്ളിടത്തെ സംസ്കാരം വളരൂ. വീടായാലും നാടായാലും ഇത് യാഥാർത്ഥ്യമാണ്. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന നിത്യസത്യത്തിലേക്കുള്ള യാത്രയിൽ ഒരു ചെറിയ പങ്ക് വ്യക്തിദൈവങ്ങൾക്കും വഹിക്കാനാവുമെന്ന വിശ്വാസം ഭരിക്കുന്നവർക്കും പ്രതിപക്ഷത്തിനും നിരായുധരായ സാമാന്യജനങ്ങൾക്കും ഉണ്ടായേ തീരൂ. ദൈവം ഏതായാലും ക്രിസ്തു ആയാലും നബി ആയാലും ശിവനായാലും വിഷ്ണുവായാലും ബുദ്ധനായാലും അയ്യപ്പനായാലും സഹിഷ്ണുതയും സമാധാന ചിന്തയും സമത്വചിന്തയും പരസ്പര ബഹുമാനവും ഉണ്ടായാൽ വ്യക്തി ദൈവങ്ങൾ അധികപ്പറ്റാവില്ല. അത് പ്രപഞ്ചശക്തിയിലേക്കുള്ള ഒരെത്തിനോട്ടത്തിനാവും സഹായിക്കുക.

വ്യക്തിദൈവ സങ്കല്പത്തിലൂടെ ആത്മീയാധിഷ്ഠിത ഭൗതിക ജീവിതത്തിലേക്ക് കടന്നാൽ ഭാരതത്തിന്റെ നശിച്ചുപോയ പ്രൗഢിയും ഉണർവും തിരിച്ചുകൊണ്ടുവരാം. ബ്രഹ്മം നമ്മിലുണ്ട്. ബ്രഹ്മമെന്നാൽ അനശ്വര ഈശ്വര സങ്കല്പമാണ്. ആത്മാവാണ്. അനന്തമായ ഊർജ്ജസാഗരമാണ്. ബ്രഹ്മത്തിലെത്താൻ വ്യക്തിദൈവങ്ങളെന്ന ഉപാധികൾ സാധാരണ മനുഷ്യരെ സഹായിക്കും. ഉന്മേഷത്തോടും ഉണർവോടും ധർമ്മാധിഷ്ഠിത കർമ്മം ചെയ്യാൻ വ്യക്തി ദൈവങ്ങൾ സാധാരണ ജനതയെ സഹായിക്കുമെന്നത്

തീർച്ചയാണ്. അത് മനുഷ്യനെ അതിമാനുഷികത്വത്തിലേയ്ക്ക് നയിക്കാനും സാദ്ധ്യതയുണ്ട്.

ഏത് മതവിശ്വാസിയായാലും ആചാരാനുഷ്ഠാനങ്ങളിൽ നിന്നോ പ്രതീകങ്ങളിൽ നിന്നോ സാധാരണ മനുഷ്യർക്ക് മാറിനില്ക്കാനാവില്ല. മാറ്റങ്ങൾ അനിവാര്യമാണെങ്കിലും മനുഷ്യൻ മനുഷ്യനല്ലാതെ മാറണമെന്ന് ഒരു സംഘടിത ശക്തിയ്ക്കും ഉപദേശിക്കാൻ അവകാശമില്ല.

ഒരു നഗരം സ്തംഭിപ്പിച്ച് പൊങ്കാല എന്ന ആചാരം നടത്താൻ അവകാശമുണ്ടെങ്കിൽ അത് തടയാൻ ആർക്കാണധികാരം ? കോടികൾ ചെലവഴിച്ച് കല്യാണം തുടങ്ങിയ ഉത്സവാഘോഷം നടത്തുന്നത് തടയാൻ ഏത് ഭരണസംവിധാനത്തിനാണ് സാധിക്കുക ? ഒരു രാഷ്ട്രീയ കക്ഷി ഹർത്താലാചരിച്ചാൽ ഏത് കോടതിയ്ക്ക് തടയാനാവും ? ഒരു രാഷ്ട്രീയ കക്ഷിയിൽ പെട്ടവർ പണിമുടക്കി ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകർത്താൽ അത് തടയാൻ ഏത് കോടതിയാണ് മുതിരുക. പണിമുടക്കും ആചാരം തന്നെയല്ലേ ? ഹർത്താലും ആചാരമല്ലേ ? അതിലും വിശ്വാസികളും അല്ലാത്തവരും ഇല്ലേ ?

അനന്തമായ ഈശ്വരസങ്കല്പത്തെ ചുരുക്കി എല്ലാം ഭൗതികമയം എന്ന ഉത്ഘോഷിക്കലല്ല പ്രതീകങ്ങളുടേയും വ്യക്തി ദൈവങ്ങളുടേയും വിശ്വാസികൾ ചെയ്യുന്നത്. നേരേമറിച്ച് അപരിമേയ ബ്രഹ്മം എന്ന ശക്തിയെ ചൂണ്ടിക്കാണിച്ച് അവിടേക്ക് യാത്ര തുടങ്ങാം എന്ന് വ്യക്തമാക്കാനാണ് വ്യക്തി ദൈവ വിശ്വാസികൾ ആഗ്രഹിക്കുന്നത്. അത് അയ്യപ്പനിലൂടെ, ക്രിസ്തുവിലൂടെ, നബിയിലൂടെ വിഷ്ണുവിലൂടെ ഒക്കെ വിശ്വാസികൾ സദുദ്ദേശത്തോടെ ചെയ്തുവരുന്നു. ആ വിശ്വാസം തകർത്തെറിയാൻ സ്ഥാപിത താല്പര്യ സംരക്ഷകരായ ഭരണാധികാരികൾ ശ്രമിക്കരുത്. അധികാരികളെ അന്യായമായി സഹായിക്കാൻ കോടതിവിധികൾ കാരണമാക്കുന്നതും ആശാസ്യമല്ല.

(അവസാനിച്ചു)

റസാഖ്
9400854430



## സ്വർഗ്ഗത്തിന്റെ കാവൽഭടന്മാരുടെ ഓർമ്മയ്ക്ക്

**ഭൂ**മിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അത് കാശ്മീരാണെന്ന് തിരിച്ചറിഞ്ഞ സാമ്രാജ്യത്വ ഭീകരർ ആദ്യമായി അതിനെ വിഭജിച്ച് - ഭാരതാംബയുടെ ഹൃദയം പിളർന്നു...! ഒരമ്മതൻ മക്കളായിട്ടും വിഭജനത്തിന്റെ മുറിപ്പാടുകൾ കാശ്മീരിനെ ദൈവത്തിനും ചെകുത്താനുമായ് വിട്ടുകൊടുത്തു. തലയുയർത്തുനിൽക്കുന്ന മലമടക്കുകൾ സ്വർഗ്ഗത്തിന്റെ കവാടം കണക്കെ പരിപാവനമായ ഭൂമിയെ എത്ര ഭംഗിയിലാണ് പ്രകൃതി അണിയിച്ചൊരുക്കിയിട്ടുള്ളത്. മഞ്ഞ് മലകളാലും വശ്യ മനോഹരങ്ങളാലും തടാകങ്ങളാലും ജലസമൃദ്ധമായ നദികളാലും സുന്ദരമായ സ്വർഗ്ഗം അതാണ് കാശ്മീർ...

ഭൂമിയിലെ സ്വർഗ്ഗത്തിന് കാവൽക്കാരായി രാപ്പകലില്ലാതെ, ഇമ ചിമ്മാതെ മാതൃരാജ്യത്തെ സംരക്ഷിക്കാൻ വിധിക്കപ്പെട്ട അനേകം സൈനികർ മാറിമറയുന്ന ഋതുഭേദങ്ങളിലും അതിശൈത്യവും പ്രതികൂലകാലാവസ്ഥയും ശത്രുവിന്റെ ആക്രമണത്തേയും ചെറുത്ത് തോല്പ്പിച്ച് ഉറങ്ങാതിരിക്കുന്നതാണ് ഓരോ ഭാരതീയന്റേയും സുരക്ഷയ്ക്ക് നിതാനം. അതിസുരക്ഷയുള്ള പ്രദേശത്തിന്റെ പഴുതുകൾ കണ്ടുപിടിച്ച് ചാവേർ ആക്രമണത്തിലൂടെ ഇന്ത്യയുടെ ഹൃദയത്തിലേക്ക് നിറയൊഴിച്ചപ്പോൾ തീക്കട്ടയിൽ ഉറുമ്പരിച്ച സുരക്ഷാപാളിച്ച ഭാരതത്തിലെ 44 ഓളം ധീരജവാൻമാരുടെ ജീവനും അവരെ സ്നേഹിക്കുന്ന ജനങ്ങളുടേയും തീരാദുഃഖത്തിന് കാരണമായി. കേരളത്തിലെ കാശ്മീരിന് സമാനമായ വയനാടൻ കുന്നുകളുടെ പ്രവേശനകവാടമായ ലക്കിടിയിൽ ജനിച്ച് ധീരജവാൻ വസന്തകുമാർ ഓടിത്തീർത്ത യുദ്ധപാതയിൽ പുതിയ അംഗീകാരവും സ്ഥാനക്കയറ്റവും ഏറ്റുവാങ്ങി ശ്രീനഗറിൽ ചുമതലയേൽക്കുവാൻ പോകുന്ന വഴികളിൽ വച്ച് ചെകുത്താൻമാർ... ഭൂമിയുടെ സ്വർഗ്ഗത്തിന്റെ കാവൽഭടന്റെ ഹൃദയത്തിലേക്ക് പതിയിരുന്ന് ആക്രമിച്ച് ഉറ്റവർക്കും ഉടയവർക്കും ഒരുനോക്ക് കാണാൻ അവസാനയാത്രയിൽ പോലും കാണാൻ കഴിയാത്തവിധം മനുഷ്യത്വം മരവിപ്പിച്ച് ഇല്ലായ്മ ചെയ്തു...

*'അച്ഛനുറങ്ങിക്കിടക്കുന്നു നിശ്ചലം...*
*അച്ഛൻ*
*മരിച്ചാലുമുള്ളുമരിക്കുന്നതത്ര*
*കുഴപ്പമാണെന്നറിഞ്ഞില്ല ഞാൻ...*
*ഒന്നും മനസ്സിലായില്ലെനിക്കപ്പോഴും*
*ചന്ദനപമ്പരം തേടീ... നടന്നുഞാൻ..*
*ആത്മാവിൽ ഒരു ചിതയിൽ*
*വയലാർ പറയുന്നതുപോലെ*
*പറക്കമുറ്റാത്ത എത്രയെത്ര പിഞ്ചു*
*കുഞ്ഞുങ്ങളുടെ മനസ്സിൽ*
*ചിതയൊരുക്കുന്നവർ...'*

വയനാടിന്റെ മുത്തിന്റെ ധീരതയ്ക്കുമുമ്പിൽ ഒരായിരം അശ്രുപുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട്... ●

■ കഥ



ഉല്ലല ബാബു
9645267545, 9349793355

## പാമ്പും തവളയും

**പാ**മ്പും തവളയും സുഹൃത്തുക്കളായിരുന്നു. ഒരുദിവസം പാമ്പ് പറഞ്ഞു : "വല്ലാത്ത വിശപ്പ്. ഇന്ന് ഇരതേടാൻ പോയിട്ട് ഒന്നും കിട്ടിയില്ല."

"എനിക്കും നല്ല വിശപ്പുണ്ട്. ഒരു പ്രാണിയെപ്പോലും കിട്ടിയില്ല. അതെങ്ങനെയാ മനുഷ്യൻ വിഷം തളിച്ച് എല്ലാറ്റിനേയും കൊന്നില്ലേ." തവളയുടെ കണ്ണുകൾ നിറഞ്ഞു.

"ഞാൻ എന്തും സഹിയ്ക്കും. വിശപ്പ് മാത്രം സഹിയ്ക്കവയ്യ." പാമ്പ് വേദനയോടെ അറിയിച്ചു.

"എങ്കിൽ നീ എന്നെ തിന്നോളൂ." തവളയുടെ വാക്കുകളിൽ ത്യാഗത്തിന്റെ ഗന്ധം മുറ്റിനിന്നിരുന്നു.

"അപ്പോ നിന്റെ വിശപ്പിന് എന്തുചെയ്യും ?" പാമ്പിന്റെ സംശയം.

"പിന്നെ എനിക്ക് വിശപ്പേ അറിയേണ്ടല്ലോ." തവള നിസംഗയായി.

പാമ്പിന്റെ വയർ വീർത്തുവന്നു. ●

# നഗരപ്രാന്തങ്ങളിലെ തണലിടങ്ങൾ



രാജേന്ദ്രൻ വയല
9446377201

ഗ്രാമങ്ങൾ നഗരവിഭ്രമങ്ങളിലേയ്ക്ക് വേഷം മാറുന്നത് കൺചിമ്മുന്ന വേഗത്തിലാണ്. വാസ്തുശില്പമാതൃകയുടെ സമ്മോഹന കാഴ്ചകളായിരുന്ന വഴിയോരങ്ങളിലെ വാസഗേഹങ്ങളും പീടികകളും വലിയ കോൺക്രീറ്റ് എടുപ്പുകളാകുന്നു. അവിടെ ഷോപ്പിംഗ് 'മോളു'കളും സ്വകാര്യചികിത്സാലയങ്ങളും പേരുകൊണ്ടറിയാത്ത സ്ഥാപനങ്ങളും രൂപമെടുക്കുന്നു. ചില വേളകളിൽ ഗതാഗതം തടസ്സപ്പെടുകയും ചെവി തുളയ്ക്കുന്ന ശബ്ദവീചികൾ കൊണ്ടുള്ള പ്രകമ്പനങ്ങളിലകപ്പെടുകയും ചെയ്യുമ്പോളാണ് അവിടെയൊരു ബഹുനില സ്വർണ്ണവിൽപ്പനശാലയോ, സൂപ്പർമാർക്കറ്റോ, വസ്ത്രാലയമോ ഉദ്ഘാടനം ചെയ്യുന്നതായി അറിയുന്നത്. താരസാന്നിദ്ധ്യവും നാട മുറിക്കലും സമ്മാന നറുക്കെടുപ്പും ഒപ്പമുണ്ടാവും. കാണാനും കൈയ്യടിക്കാനും യുവജനസഞ്ചയവും ഉണ്ടാവും. നഷ്ടപ്പെട്ടുപോകുന്ന പ്രാചീന നിർമ്മിതികളും പേരറിയുന്നതും അറിയാത്തതുമായ എത്രയോ മരങ്ങളും തരുക്കളുമൊക്കെ ഒരു ചെറുകൂട്ടം മുതിർന്ന പൗരൻമാരുടെ ഓർമ്മയിൽ മാത്രം അവശേഷിക്കും. എന്നിട്ടും നഗരപ്രാന്തങ്ങൾക്കടുത്തും ഊടുവഴികൾക്കിടയിലും ചില 'പഴമയിടങ്ങൾ' ഇനിയും ബാക്കിയാവുന്നത് കണ്ടിട്ടില്ലേ ? ആൾത്താമസമില്ലാത്ത ചുറ്റും കാടുമൂടിയ വീടുകളും സ്ഥലികകളും പറമ്പിൽ പ്ലാവും, മാവും, പേരയും, പുളിയും പേഴും പുന്നയും ഒക്കെ ഞങ്ങളിപ്പോഴും ഇവിടെയുണ്ടെന്നറിയിച്ച് തലയുയർത്തിനിൽക്കും. വെട്ടും കിളയും നനയും വള പ്രയോഗവും ഉണ്ടാവുന്നില്ലെങ്കിലും ഇവയിലൊക്കെ കായും പൂക്കളും തെഴുത്തുനിൽക്കും. കിളികളുടേയും അണ്ണാർക്കണ്ണൻമാരുടേയും കീരികളുടേയും ശബ്ദവീചികൾക്കിടയിൽ ഈ പച്ചപ്പുകൾ കണ്ടുനിൽക്കുമ്പോൾ മനസ്സിലെ വരൾച്ച മാറി അവിടെ ഈറൻ നിറയും. കാലത്തിന്റെ സൂചികകൾ അവിടെ ഇടറിനിൽക്കുന്നതായി തോന്നും.

ഇങ്ങനെയുള്ള നഗരപ്രാന്തങ്ങളിലെ സ്ഫലികകൾ കാണാനായി മാത്രം ഞങ്ങൾ സമാനമനസ്കരായ ഒരുകൂട്ടം 'മുതിർന്ന പൗരൻമാർ' പുലർച്ചയ്ക്കും, വെയിലാറുന്ന നേരങ്ങളിലും നടന്നലയും. ഓരോരുത്തരും കണ്ടുവെച്ചതും ഇതുവരെ മറ്റുള്ളവർ കാണാത്തതുമായ പച്ചപ്പിടങ്ങൾ മറ്റുള്ളവരോട് പറയും. അടുത്താണെങ്കിൽ അപ്പോൾ തന്നെയോ അടുത്ത ദിവസമോ അത് കാണാൻ പോകും. കണ്ടുവച്ച പഴയിടങ്ങൾ പലതും പുതിയ നിർമ്മികളിലേക്ക് കൂടുമാറിക്കൊണ്ടിരിക്കും. അതുകാണാൻ നിൽക്കാതെ മറ്റൊരു തണലിടം തേടി ഞങ്ങൾ നടക്കും.

ഇനിയെത്രകാലമാവും ഇതുപോലെയുള്ള തണലിടങ്ങളുണ്ടാവുകയെന്ന് ഞങ്ങൾ സ്വകാര്യം പങ്കുവയ്ക്കും. തണലിടങ്ങൾ കാണാനെത്തും നമ്മളും – എന്ന് പറയാൻ തോന്നും. പറഞ്ഞില്ലെങ്കിലും ഓരോരുത്തരും മറ്റുള്ളവരുടെ വികാരവിചാരങ്ങളറിയും. തരുക്കളേയും വൃക്ഷങ്ങളേയും പറ്റിയുമുള്ള സ്വകാര്യ വിവരങ്ങൾ പങ്കുവയ്ക്കും.

പിന്നെ നാളെ കാണാമെന്ന് പറഞ്ഞ് ചാഞ്ഞുമറയുന്ന വെയിൽ തുണ്ടുകളെ ചവിട്ടി നടന്നുപോകും. പിറകിലെ പച്ചപ്പുകൾ മാത്രം അപ്പോഴും ഞങ്ങളെ നോക്കിനിൽക്കുന്നുണ്ടാവും.

●





നൗഷാദ് ഖാൻ
9846454199

# പൊതുവിജ്ഞാനം

1. മലമ്പുഴ റോക്ക് ഗാർഡന്റെ ശില്പിയാര് ?
ഉ. നേക്ക് ചന്ദ്

2. തിരുവിതാംകൂറിന്റെ ഝാൻസി റാണിയെന്ന് ഗാന്ധിജി വിശേഷിപ്പിച്ചതാരെ ?
ഉ. അക്കാമ ചെറിയാൻ

3. സർവ്വ വിദ്യാധിരാജൻ എന്ന പേരിൽ അറിയപ്പെടുന്ന സാമൂഹിക പരിഷ്കർത്താവ് ?
ഉ. ചട്ടമ്പിസ്വാമികൾ

4. ഉപ്പ് ഉൽപ്പാദനത്തിന് ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം ?
ഉ. ഗുജറാത്ത്

5. ഐക്യരാഷ്ട്ര സഭയ്ക്ക് ആ പേര് നിർദ്ദേശിച്ചതാര് ?
ഉ. റൂസ്വെൽറ്റ്

6. ലോകത്തിലേറ്റവും മൂല്യമേറിയ കറൻസി ?
ഉ. കുവൈത്ത് ദിനാർ


7. തന്റെ സർവ്വതും, തന്നെ തന്നെയും ശ്രീപത്മനാഭസ്വാമിക്ക് സമർപ്പിച്ച മാർത്താണ്ഡവർമ്മയുടെ പ്രവൃത്തി ?
ഉ. തൃപ്പടിദാനം.

8. കൈക്കൂലി വാങ്ങുന്നവരെ പിടികൂടാൻ കറൻസി നോട്ടുകളിൽ പുരട്ടുന്ന രാസവസ്തു ?
ഉ. ഫിനോഫ്താലിൻ.

9. മലയാളത്തിലെ രണ്ടാമത്തെ വർത്തമാനപത്രം ?
ഉ. പശ്ചിമോദയം.

10. മഹാദേവ് ദേശായിയുടെ മരണാനന്തരം ഗാന്ധിജിയുടെ സെക്രട്ടറി സ്ഥാനമേറ്റെടുത്തത് ആര് ?
ഉ. പ്യാരിലാൽ.

●





## എന്റെ അഭിനയ സ്മരണകൾ

ഭാഗം 26

മുക്കം ഭാസി
9846138693

# അരങ്ങിലൊരു കലാശക്കൊട്ട്

**ക**മ്മ്യൂണിസ്റ്റ് തത്വചിന്തകനായ സഖാവ് കെ. ദാമോദരന്റെ പാട്ടബാക്കി ആയിരിയ്ക്കുമോ ആദ്യത്തെ രാഷ്ട്രീയ നാടകം ? ആവാൻ സാധ്യതയുണ്ട്. 1936 ലോ മറ്റോ ആണ് ഇതിന്റെ ജനനം. അതിലഭിനയിച്ചവരാവട്ടെ കെ. ദാമോദരന്ന് പുറമെ സ. ഇ. എം. എസും., എ. കെ. ജി. യും മറ്റും !

ജന്മി കുടിയാൻ ബന്ധത്തിൽ ഒരു തരി മണ്ണിന്നവകാശമില്ലാത്ത പാവപ്പെട്ടവൻ അനുഭവിയ്ക്കേണ്ടിവരുന്ന ദുരന്തത്തിന്റെ ഒരു നേർക്കാഴ്ചയാണ് ഈ നാടകം. മണ്ണിൽ പണിയെടുത്ത് അതിന്റെ സിംഹഭാഗവും ജന്മിയ്ക്ക് അടിയറ വെച്ച് പട്ടിണിയും പരിവെട്ടവുമായി കഴിയേണ്ടിവരുന്ന കർഷകരുടേയും കർഷക തൊഴിലാളികളുടേയും കരളലിയിയ്ക്കുന്ന കദനകഥ. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും സംഹാരതാണ്ഡവമാടുന്ന ഒരു കാലഘട്ടത്തിന്റെ ചരിത്ര കഥ. അതിന്നെതിരായി സമരം ചെയ്ത് അടിയും ഇടിയും കൊണ്ട് ജയിൽവാസം അനുഭവിയ്ക്കേണ്ടി വരുന്നു. വിപ്ലവകാരികളുടെ കഥ ! സ്ഥിതി സമത്വം സ്വപ്നം കണ്ട് നെടുവീർപ്പിടുന്ന ഒരു സമൂഹത്തിന്റെ കഥ. ഇന്ന് നാമൊക്കെ അനുഭവിയ്ക്കുന്ന സ്വാതന്ത്ര്യത്തിന്റെയും സ്ഥിതിസമത്വത്തിന്റേയും ഒരു പരിധി വരെയുള്ള സാമൂഹ്യചുറ്റുപാടുകൾ സൃഷ്ടിച്ച ഒരു സംഘം യുവാക്കളുടേയും ചോര ചിന്തിയ കഥ. അതെ, അതാണ് പാട്ടബാക്കി.

സംബന്ധവും, സദ്യയും, വ്യവഹാരവുമായിക്കഴിയുന്ന ബ്രാഹ്മണ്യജന്മിത്വത്തിനെ തീറ്റിപോറ്റി ചേറിൽ ജീവിതം മുക്കിക്കൊല്ലുന്ന അടിസ്ഥാനവർഗ്ഗത്തിന്റെ കഥ അവശ്വസനീയമാണെന്നുതോന്നാം. എന്നാൽ അതൊക്കെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളാണ്. ചരിത്ര സത്യങ്ങൾ !!

പോട്ടെ, ഭൂതകാലത്തെ ചവറ്റുകൊട്ടയിലേയ്ക്ക് ചുരുട്ടിയെറിയുന്നവരാണല്ലോ നാം. എല്ലാം മറക്കുന്ന സ്വപ്നജീവികൾ ! ഒരു പാവപ്പെട്ട കുടുംബത്തെ കുടിയിറക്കുന്നതിന്റേയും കാര്യസ്ഥൻ എന്ന ശിങ്കിടിയുടേയും ജന്മിതമ്പുരാന്റെയും ഉപജാലങ്ങളുടെ കഥ പറയുന്നു പാട്ടബാക്കി. കൂടെ ചെറുത്തുനിൽപ്പിന്റേയും. അരനൂറ്റാണ്ടിലധികം ശേഷം, വർഷത്തിന്ന് മാവൂർ നവധാര തിയേറ്റേഴ്സ് ഈ നാടകം അരങ്ങിലെത്തിയ്ക്കുന്നു. കിസാൻ സഭയുടെ അഖിലേന്ത്യാ സമ്മേളനം കോഴിക്കോട് മുതലക്കുള മൈതാനിയിൽ നടക്കുന്നതിന്റെ ഭാഗമായി പാട്ടബാക്കി എന്ന നാടകവും അരങ്ങേറുകയാണ്.

നാടകകൃത്തും നടനും രാഷ്ട്രീയപ്രവർത്തകനും ഒക്കെയായ മാവൂർ വിജയനാണ് സംവിധായകൻ. വിജയന്റെ അഭ്യർത്ഥനയനുസരിച്ച് ഞാനും ഈ നാടകത്തിന്റെ ഭാഗമായി. സുഖലോലുപനും, സുന്ദരവിഡ്ഢിയുമായ ജന്മിയുടെ വേഷമായിരുന്നു എനിയ്ക്ക്. കഴുത്തിൽ സ്വർണ്ണമാല. വിരലുകളിൽ സ്വർണ്ണമോതിരങ്ങൾ. കസവുമുണ്ട്; കസവ് വേഷ്ടി കഴുത്തിൽ രുദ്രാക്ഷമാല കൂടി. കൈയിൽ വിശറി. മുറുക്കാൻ ചെല്ലം. അരികെ കോളാമ്പി. മുറുക്കിത്തുപ്പാനാവുമ്പോൾ കാര്യസ്ഥൻ രാമൻ കോളാമ്പി ഉയർത്തി കൊടുക്കും. വിനീതവിധേയൻ. ജന്മി എന്ത് വിഡ്ഢിത്വം പറഞ്ഞാലും രാമൻ അത് ശരിവെയ്ക്കും. തലമുടി ഒരുവശത്തേയ്ക്ക് കെട്ടിവെച്ചിട്ടുണ്ട്. വെള്ളിപ്പിടിയുള്ള ഒരു വാക്കിങ്ങ് സ്റ്റിക്കും. ആകെക്കൂടി ഒരു സൂരിനമ്പൂതിരിപ്പാട് !

ഈ വേഷത്തോട് എനിയ്ക്ക് തന്നെ ഒരു മതിപ്പ് തോന്നി. മേക്കപ്പ് ചെയ്ത് ഗ്രീൻ റൂമിലിരിയ്ക്കുമ്പോൾ ചില ബംഗാളി പ്രതിനിധികൾ പരിചയപ്പെടാൻ വന്നു. എന്റെ വേഷവിധാനങ്ങൾ അവർക്ക് 'ക്ഷ' പിടിച്ചു. അവർ ചിരിച്ചുകൊണ്ട് ചോദിച്ചു, "കോൻ ഹെ ?" എന്റെ അടുത്തുള്ള നടൻ പറഞ്ഞു – "ജന്മി."

"ക്യാ... ജന്മി ?"

ഉടനെ ഞാൻ മറുപടി കൊടുത്തു – "സെമിന്ദാർ ഹെ !"

"അച്ചാ..."

അവർക്ക് സന്തോഷമായി. അവർ കൈപിടിച്ച് കുലുക്കി സ്ഥലം വിട്ടു. എന്റെ കാര്യസ്ഥൻ രാമനായി അഭിനയിച്ചത് പ്രശസ്ത നടൻ ആർ. ഗോപിനാഥായിരുന്നു. സിനിമാ, സീരിയൽ നടനും കൂടിയാണദ്ദേഹം. രംഗത്ത് ചില പൊടിക്കൈകൾ ഞങ്ങളുപയോഗിയ്ക്കും. ഓച്ഛാനിച്ച് നിൽക്കുന്ന രാമനോട് ജന്മി പറയും. "ട്ട്ലോ... രാമാ... രാമനിപ്പം വ്യ്യൽ പത്തി കൂടി വരുന്നുണ്ട്. ഇല്ലേ... ഉ

വ്വോ ?"

"ഓൻ, അടിയനും അത് തോന്നാറുണ്ടേ !"

"ങ ! ങ ! ബഹുവിശേഷായിട്ട്വോ... ന്നാലെ രാമ... മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം ! ന്താ... മനസ്സിലായോ തനിയ്ക്ക് ?"

"ഓൻ... അടിയന് അത് അങ്ങട്ട് ശരിയ്ക്ക് മനസ്സിലാവണല്യ..."

"ശുംഭൻ... ന്നാൽ കേട്ടോളൂ... നമ്മെ പോലുള്ള മഹാന്മാരുടെ സംസർഗ്ഗം ഉണ്ടായാൽ ഏത് ഏഭ്യനും വ്യുൽപത്തി കൂടും എന്ന് സാരം."

"ഓൻ... അടിയന് മനസ്സിലാവണണ്ടേ..."

ഇത്തരം നുറുങ്ങുകൾ ഞങ്ങൾ രണ്ടുപേരും കൂടി പ്രയോഗിയ്ക്കും. ഇത് കൂടാതെ കാലോചിതമായ ചില പരിഷ്ക്കാരങ്ങളും സംവിധായകൻ വരുത്തിയിരുന്നു നാടകത്തിൽ. നാടകത്തിൽ വേഷമിട്ടവരെല്ലാം അറിയപ്പെടുന്ന നടീനടന്മാർ തന്നെയായിരുന്നു. എന്നെ കൂടാതെ മെട്രോ, ആർ. ഗോപിനാഥ്, എം. കെ. നമ്പ്യാർ, അശോകൻ മാഷ്, ചൂലൂർ സുധാകരൻ, ബിജു, മോഹനൻ, മാവൂർ വിജയൻ, അംബുജം സുരാസു, സാവിത്രി ശ്രീധരൻ, വിലാസിനി മുതൽ പേർ.

മോഹനൻ എന്ന ചെറുപ്പക്കാരനെ അന്നാണ് ഞാൻ പരിചയപ്പെടുന്നത്. ചടുലതയുടെ പര്യായം. എവിടേയും മോഹനുണ്ട്. മേക്കപ്പിന്, രംഗസജ്ജീകരണത്തിന് എന്നുവേണ്ട നാടകത്തിന്റെ വിജയത്തിനുള്ള ഓരോ സൂക്ഷ്മ തലങ്ങളിലും മോഹനന്റെ ശ്രദ്ധയും കൈയൊപ്പുമുണ്ടാവും.

കെ. ജി. പി. ടി. എ. എന്ന പ്രബലമായ അധ്യാപകസംഘടനയുടെ (ഇപ്പോൾ കെ. എസ്. ടി. എ. ആയി രൂപാന്തരപ്പെട്ടു) സംസ്ഥാനവനിതാ നേതാവായിരുന്ന യശോദ ടീച്ചറുടെ ഇളയപുത്രനാണ് മോഹനൻ. മോഹനനെ കൂടാതെ മറ്റു മൂന്നു പുത്രന്മാരും കൂടിയുണ്ട് ടീച്ചർക്ക്. ഒരു ബാങ്ക് ഉദ്യോഗസ്ഥൻ, ഒരു ഡോക്ടർ, ഒരു ഗ്വോളിയോർ ജീവനക്കാരൻ. ടീച്ചറേയും ഒരു മകനേയും എനിയ്ക്ക് നല്ല പരിചയമാണ്.

മേക്കപ്പിടുമ്പോൾ മോഹനൻ എന്നോട് ചോദിച്ചു - "ഭാസി മാഷെ കഴുത്തിൽ ഒരു സ്വർണ്ണ ചെയിൻ വേണ്ടേ ?"

"ആവാം." എന്റെ മറുപടി. ഉടൻ മോഹനൻ തന്റെ കഴുത്തിലുണ്ടായിരുന്ന ചെയിൻ ഊരി എന്റെ കഴുത്തിലിട്ടു. മുതലക്കുളം മൈതാനിയിൽ നാടകം ഞങ്ങൾ പൊടിപൊടിച്ചു. പൂർണ്ണ സംതൃപ്തിയോടെ നാടകവാനിൽ ഞങ്ങൾ വീട്ടിലേയ്ക്ക് മടങ്ങി. എന്റെ കഴുത്തിലണിഞ്ഞ ചെയിൻ മോഹനന് കൊടുക്കാൻ മറന്നു. മോഹനനൊട്ട് ചോദിച്ചതുമില്ല. ഒരാഴ്ച കഴിഞ്ഞു. ഓ... ഇത് മുക്കുപണ്ടമായിരിയ്ക്കും ഞാൻ കരുതി. അതുകൊണ്ട് അലക്ഷ്യമായി ഞാനത് അകത്തെ മേശപ്പുറത്ത് വെച്ചു. ഭദ്രമായി സൂക്ഷിച്ചില്ല. ഒരാഴ്ച കഴിഞ്ഞപ്പോൾ അതാ വരുന്നു മോഹനൻ ചിരിച്ചുകൊണ്ട്. "ഭാസി മാഷെ... എന്റെ ചെയിൻ." അൽപ്പമൊന്ന് പരിഭ്രമിച്ച് ഞാനകത്ത് ചെന്ന് മേശപ്പുറത്ത് നോക്കിയപ്പോൾ ഭാഗ്യം, ചെയിനവിടെ തന്നെയുണ്ട്.

ചെയിനുമായി ഞാൻ മോഹനനെ സമീപിച്ചപ്പോൾ മോഹനൻ പറയുകയാണ് "ഭാസി മാഷെ, ഇത് എന്റെ വിവാഹ സമയത്ത് വധു എന്നെ അണിയിച്ചതാണ്. ഒരഞ്ചു പവൻ കാണും." എന്റെ വയറൊന്ന് കാളി. മുക്കുപണ്ടമാണെന്ന് കരുതി അലക്ഷ്യമായി ഞാനതിനെ കൈകാര്യം ചെയ്തതിൽ എനിയ്ക്ക് കുറ്റബോധം തോന്നി. അതായിരുന്നു മോഹനൻ.

ഏതാനും ദിവസത്തെ പരിചയം മാത്രമുള്ള എന്നിൽ അർപ്പിച്ച വിശ്വാസം. ഈ നാടകം ഒട്ടനവധി സ്റ്റേജുകളിൽ ഞങ്ങളവതരിപ്പിച്ചു. അതൊരു പ്രൊഫഷണൽ സ്റ്റൈലിലേയ്ക്ക് മാറിയപ്പോൾ സത്യം പറഞ്ഞാൽ എനിയ്ക്ക് മടുത്തു. തനിയാവർത്തനം.

പുതുമയുള്ള ആശയങ്ങളും പുതിയ അവതരണരീതികളും ഉണ്ടായാലെ കലാകാരൻ എന്ന നിലയ്ക്ക് ഒരു ത്രില്ലുണ്ടാവൂ. എന്തോ, പൂട്ടിയ ചാലിൽ കൂടി വീണ്ടും പൂട്ടുന്നത് ഒരു വിരസതയാണല്ലോ. കേട്ടിരിയ്ക്കും നിങ്ങളൊരു ദുരന്തത്തെപ്പറ്റി. ഒരു ബസ്സപകടത്തെപ്പറ്റി. ഗുരുവായൂരിൽ നിന്ന് തിരിച്ചുവരുന്ന ഒരു ബസ്സിന്ന് തീപിടിച്ച് അതിലെ യാത്രക്കാർ മുഴുവൻ കത്തിക്കരിഞ്ഞ കഥ. കൂക്കിപ്പറമ്പ് ബസ്സപകടം. ഈ അപകടത്തിൽ മോഹനനും ഭാര്യയും കുട്ടിയും മറ്റൊരു ബന്ധുവായ കുട്ടിയും ഉണ്ടായിരുന്നു. ഒരേ സീറ്റിലിരുന്ന അവർ നാലുപേരും കത്തിക്കരിഞ്ഞു കരിക്കട്ടയായി! വിധിയുടെ വിളയാട്ടം !!

മോഹനനെ തിരിച്ചറിഞ്ഞത് വിരലിലണിഞ്ഞ വിവാഹമോതിരത്തിലൂടെയാണ്. ഇന്നും ഞങ്ങളുടെയെല്ലാം മനസ്സിലെ കെടാത്ത ഒരു ചിതയായി അത് എരിഞ്ഞുകൊണ്ടിരിയ്ക്കുന്നു. ഇല്ല, പിന്നീട് ഞാൻ സ്റ്റേജ് നാടകത്തിൽ അഭിനയിച്ചിട്ടില്ല.

(തുടരും)

## മിനികവിതകൾ

**ഷാനവാസ് കുലുക്കല്ലൂർ**
**9745843010**

### കാലം

വിരൽത്തുമ്പുരാക്കഥ
പറയുന്നു
പുതുകാലവലക്കണ്ണികൾ

### വിശപ്പ്

അരച്ചാൺ വയറിനുമുന്നിൽ
അരദിവസത്തെ
അദ്ധ്വാന വില തലയുയർത്തി

### സൗന്ദര്യം

യുവത്വം സൗന്ദര്യമാണെങ്കിൽ
വാർദ്ധക്യം വൈകൃതമാണ്.
വശ്യത മങ്ങി തൊലിയുടെ
പിൻവാങ്ങൽ.

### യൗവ്വനം

കാലം എല്ലാം നശിപ്പിക്കുന്നു
യൗവ്വനത്തെ ഊറ്റിക്കുടിച്ച്
ചണ്ടിയാക്കി,
വാർദ്ധക്യത്തിലേക്കുള്ള യാത്ര.

# ദേവഭൂമിയിലെ ദേവദാരുക്കൾ
## യാത്രാവിവരണം (ഭാഗം 10)

# ബദരീനാഥന്റെ മണ്ണിൽ...



**ഈശ്വർകുമാർ തരവത്ത്**
**9946655277**

**പു**ലർച്ചെതന്നെ എഴുന്നേറ്റു. കിട്ടിയ കട്ടൻ കാപ്പിയുമായി പരിസരത്തൊന്നു കറങ്ങി. സൂര്യോദയത്തെ മറയ്ക്കുന്ന കൂറ്റൻ കരിങ്കൽ മലയുടെ കീഴെ അളകനന്ദ സാവധാനമൊഴുകുന്നു. അകലെ നിന്നോടിവരുന്ന മൂടൽമഞ്ഞ് കാഴ്ച്ചകളെ മറച്ച്, നിമിഷാർദ്ധത്തിൽ അകലേക്കുതന്നെ ഓടിമറയുന്നു. മഞ്ഞിനും തണുപ്പിനുമിടയിലെ ഇരുണ്ട അന്തരീക്ഷത്തിലും, ചുറ്റുമുള്ള കാഴ്ച്ചകൾ മനോഹരമായിത്തന്നെ തോന്നി.

സിനിമകളിലും ചിത്രങ്ങളിലും മാത്രം കണ്ടിട്ടുള്ള ഹിമമേലാപ്പുകളേയും ഹൈമശിഖരങ്ങളേയും ആശ്ചര്യത്തോടെ നോക്കിനിന്നു. സ്വന്തം പരിമിതികളേയും നിസ്സാരതകളേയും ഓർത്തുകൊണ്ട് തന്നെ... കാൽപനിക ഭംഗിയിലേക്ക് കണ്ണയച്ചു നിന്നപ്പോൾ, ദേവീദേവൻമാർ ഈ ഋതുഭൂമികയിൽ നടത്തിയ പ്രണയസല്ലാപങ്ങളിൽ അരോചകത്വമൊന്നുമില്ലെന്നു തോന്നിപ്പോയി... ആഗ്രഹങ്ങളോടുള്ള മമത മാത്രമല്ല, അവയോടുള്ള സമീപനവും അതുപോലെ പ്രധാനമാണല്ലോ ?

അതിഥിമന്ദിരങ്ങളും ആശ്രമങ്ങളുമായി കുറച്ചൊക്കെ താമസ സൗകര്യങ്ങൾ ഇപ്പോൾ ഇവിടെയുണ്ട്. പൊതുമരാമത്തുവകുപ്പിന്റെ ഒരു പരിശോധനാ ബംഗ്ലാവും കണ്ടു. കലിയുഗത്തിന്റെ തുടക്കത്തിൽ നിർമ്മിക്കപ്പെട്ടതെന്നുപറയുന്ന ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ, സാളഗ്രാമത്തിൽ നിർമ്മിച്ചെടുത്ത വിഷ്ണുവാണ്...! ഒരു തീർത്ഥയാത്ര പൂർത്തീകരിക്കണമെങ്കിൽ ബദരീദർശനം സഫലീകരിക്കണമെന്ന് പറഞ്ഞുകേൾക്കാറുള്ളത് ഞാനോർത്തു... പകൽവെളിച്ചം പരന്നതോടെ, മഞ്ഞ് ചുറ്റുമുള്ള നരനാരായണ മലനിരകളിലേക്ക് കയറിത്തുടങ്ങി...

പെട്ടെന്ന് അതുവരെ കാണാത്ത ഒരു വെളുത്ത കൊടുമുടി ഞങ്ങളുടെ കാഴ്ചയിലേക്ക് കയറി വന്നു... ഉദയസൂര്യന്റെ വെൺവെളിച്ചം തട്ടിത്തിളങ്ങുന്ന ഈ കൊടുമുടി ഇതുവരെ എവിടെയായിരുന്നു...? ഏതാനും നിമിഷങ്ങൾ മാത്രം... അത് ചക്രവാളത്തിനുമേലുള്ള മേഘക്കീറുകൾക്കുള്ളിലേക്കോടിയൊളിച്ചു. അപ്പോഴതാ അതിനും മുകളിലായി പ്രപഞ്ചപ്രതിഷ്ഠ പോലെ, ഇരുപത്തൊന്നായിരത്തിലധികം അടി ഉയരത്തിൽ തലയുയർത്തി നിൽക്കുന്നു നീലകണ്ഠപർവ്വതം...! തീർത്ഥാടകരുടെ സായൂജ്യം...!

തെളിഞ്ഞ ഉദയാസ്തമയങ്ങളിൽ കറുപ്പും വെളുപ്പും നീലയുമായി വ്യത്യസ്തനിറങ്ങളിൽ ഇതിനെ കാണാൻ കഴിയുമത്രെ...! അളവിലും കവിഞ്ഞുള്ള അളകനന്ദയുടെ ആരവങ്ങൾ അടുത്തുനിന്നു കേൾക്കാം... ഇതിലെ 'തപ്തകുണ്ഡ്' എന്ന ചൂടുവെള്ള പ്രവാഹവും, 'നാരദ കുണ്ഡ്' എന്ന ശീതജല പ്രവാഹവും പവിത്രമെന്നുപറയുന്ന രണ്ടു കുളിക്കടവുകളാണ്. ഉൾക്കാടുകളിലെ ഉഷ്ണവാഹിനികളിൽ നിന്ന്, കരിങ്കൽ പാത്തികളിലൂടെ ചൂടുവെള്ളം ഇവിടെയെത്തിച്ച്, തണുത്ത ജലധാരയിലെ വെള്ളത്തോടുകലർത്തി ഉപയോഗിക്കപ്പെടുന്നു. പെണ്ണുങ്ങൾക്കും ആണുങ്ങൾക്കും വെവ്വേറെ കടവുകളുള്ള സ്നാനഘട്ടിലെ മുങ്ങിക്കുളി ഒരു അനുഭൂതി തന്നെയാണ്. പരിപാലനമെന്നാൽ ഒരുതരം പകരലും പരിശീലിപ്പിക്കലും കൂടിയാണല്ലോ.

സൂര്യോദയത്തിനുമുമ്പുതന്നെ ഇവിടെ നട തുറക്കും. നിർമ്മാല്യശുദ്ധിക്കുശേഷം തപ്തകുണ്ഡിലെ ജലം കൊണ്ട് ആദ്യാഭിഷേകം. തുടർന്ന് പാല്, തൈര്, തേന്, പനിനീർ, പൂക്കൾ എന്നിവകൊണ്ടുള്ള അഭിഷേകങ്ങൾ... ചാർത്തിയ പട്ടും കളഭവും വിശേഷ പ്രസാദങ്ങൾ ! പൂജാ സാധനങ്ങൾ നിറച്ച കൊട്ടകൾ വിൽപ്പനക്കായി അമ്പലമുറ്റത്ത് നിരത്തിവെച്ചിരിക്കുന്നു.

പ്രാഭാതം പൊട്ടിവിടരുന്നതിന് മുമ്പായിത്തന്നെ, കുളി കഴിഞ്ഞ ഞങ്ങൾ അമ്പലനടയിലെത്തി. പ്രധാന കവാടത്തിൽ വലിയൊരു കുടമണി തൂങ്ങുന്നുണ്ട്. വഴിപാടുകൾക്ക് വരിവരിയായി ഭക്തജനങ്ങൾ... നിലയ്ക്കാത്ത സ്തുതിഗീതങ്ങളും മണിയൊച്ചകളും. ശ്രീമണ്ഡപത്തിനുമുന്നിലുള്ള ദർശന വേദിയിൽ തൊഴുകൈകളോടെ ഞാൻ നിന്നു. നിറമനസ്സോടെ നിൽക്കുന്നതുകൊണ്ടാകാം, പ്രത്യേകം പ്രാർത്ഥിക്കാനൊന്നുമുണ്ടായിരുന്നില്ല. അനുകൂല സാഹചര്യങ്ങളിലും അപകടസമയങ്ങളിലുമാണല്ലോ സാധാരണ കണ്ണടച്ച് കൈകൂപ്പി കാണാറുള്ളത്. ആവശ്യങ്ങളേയും അനാവശ്യങ്ങളേയും വേർതിരിച്ചറിയുന്നേടത്തല്ലേ, യഥാർത്ഥ പ്രാർത്ഥനയുടെ സാംഗത്യമുള്ളത്... ?

ഞാൻ നിൽക്കുന്ന വേദിയുടെ ഏതു കോണിൽനിന്നുനോക്കിയാലും ബദരീനാഥിനെ കാണാം. അഭിഷേകത്തിനുശേഷം പൂമാലകൾകൊണ്ട് അലങ്കരിക്കുന്നു. പിന്നീട് നിവേദ്യപൂജ. അവസാനം ആരതി. പൂജാരി തന്ന പാൽപ്പായസം അകത്തും പുറത്തും മധുരമേകി. പൂജ കഴിഞ്ഞ് പുറത്തുവന്ന ഞാൻ, കാഴ്ചകൾ കണ്ടുമതിവരാതെ ചുറ്റിലും നോക്കിനിന്നു. തലയുയർത്തിനിൽക്കുന്ന കൊടുമുടികൾ മടിയിൽ ചേർത്തുപിടിക്കും പോലെ. ഹിമാലയദർശനം ഭാഗ്യവാൻമാർക്കുലഭിക്കുന്ന വരമാണത്രെ...! അതിൽ പതിയുന്ന

കാലടികളിൽ, സ്വന്തം നിസ്സാരതയെ ബോധ്യപ്പെട്ട്, തൃപ്തിയോടെ മടങ്ങിപ്പോരേണ്ട ഭാഗ്യവാൻമാർ... ഈ യാത്രയിൽ ഉള്ളിലെ പലതരം പക്വതയില്ലായ്മകളും ചോർന്നുപോകും. പ്രകൃതിയുടെ പൂർണ്ണതക്കുമുന്നിൽ പഞ്ചപുച്ഛമടക്കും. പ്രകൃതിയുടെ സ്ഥാനത്ത് ചിലർക്ക് പ്രപഞ്ചനാഥനാവാമെന്ന് മാത്രം.

താഴെ അളകനന്ദ ശാന്തമായൊഴുകുന്നു. കുറച്ചകലെയായി അളകയും ഋഷഗംഗയും ചേരുന്ന സ്ഥാനത്ത്, പിതൃക്കൾക്ക് ശ്രാദ്ധബലി ചെയ്യാൻ ബ്രഹ്മകപാൽ എന്ന തീരം. ജീവിച്ചിരിക്കുന്നവർ ജീവിച്ചുതീർന്നവർക്കായി വിരുന്നൂട്ടുന്ന തീരം. ഓർമ്മകളും ഓർക്കേണ്ടവരും തമ്മിൽ സംവദിക്കുന്ന തീരം. അമ്മയും അച്ഛനുമടക്കം ഓർമ്മയിലുള്ളതും ഇല്ലാത്തതുമായ സകലർക്കുമായി കൈക്കുമ്പിളിൽ വെള്ളമെടുത്ത് ഞാൻ തർപ്പണം ചെയ്തു. ആകാശങ്ങൾക്കപ്പുറത്തെ ആത്മാക്കൾക്കായി...

ധാരാളം പേർ ബലികർമ്മങ്ങൾക്കായി അങ്ങോട്ടേക്കു പോകുന്നതുകണ്ടു. തെളിഞ്ഞ അന്തരീക്ഷത്തിലും തണുപ്പിന് കുറവില്ല. ഷാൾ കൊണ്ട് ശരീരം മൂടി കുടീരത്തേക്കു മടങ്ങി. കമ്പിളിക്കുള്ളിൽ കയറി, ഡയറിയെടുത്ത് ചിലത് കുറിച്ചുവെക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ശരീരത്തിനൊപ്പം ബുദ്ധിയും മരവിച്ചിരിക്കുന്നു.

ഇവിടത്തെ പ്രധാന പൂജാരി റാവൽജി എന്ന പേരിലാണ് അറിയപ്പെടുന്നത്. ആദിശങ്കരന്റെ കാലം തൊട്ട് പയ്യന്നൂരിലെ ഒരു നമ്പൂതിരി കുടുംബത്തിനാണ് ആ അവകാശം കൽപ്പിക്കപ്പെട്ടിരിക്കുന്നത്. തെഹ്രി ഗഢ്വാളിലെ രാജാവും സർക്കാർ നിയന്ത്രണത്തിലുള്ള കമ്മിറ്റിയും ചേർന്ന് അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നു. ശ്രീ ബദരീപ്രസാദാണ് ഇപ്പോഴത്തെ റാവൽജി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം ഗുരുകുല സമ്പ്രദായത്തിൽ വേദങ്ങളും പൂജാവിധികളും പഠിച്ച്, 1994-ൽ ചെറിയ റാവൽജിയായും, 2002-ൽ പ്രധാന റാവൽജിയായും അവരോധിക്കപ്പെട്ടു. ഒപ്പം നാലഞ്ചു സഹായികളുമുണ്ട്.

ചതുർധാമ ക്ഷേത്രങ്ങളിലെ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ ഉച്ച പൂജ പതിവുണ്ട്. അർച്ചനയ്ക്കുശേഷം വേവിച്ച ധാന്യങ്ങൾ, മധുര പലഹാരങ്ങൾ, പായസം എന്നിവ നിവേദിക്കുന്നു. ഉച്ച പൂജയ്ക്ക് ഇവിടെ കൂടുതൽ തിരക്കു തോന്നി. സാധാരണയായി രാവിലെ ആറുമണി മുതൽ ഉച്ചവരേയും വൈകീട്ട് അഞ്ചുമുതൽ എട്ടുവരേയുമാണ് ദർശനസമയം. തിരക്കുള്ളപ്പോൾ അൽപ്പസ്വൽപ്പം കൂടാറുമുണ്ട്.

തണുപ്പുകാലത്തിന്റെ തുടക്കത്തിൽ പരമ്പരാഗതമായ ചില ചടങ്ങുകൾക്കുശേഷം, നടയടച്ചു റാവൽജിയും സംഘവും ജോഷിമഠിലേക്കു മലയിറക്കുന്നു. തെഹിരി ഗഢ്വാൾ രാജാവിന്റെ നിർദ്ദേശപ്രകാരം ഏപ്രിൽ അവസാനമോ മെയ് ആദ്യമോ തിരികെവന്ന് നടതുറക്കും. ഈ ആറുമാസക്കാലം ശ്രീകോവിലിനകത്ത് 'അഖണ്ഡജ്യോതി' യെന്ന കെടാവിളക്കെരിഞ്ഞുകൊണ്ടിരിക്കും.

ബദരിയുടെ മലഞ്ചെരിവുകളിൽ മലയിടിച്ചിലുകളും തണുപ്പും വകവെക്കാതെ, ധാരാളംപേർ ധ്യാന നിർവ്വഹണത്തിനായി വരാറുണ്ടെന്ന് റാവൽജി പറഞ്ഞു. വെള്ളത്തിന് ആകൃതിയില്ലല്ലോ. അത് ഏതിൽ ഉൾക്കൊള്ളുന്നുവോ അതിന്റെ ആകൃതി സ്വയം സ്വീകരിക്കുകയല്ലെ ചെയ്യുക...? താഴെ താഴ്വരകളിൽ ബദരീ ക്ഷേത്രത്തിന്റെ അധീനതയിൽ കുറേയേറെ കൃഷിയിടങ്ങളുണ്ട്. ഈ വിളവുകൾ, വിദ്യാലയങ്ങളുടേയും ആശുപത്രികളുടേയും ചെറിയ മറ്റു ചില ആരാധനാലയങ്ങളുടേയും നടത്തിപ്പിനായി ഉപയോഗിക്കപ്പെട്ടുവരുന്നു. കേദാർനാഥിൽ ഒരു ആയുർവേദ ഗവേഷണകേന്ദ്രവും രുദ്ര പ്രയാഗിലും ഊഖിമഠിലും വേദവിദ്യാലയങ്ങളും റാവൽജിയുടെ മേൽനോട്ടത്തിൽ നടത്തിവരുന്നുണ്ടെന്നുപറഞ്ഞു.

വിത്തിന്റേയും വിയർപ്പിന്റേയും വേഷപ്പകർച്ച, ഇവിടെ വിളവിന്റേയും വിശ്വാസത്തിന്റേതുകൂടിയാകുന്നു. സന്തോഷം തോന്നി. ഞങ്ങൾ റാവൽജിയെ പരിചയപ്പെട്ടു. നിഷ്ക്കളങ്ക ഭാവവും തുറന്ന പെരുമാറ്റവും. ആത്മാർത്ഥവും കൃത്യവുമായ വാക്കുകൾ. ചെറുവയസ്സിലും ഭൗതീകതകൾക്കൊപ്പം തന്നെ ആദ്ധ്യാത്മിക അറിവുകളും നേടിയിരിക്കുന്നു. ഋതുഭേദങ്ങളിലെ സാമ്യതകൾക്കിടയിലും ഹിമവൽ ക്ഷേത്രങ്ങളുടെ സ്ഥായീഭാവങ്ങളിൽ വ്യത്യസ്തത നിഴലിച്ചുകാണുന്നുണ്ട്.

ഒരാൾ എന്ത് തെരഞ്ഞെടുക്കുന്നുവെന്നത്, എന്തിനോടാണ് അയാളുടെ താൽപ്പര്യമെന്നതിനേയും, അതിൽനിന്ന് എത്രമാത്രം ശേഖരിച്ചെടുത്തിരിക്കുന്നുവെന്നത് അയാളുടെ ആത്മബോധത്തേയുമാണത്രെ ആശ്രയിച്ചിരിക്കുക. ബദരിയെക്കുറിച്ചു പറഞ്ഞുകേട്ട കുറേ ഐതിഹ്യങ്ങൾക്കും വിശ്വാസങ്ങൾക്കുമുപരിയായി എന്നെ ആകർഷിച്ചത്, ആദിശങ്കരനുമായി പറഞ്ഞുവരുന്ന ഈ ക്ഷേത്രബന്ധത്തെയാണ്. ഇപ്പോഴത്തെ പൂജാവിധികളെല്ലാം എട്ടാം ശതകത്തിൽ അദ്ദേഹം ചിട്ടപ്പെടുത്തിയതാണത്രെ. ഭാരതത്തിന്റെ നാലു ഭാഗങ്ങളിലായി അദ്ദേഹം സ്ഥാപിച്ച നാലു മഠങ്ങളിൽ, മലയാള ബ്രാഹ്മണർ ബദരിയിലും, കാശി - കാഷ്മീർ - നേപ്പാൾ - മഹാരാഷ്ട്രങ്ങളിലെ ജോഷിമാർ രാമേശ്വരത്തും, ഒറീസയിലെ ചൊബേയാംഗങ്ങൾ ദ്വാരകയിലും, ഗുജറാത്തിലെ പാണ്ഡകൾ പുരിയിലും പൂജാരികളാകണമെന്ന അദ്ദേഹത്തിന്റെ നിഗമനം, അന്ന് നിലനിന്ന സാംസ്കാരിക മൂല്യച്യുതികൾക്കെതിരെയുള്ള വിരൽ ചൂണ്ടലുകളായി കാണേണ്ടിവരുന്നു.

അവതാരമാകേണ്ടത് ജൻമത്തിലൂടെയല്ല, കർമ്മത്തിലൂടെയാണ്. വിവരം വിവേകത്തിന് വഴിതെളിക്കണം അല്ലാത്തപക്ഷം കേട്ടുകേൾവികൾക്കനുസരിച്ച് കുറവോടെ പ്രവർത്തിക്കേണ്ടിവരും. തെളിഞ്ഞ കാലാവസ്ഥയിൽ ദീപാരാധന തൊഴാൻ വന്നു. ക്ഷേത്രപരിസരത്തെ തിരക്കു കൂടിയിരിക്കുന്നു. നിറഞ്ഞുകത്തുന്ന ദീപപ്രഭ. സ്തുതി-മണിയൊലികൾ അലയടിക്കുന്ന തിരുനട, ആത്മീയത കൊണ്ടുഴിയുന്ന ആരതിയുടെ തെളിച്ചം, മനസ്സിലെ മഹാസങ്കൽപ്പങ്ങൾ മാറ്റിവെച്ച്, തെളിച്ചത്തിലെ ചരിത്രത്തെ കണ്ടു, സംസ്കാരത്തെ കണ്ടു, വിശ്വാസത്തെ കണ്ടു.

## യാത്രാവിവരണം (ഭാഗം 10)

പോക്കുവെയിൽ പൊന്നണിയിച്ച ബദരിയിലെ ദീപാരാധന അതിന്റെ പൂർണ്ണതയിൽ തൊഴുതു. ബദരീനാഥനെ ഒരുതവണ കൂടിനോക്കി, ക്ഷേത്ര പടവുകളിറങ്ങി. ബദരിക്കു മുകളിൽ ഇരുട്ടു പരക്കാൻ തുടങ്ങിയിരുന്നു.

പിറ്റേന്ന് വെളുപ്പിനേ തന്നെ ഞങ്ങൾ മാനാ ഗാവ് യാത്രയ്ക്ക് തയ്യാറായി.

* * * * *

ബദരീ താഴ്‌വരയ്ക്ക് ചുറ്റുമായുള്ള നിബിഢവനത്തിൽ പുരാണേതിഹാസങ്ങളിൽ പറയുന്ന കുറേസ്ഥലങ്ങളുണ്ടെന്ന് കേട്ടിരുന്നു. അവയൊന്നും ഞങ്ങളുടെ നിശ്ചിത യാത്രാ പരിപാടിയിലുൾപ്പെടാത്തതിനാൽ പോകാൻ കഴിഞ്ഞില്ല. എങ്കിലും 'മാനാ ഗാവും' (Mana Village), വ്യാസ ഗുഹയും കാണണമെന്ന് ഞങ്ങൾ തീരുമാനിച്ചു. നാലു കി.മീ. വടക്കോട്ടു ഇടതൂർന്ന കാട്ടിലൂടെ സഞ്ചരിച്ചാൽ, പതിനായിരം അടി ഉയരത്തിലുള്ള ഈ ഗ്രാമത്തിലെത്താം.

ഇന്ത്യയുടെ ഏറ്റവും വടക്കേ അറ്റത്തുള്ള ഗ്രാമമാണത്രെ മാനാഗാവ്. മാനം മുട്ടുന്ന മലകൾക്ക് കീഴെ, കൽപ്പാളികൾ പാകിയ മേൽക്കൂരകളും പുറം ലോകത്തെ പൂർണ്ണമായും മറയ്ക്കുന്ന വാതിലുകളും ജനലുകളുമായി ഏതാനും കൊച്ചു കൂരകൾ. പട്ടികവർഗ്ഗത്തിലുൾപ്പെട്ട ഇന്തോ മംഗോളിയൻ വംശജരാണ് ഇവിടത്തെ താമസക്കാർ. ഇതാണ് മാനാ ഗ്രാമം. ജനസാന്ദ്രത തീരെ കുറഞ്ഞ ഇവിടെ ഉരുളക്കിഴങ്ങും പച്ചക്കറികളുമാണ് കൃഷി. പരമ്പരാഗത തൊഴിലായി പരവതാനി നിർമ്മാണവുമുണ്ട്.

ഹിന്ദിയും ചൈനീസും ടിബറ്റനും കൂടിച്ചേർന്ന ഒരു പ്രത്യേക തരം സങ്കരഭാഷയാണിവിടെ സംസാരിക്കുന്നത്. തൊഴിലിനായി അതിർത്തിക്കിരുവശത്തേക്കും ആളുകൾ പരസ്പരം പോയിവരികയും, കറൻസികൾ വിലക്കില്ലാതെ ഉപയോഗിക്കുന്നതും കണ്ടു. അതിർത്തി പ്രദേശമായതിനാൽ ഇന്തോ - തിബത്തൻ ബോർഡർ ഫോഴ്സിന്റെ പരിശോധനകൾ നടക്കുന്നുണ്ട്. ഒറ്റപ്പെട്ടു കിടന്നിരുന്ന ഈ പ്രദേശം ചെറിയ തരത്തിലുള്ള റോഡുഗതാഗതം വന്നതോടെ കുറേയൊക്കെ മെച്ചപ്പെട്ടു വരുന്നുണ്ട്.

ഇവിടെനിന്ന് കുറേക്കൂടി വടക്കോട്ടുപോയാൽ, സരസ്വതി നദിയുടെ ഉത്ഭവസ്ഥാനത്തെത്തും. കുറച്ചുദൂരം താഴേക്കൊഴുകി, കേശവ പ്രയാഗിൽ വെച്ച് അളകനന്ദയുമായി ചേർന്ന്, പെട്ടെന്ന് ഭൂമിക്കടിയിൽ മറയുകയും ഭൂഗർഭത്തിലൂടെയൊഴുകി കാശിക്കടുത്ത് ത്രിവേണിയിൽ സംഗമിക്കുന്നതായും പറഞ്ഞുവരുന്നു. സരസ്വതി നദിയുടെ തുടക്ക സ്ഥാനത്തിനടുത്ത് തന്നെയാണ് വ്യാസ ഗുഹയും, ഗൺപത് ഗുഹയും. കയറ്റം കയറിയെത്തുന്നത് വ്യാസഗുഹക്കു മുന്നിലാണ്. ഇവിടെയിരുന്നാണ് വ്യാസൻ മഹാഭാരതമെഴുതിയതെന്നും, വ്യാസൻ ചൊല്ലിയ കഥാഖ്യാനം അടുത്ത ഗുഹയിലിരുന്ന് ഗണപതി എഴുതിയെടുത്തെന്നും കഥ. വലിയൊരു പരന്നപാറ കൊണ്ട് മുകൾഭാഗവും അടുക്കിവെച്ച പുസ്തകങ്ങൾ പോലെയുള്ള പാറക്കഷ്ണങ്ങൾ കൊണ്ട് മുൻഭാഗവും ഭാഗികമായി അടഞ്ഞിരിക്കുന്നു.

പ്രകൃതിഭംഗി കൊണ്ട് ഹൃദ്യമാണിവിടം. പുരാണ കഥകളുടെ പരിവേഷങ്ങൾക്കിടയിലും ഗണപതിയേയും വ്യാസ ഗുരുവിനേയും ഞാൻ മനസ്സിൽ നമിച്ചു. ഇടക്കിടെ ചെറിയ ചെറിയ മലയിടിച്ചിലുകൾ കണ്ടു. വഴിയിലുടനീളം നിന്നും ഇരുന്നും സമയമെടുത്താണ് ഇറങ്ങിയത്. വിചാരിച്ചതിലും ഏറെ വൈകി, രാത്രിയിലാണ് ജോഷിമഠിലെത്തിയത്. വരുമ്പോൾ തങ്ങിയ അതേ കെട്ടിടത്തിൽത്തന്നെയാണ് താമസം ഏർപ്പാട് ചെയ്തിരുന്നത്.

യാത്രാ ക്ഷീണം എല്ലാവരേയും ക്ഷീണിതരാക്കിയിരുന്നു. രാംദേവിന്റെ ശുപാർശയിലാണെന്ന് തോന്നുന്നു, ദിവസങ്ങൾക്കുശേഷം അന്ന് രാത്രി അത്താഴത്തിന് പുട്ടും കടലയും കിട്ടി. ആർത്തിയോടെ കഴിച്ച് വേഗത്തിലുറങ്ങാൻ ഒരുങ്ങി. തണുപ്പ് ഇടക്കിടെ ഉറക്കത്തെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു.

(തുടരും)

## കവിത

# പെണ്ണുങ്ങൾ



ജലജ പ്രസാദ്
9074676288, 9048447917

പാർശ്വവൽക്കരിക്കപ്പെട്ട
ആഘോഷം !
റേഷൻ കാർഡ്, കറന്റ് ബിൽ
ജനന സർട്ടിഫിക്കറ്റ്,
ആധാർ മുതൽ
ആധാരം വരെ
ഓരോ ലോക്കറിൽ
സൂക്ഷിക്കുമെങ്കിലും
താക്കോല്
കൈയിലില്ലാത്തവൾ !
അരിയും കറിയും വെക്കുമെങ്കിലും
പലപ്പോഴും അരി വെക്കും മുമ്പേ
കറിവെക്കപ്പെടുന്നവൾ !

ഒരു പലചരക്കുകട മുഴുവൻ
ക്രമം തെറ്റാതെ
ഒരറയിൽ സൂക്ഷിക്കുന്നവൾ
അന്യർക്കു മുന്നിൽ
വാതിലിന്നരികെയും
പാതിമെയ്യായി നിൽക്കേണ്ട
'നല്ല പാതി' !
ഊരമുറിയെ പണിയെടുത്താലും
രേഖയിലൊപ്പുവെക്കാത്തതിനാൽ
വെറും ഹൗസ് വൈഫ്.

ക്ഷമയ്ക്ക് അതിര് പാടില്ലെന്ന്
നിങ്ങളാൽ വിധിക്കപ്പെട്ടവർ
ഉണരാൻ അലാറം വേണ്ടാത്തവൾ
ഉറങ്ങാൻ സമയം നോക്കാത്തവൾ
ചോരച്ചുവപ്പിൽ വിലക്കപ്പെട്ടവൾ
അവളുടെ ഒരു ചെറിയ മറവിമതി
കോഴിക്കൂട്ടിലെ കോഴിയെ,
തൊഴുത്തിലെ പശുവിനെ,
വീട്ടിലെ കുട്ടിയെ,
പതിയെ (യും) കള്ളൻ
കൊണ്ടോവാൻ...
ദേവിയാണവൾ ദുർഗ്ഗ.

# പുസ്തകം - മരണമരം

**രചന – ബിനോയ് ബാലൻ**
**ആസ്വാദനം – അശോകൻ രാജീവം, 9447533850**



മലയാള സാഹിത്യ ശാഖയിലേക്ക് ചുവടെടുത്തുവെയ്ക്കുന്ന നവസാഹിത്യകാരനാണ് ബിനോയ് ബാലൻ എന്ന് വായനക്കാർക്ക് തോന്നുമോ എന്ന് സംശയമാണ്. 'മരണമരം' എന്ന തലവാചകം നൽകിയിട്ടുള്ള പുസ്തകം വായിക്കാനായി എടുത്തപ്പോൾ സത്യത്തിൽ തികച്ചും കൗതുകമാണ് തോന്നിയത്. കാരണം, മരങ്ങൾ മരിക്കുന്നില്ല എന്ന് ഏതോ കവി പറഞ്ഞ വാചകം തികട്ടി വന്നതുകൊണ്ടാണ്. മനുഷ്യൻ ആത്മാവ് വെടിയുമ്പോൾ മിച്ചം വരുന്ന ശരീരം കൊണ്ട് അധികമാർക്കും ഉപകാരമാകാറില്ല. കുറച്ചുശതമാനം മാത്രം അവയവദാനത്തിലൂടെ മറ്റുള്ളവരിൽ ജീവിക്കുമ്പോൾ മഹാഭൂരിപക്ഷം പേരും കത്തിച്ചാമ്പലാവുകയോ, മണ്ണിന്നടിയിൽ ചിതലരിച്ചു പോവുകയാണല്ലോ പതിവ്. എന്നാൽ മരിക്കാത്ത മരങ്ങൾ പലരൂപത്തിലും ഭൂമിയിൽ അവശേഷിക്കുന്നുണ്ടല്ലോ എന്ന തർക്കം അലോസരപ്പെടുത്തിയെന്നുള്ളത് സത്യം. എന്നാൽ പി. സുരേന്ദ്രൻ എഴുതിയ അവതാരികയിൽ ചില വാചകങ്ങളാണ് നമ്മുടെ വായനയെന്ന വിശപ്പിനെ ഉണർത്തിയത്. ആഖ്യാനത്തിൽ ചില പ്രശ്നങ്ങൾ തീർച്ചയായും ഈ നോവലിലുണ്ട്; പ്രമേയത്തെ പരിചരിക്കുന്നതിലെ പരിചയക്കുറവ്; ആഖ്യാനത്തിലെ കൃത്യതയില്ലായ്മ എന്നിങ്ങനെ ചില പ്രശ്നങ്ങൾ. എന്നാൽ, നോവലിന്റെ അവസാനത്തിലെത്തുമ്പോഴേയ്ക്കും ഇത്തരം പ്രശ്നങ്ങൾ ഭംഗിയായി മറികടക്കുന്നുമുണ്ട്. വെട്ടിമാറ്റപ്പെട്ട അക്കേഷ്യയുടെ ശിഷ്ടങ്ങൾക്കിടയിലൂടെ വളരാൻ ശ്രമിക്കുന്ന മൂവാണ്ടൻ മാവ് എന്ന പ്രതീകം ബദൽ അന്വേഷണത്തിന്റേതു കൂടിയാണ്. വളരെ ദീപ്തമായ ഒരു അടരാണിത്. അവസാനത്തെ ഈ മികവുതന്നെയാണ് ഈ എഴുത്തുകാരനിൽ വിശ്വാസമർപ്പിക്കാൻ പ്രേരിപ്പിക്കുന്നത്.

വളരെ ഉദാത്തമായ വാക്കുകൾ. ഒരു തുടക്കക്കാരന് അനുഭവസ്ഥർക്ക് കൊടുക്കാൻ പറ്റുന്ന ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹവചനങ്ങൾ. ആരേയും വായിക്കാൻ പ്രേരിപ്പിക്കുന്ന ഈ വാക്കുകളേയാണ് എന്നേയും ആകർഷിച്ചത്. നോവലിലേക്ക് പ്രവേശിച്ചപ്പോൾ വളരെ ലളിത സുന്ദരമായ ആഖ്യാനശൈലി നമ്മെ മറ്റ് അധ്യായങ്ങളിലേക്ക് കൈപിടിച്ചാകർഷിക്കുന്നത് അസാധാരണമായി തോന്നി. ആവശ്യമില്ലാത്ത ബിംബകൽപ്പനകളോ ദുർഗ്രാഹ്യതയോ ഇല്ലാത്ത അവതരണരീതി.

അധ്യായങ്ങൾ തരംതിരിച്ചതിലും ഉണ്ട് പുതുമ. നോവലെന്നാൽ മിനിമം ഇരുപതോ ഇരുപത്തഞ്ചോ അദ്ധ്യായങ്ങളുണ്ടാവുമല്ലോ എന്നോർത്ത് അസ്വസ്ഥരാകേണ്ട ആവശ്യമില്ല. ഒരുപാട് പുസ്തകങ്ങളിലൂടെ കയറിയിറങ്ങിയ മനസ്സിനേ അതിന്റെ പ്രയാസം മനസ്സിലാകൂ... അത് ഈ എഴുത്തുകാരന് തീർച്ചയായും അനുഭവമാണെന്ന് ഇതിലെ അധ്യായങ്ങളുടെ തരംതിരിവിൽ തിരിച്ചറിയാൻ കഴിഞ്ഞു. വെറും നാലു നീണ്ട അധ്യായങ്ങൾ കൊണ്ട് ഒരു വലിയ നോവൽ പിടിച്ചുനിറുത്തി.

ഒരു നാടിന്റെ വലിയൊരു സമരത്തെ വളരെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്ന ഒരുപാട് സന്ദർഭങ്ങൾ ഇതിൽ കാണാം. മനുഷ്യന്റെ അതിമോഹം മനുഷ്യനെത്തന്നെ കുഴിവെട്ടിമൂടുന്ന ദൃശ്യങ്ങളും നമുക്ക് കാണാൻ കഴിയുന്നുണ്ട്. ചെറിയ ചെറിയ ഫ്ളാഷ്ബാക്കുകൾ കഥയുടെ വായനാസുഖം കൂട്ടുന്നേയുള്ളൂ. പലപ്പോഴും ഒരു നാടിന്റെ തീപിടിച്ച സമരം നമുക്ക് ഓർത്തെടുക്കാൻ കഴിയുന്നുണ്ട്. പ്ലാച്ചിമടയും മയിലമ്മയും നമ്മുടെ ചിന്താമണ്ഡലത്തിലേക്ക് അധികരിച്ചുവരുന്നുണ്ട് എന്നത് സ്വാഭാവികം.

എല്ലാ സമരങ്ങൾക്കും ഒരു ആശയം ഉണ്ടാകും. അടുത്ത ചില നാളുകളിൽ നാം നേരിൽ കണ്ട ചില സമരങ്ങൾക്ക് ആശയങ്ങൾ ഉണ്ടായിരുന്നോ എന്ന് സംശയമാണ്. നാമജപങ്ങൾ പോലും മുദ്രവാക്യമായി രൂപാന്തരപ്പെടുന്നതിന്റെ ആശയദാരിദ്ര്യം നമുക്ക് കാണാൻ കഴിഞ്ഞു. തെറ്റാണെങ്കിലും ശരിയാണെങ്കിലും അന്തരീക്ഷത്തിലേക്ക് മുഷ്ടി ചുരുട്ടിയെറിയാൻ ഒരു കനപ്പെട്ട ആശയം വേണമെന്ന് നാം മനസ്സിലാക്കിയതാണ്. 'മരണമരം' മുന്നോട്ടുവെയ്ക്കുന്ന പരിതസ്ഥിതി പ്രശ്നമാണ്. അതാരും ഇന്നുവരെ പറഞ്ഞിട്ടില്ലാത്ത ആശയമാണ് എന്നൊന്നും അവകാശപ്പെടുന്നില്ല നോവലിസ്റ്റ്. പക്ഷേ, അത് പറയാനുപയോഗിച്ച ക്യാൻവാസ് അതിലാണ് പുതുമ കൊണ്ടുവരാൻ ബിനോയ് ബാലൻ ശ്രമിക്കുന്നത്. അത് ഒരു പരിധി വരെ അദ്ദേഹത്തിന് കഴിഞ്ഞു എന്ന് നമുക്ക് മനസ്സിലാക്കാം. ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കേണ്ട കാലുകളായതുകൊണ്ട്, അതുകൊണ്ടുമാത്രം അനാവശ്യ മുഖസ്തുതി പറയുന്നില്ല അഭിമാനമുണ്ട്, നമുക്ക് ഒരു പുതിയ തരം എഴുത്തുകാർ ഉണ്ടെന്നതിൽ.

കഥ മുഴുവനായി തുറന്നു കാണിച്ചുകൊണ്ട് നോവലിന്റെ വായനാസുഖം കളയുന്നില്ല. ബിനോയ് ബാലനെ നേരിട്ടുകാണുന്നത് ഒ. വി. വിജയന്റെ എഴുത്തുപുരയിൽ വെച്ചാണ്. തുറന്ന ചിന്താഗതിയുള്ള, എഴുത്തുകാരൻ എന്ന് അന്നേ തോന്നി. പിന്നീടാണ് 'മരണമരം' കയ്യിൽ കിട്ടുന്നത്. എഴുത്തുകാരന്റെ അടയാളപ്പെടുത്തൽ ഒട്ടുംതന്നെ കുറഞ്ഞുപോയില്ലെന്ന് സന്തോഷത്തോടെ തിരിച്ചറിഞ്ഞ നിമിഷം. ഭാവുകങ്ങൾ നേരുന്നു. പ്രിയ എഴുത്തുകാരാ താങ്കളിൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്.

മേഘപടലങ്ങളിൽ നിന്ന് അടർന്നുവീണ ഒരു മഴത്തുള്ളി അക്കേഷ്യയുടെ അവശിഷ്ടങ്ങളിലൂടെ എന്റെ കൈവിരലുകളെ നനച്ചുകൊണ്ട് അത് ആ പുൽനാമ്പുകളെ ചുംബിച്ചു എന്ന വാചകത്തിലൂടെ നോവലിസ്റ്റ് വായനക്കാരെ പുതിയ വായനാ സംസ്കാരത്തിലേക്ക് പതുക്കെ കൈപിടിച്ചുയർത്തുന്നു. ●



**ജ്യോതി ചമ്പത്ത്**
**9995197341**

# മോഹനിദ്ര

പത്മതുളസീദള ഗന്ധമുണർത്തി
പവനനും ജീവചൈതന്യമേകി
നിസ്തുല ഭക്തിയിൽ
മുങ്ങി നീരാടും താരമേ,
നിന്നൊളി ഗംഗാപ്രവാഹം പോൽ

വിശുദ്ധമായി
അളിവേണിതൻ കടക്ഷം
ഇന്ദ്രധനുസ്സായി
ഗമനമോ ആദിമദ്ധ്യാന്തം
പൂത്തുലഞ്ഞു
കിസലയ മേനിയോ
മഞ്ജുഭാവന നെയ്തിടും
പദധൂളി
വിൺ ഗംഗാസലിലത്തിൽ
ആത്മനിവേദനമർപ്പിച്ചു
മികവോടെ
രജതമഹാഗിരി,
കനകവിളക്കുപോൽ
പ്രണയോപാസന
തുളുമ്പിത്തുടിയ്ക്കുന്നു
അനന്തസഹസ്രയുഗങ്ങൾ
പിന്നിടും തപസ്സ്
പുളകോദ്‌മകാരിയായ്
മധുരാമൃതം നുണഞ്ഞിടും
രാഗസുധാരസ സാഗരം !
നവരസങ്ങളാൽ സ്വരമഴ പെയ്തു
മേഘദൂതിക
സുരനർത്തനം ചെയ്തു
ഗ്രീഷ്മതപ്തയാം ഭൂമി
ഋതുമംഗലയായി
മരതകക്ഷേത്രം
പൊൻപുലരിയേ വരവേറ്റു
ഇച്ഛയിൽ കരഗതമായി
സ്വപ്നസാഫല്യവും
തത്തി കളിച്ചുമനം
ഇലക്കുറി ചാർത്തി
മുഖാരവിന്ദം പ്രഫുല്ലമായി
മോഹനിദ്രതൻ
ലാസ്യപ്രവാഹത്തിൽ
മോഹിനീ, നിൻമനം
തുടികൊട്ടിടട്ടേ !



# ട്രാക്ക് ആന്റ് ഫീൽഡ് അത്‌ലറ്റിക്സിലെ സവിശേഷ നിരീക്ഷണങ്ങൾ



**ഡോ. എസ്. എസ്. കൈമൾ**
**9446294817**

**ഭാ**രതം ഇതുവരെ നേടിയിട്ടില്ലാത്ത ഒളിമ്പിക്സ് ട്രാക്ക് ആന്റ് ഫീൽഡ് മെഡൽ എന്ന വിശുദ്ധ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ വേണ്ടി ഏറ്റവും കൂടുതൽ കൂട്ടഹത്യയ്ക്ക് വിധിയ്ക്കപ്പെടുന്ന പ്രതിഭകളാണ് നാനൂറ് മീറ്റർ സ്പ്രിന്റർമാരായ ഹതഭാഗ്യർ എന്ന വസ്തുത ഇനിയും നിരീക്ഷിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടാണല്ലോ ആ കൂട്ടഹത്യായജ്ഞം നിരുപാധികം തുടർന്നുകൊണ്ടേയിരിക്കുന്നത്. (ഇടയ്ക്ക് ഒരു ആത്മഗതം അഥവാ അശരീരി. 'എന്താ നമുക്ക് കണ്ണില്ലേ ?')

ഏത് ടീമിന്റേയും ചാമ്പ്യൻഷിപ്പും തത്സംബന്ധ പ്രശസ്തിയും പ്രയോജനവും നാനൂറ് മീറ്റർ സ്പ്രിന്റർമാരിൽ നിക്ഷിപ്തമാകയാൽ, പ്രസ്തുത പ്രക്രിയ (പ്രതിഭാകൂട്ടഹത്യയായ യജ്ഞം) തുടരുകയും ചെയ്യുന്നു. അതുകൊണ്ട് ഇതിന്റെ മാരകമായ ദുരന്തസാധ്യത കായിക ലോകത്തെ ബോധ്യപ്പെടുത്തുക എന്ന അതീവപ്രാധാന്യമുള്ള ബാധ്യതയുടെ പേരിലാണ്, അര നൂറ്റാണ്ടായി, ഇതിലും ഇതുപോലുള്ള പ്രസക്ത വിഷയങ്ങളിലും ലേഖകന്റെ കുരിശുയുദ്ധം തുടർന്നുകൊണ്ടേയിരിക്കുന്നത്. ഇത്രയും ഒരു മുഖവുര. ഇനി ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങളിലേയ്ക്ക് കടക്കട്ടെ:

1) നമ്മുടെ നാട്ടിൽ പൊതുവെ പന്ത്രണ്ടു വയസ്സുമുതൽക്കാണ് അത്‌ലറ്റിക്സിലെ 'ശാസ്ത്രീയം' എന്ന പേരിലുള്ള കായിക പരിശീലനം ആരംഭിക്കുന്നത്. ചില 'അതീവ' ശാസ്ത്രീയ കായിക പരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ ഒന്നര പതിറ്റാണ്ടിലേറെയായി പത്തുവയസ്സുമുതൽക്കേ ഈ പ്രക്രിയ നടക്കുന്നുണ്ട്; അതു തുടരുന്നുമുണ്ട്.

2) ഏകദേശം അഞ്ച് - ആറ് വർഷങ്ങൾകൊണ്ട് ഈ കുരുന്നുകളിലേറെപ്പേരും നാനൂറ് മീറ്റർ എന്ന ഈ അതീവ കഠിന മത്സരത്തിനുവേണ്ടി അതിതീവ്ര പരിശീലനത്തിനുവിധേയരാവുകയും അവർ പതിനാറ് പതിനേഴ് വയസ്സാകുമ്പോഴേയ്ക്കും അവരുടെ പരമോന്നത മികവിലെത്തുകയും ചെയ്യുന്നതായി കാണാം. ചിലർ കുറച്ചുകൂടി മുമ്പേ തന്നെ ഫോമിലെത്താറുണ്ട്.

3) ഇവരിൽ പകുതിയിലേറെപ്പേർ ആ മികവ് രണ്ടുമൂന്നു വർഷം കൂടി നിലനിർത്തും, ചിലർ 'ഹാംസ്ട്രിങ്ങ്' പരിക്കിനും സമാന പരിക്കുകൾക്കും ഇരയാവാറുണ്ട്. ശേഷിച്ചവരിൽ ഭൂരിപക്ഷം പേരും മുരടിപ്പിന് (സ്റ്റാഗിനേഷൻ) ഇരയാകും. മുരടിപ്പിനേ തുടർന്ന് പരിശീലനം ഒന്നുകൂടി ശക്തമാക്കുകയും അതുവഴി കൂടുതൽ ഗുരുതരമായ പരിക്കുകൾ മൂലം രംഗം വിട്ടുപോവുകയും ചെയ്യും. ഇങ്ങനെ കൊഴിഞ്ഞുപോക്കിൽ പെടുന്ന ചിലരിൽത്തന്നെ കഴിവുള്ളവർ ഉപരിപഠനത്തിന് ചേരും. സർവ്വോത്കൃഷ്ട കായിക പ്രതിഭകളായ പലരും എങ്ങുമെത്താതെ അനാഥരായി സമൂഹത്തിൽ നിന്ന് പാർശ്വവത്ക്കരിക്കപ്പെടുന്നു. ഇവരൊക്കെ ഒളിമ്പിക്സ് മെഡൽ സ്വപ്നത്തിന്റെ ചാരക്കൂമ്പാരമായി മാറിയത്, മാറുന്നത് നമ്മളെത്ര കണ്ടു ?! എന്നിട്ടും നാം പഠിച്ചോ ? ഇനിയെന്നു പഠിക്കും ? അറിയാതെയാണെങ്കിലും അതിക്രൂരവും നിർദ്ദയവുമായ കഠിന കായിക പരിശീലനത്തിന്റെ അനിവാര്യമായ പരിണാമമാണിത്. നിലവിലുള്ള, കായി

ക പ്രതിഭാ കണ്ടെത്തലും തുടർ പരിശീലനവും അനുബന്ധനടപടികളും വിവിധ കേന്ദ്രങ്ങളിൽ നിരുപാധികം നടക്കുന്നതും തുടരുന്നതും അതുകൊണ്ടല്ലേ ? ഈ വസ്തുതകളെക്കുറിച്ച് അന്വേഷിക്കാനും പഠിക്കാനും പരിഹാരനിർദ്ദേശങ്ങൾ നല്കാനും വിദഗ്ദ്ധസമിതിയെക്കൊണ്ട് ഈ ശുദ്ധീകരണപ്രക്രിയ നടക്കാൻ അല്ലെങ്കിൽ നടത്താൻ ഗവൺമെന്റ് തലത്തിൽ ഇടപെടലുകളുണ്ടാവണം. ബഹുമാനപ്പെട്ട മന്ത്രിമാരും എം. എൽ. എ. മാരും എം. പി.മാരും പോലുള്ള ജനപ്രതിനിധികളും ഇടപെടേണ്ട വിഷയമാണിത്.

രാജ്യത്തിന് രാജ്യാന്തര പ്രശസ്തി സമ്മാനിക്കേണ്ട മഹാ പ്രതിഭകൾ ദശാബ്ദങ്ങളായി ഇങ്ങനെ കൂട്ടഹത്യയ്ക്ക് വിധേയരാകുന്നത് നാം അന്ധരായി കണ്ടുനില്ക്കുകയാണ്. ഈ അവബോധം സമൂഹത്തിൽ പ്രചരിപ്പിക്കാനും ഉത്തരവാദപ്പെട്ടവരെ ഉണർത്താനും പരിഹാരക്രിയകൾ ചെയ്യിക്കാനുമുള്ള ഉദ്യമമാണ് ഈ അക്ഷരങ്ങളിലൂടെ ആവാഹിക്കുന്നത്. കാരണം അതെന്റെ ധർമ്മമാണ്.

4) പതിനഞ്ചുമുതൽ പതിനെട്ടു വയസ്സാകുമ്പോഴേയ്ക്കും വിവിധ പരിശീലന കേന്ദ്രങ്ങളിൽ, പരമാവധി മികവിലെത്തി, മുരടിപ്പിനിരയായ ശേഷം അനിവാര്യമായ പരിക്കുകൾക്കും കൊഴിഞ്ഞുപോകലിനും ഇരയാകുന്നവരെ, കഠിന കായിക പരിശീലനത്തിനുപകരം ഇനിയുള്ളവരേയെങ്കിലും (ഭാവിതാരങ്ങളേയെങ്കിലും) ലഘുവും ലളിതവും രസകരവും അനുക്രമവുമായ കായിക പരിശീലനത്തിന് വിധേയരാക്കിയാൽ ഇവരിലേറെപ്പേരും കുറഞ്ഞ പക്ഷം ഏഷ്യൻ മെഡൽ ജേതാക്കളെങ്കിലുമാകും. ഇവരിൽ കുറേപ്പേർ ഒളിമ്പിക്സിൽ പങ്കെടുക്കും. ചിലർ ഒളിമ്പിക്സ് ഫൈനലിലെത്തും. അത്യപൂർവ്വം ഭാഗ്യശാലികൾ ഒളിമ്പിക്സ് മെഡലുകളും നേടാം. ഇങ്ങനെയൊക്കെ ആകാമായിരുന്ന നിരവധി പ്രതിഭകളാണ് മേൽപ്പറഞ്ഞ വിധം ഹതഭാഗ്യ ചാമ്പൽക്കൂമ്പാരങ്ങളിൽ അമർന്ന് അടിഞ്ഞുപോയതെന്ന ദുഃഖസത്യം സമൂഹം ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ അപകടം ഏറ്റവും കൂടുതൽ നടക്കുന്നത് - നടത്തുന്നത് നമ്മുടെ പ്രധാന അത്‌ലറ്റിക് പരിശീലനകേന്ദ്രങ്ങളിലാണ് എന്ന ഞെട്ടിക്കുന്ന സത്യം പലർക്കും അജ്ഞാതമാണ്. നമ്മൾ അത് കണ്ണടച്ച് അംഗീകരിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അത്തരം കേന്ദ്രങ്ങൾക്ക് പാരിതോഷികങ്ങളും പുരസ്കാരങ്ങളും വാരിക്കോരിക്കൊടുക്കുന്നു. അവിടത്തെ പരിശീലകർക്ക് ദേശീയ ബഹുമതികൾ കൊടുക്കുന്നു. ഡോക്ടറേറ്റും ഡീലിറ്റും കൊടുക്കാൻ സർവ്വകലാശാലകൾ മത്സരിക്കുന്നു. ഇതാണ് നമ്മുടെ നാട്ടുനടപ്പ്. അതിപ്രശസ്തർക്ക് പുരസ്ക്കാരങ്ങൾ നല്കുന്നതിലൂടെ, നല്കപ്പെടുന്നവരേക്കാൾ നല്കുന്നവർക്കാണ് ഗുണം എന്നത് ഹിഡൻ അജണ്ടയാണ്.

**എന്താണ് ഈ ദേശീയ കായിക മഹാദുരന്തത്തിനുള്ള പരിഹാരം ?**

1) ആദ്യം വേണ്ടത് ഇത് ദുരന്തമാണെന്ന അവബോധമാണ് - മാധ്യമങ്ങൾക്കാണ് അത് ഉണ്ടാക്കാൻ കഴിയുക. അതുകൊണ്ട് ബഹുമാനപ്പെട്ട എല്ലാ മാധ്യമപ്രതിനിധികളും ഈ ദൗത്യം സാഭിമാനം ഏറ്റെടുക്കണം. എല്ലാ പരിശീലന കേന്ദ്രങ്ങളിലും അവരുടെ ഇതുവരേയുള്ള പ്രവർത്തനങ്ങൾ അവർ തന്നെ ആത്മപരിശോധന നടത്തി അതിലെ 'കതിരും പതിരും' വേർതിരിച്ചെടുക്കണം. അവർ അത് മനസ്സിലാക്കണം. എങ്കിലേ സ്വയം തിരുത്താൻ കഴിയൂ എന്ന് മനസ്സിലാക്കണം. ഉത്കൃഷ്ട പ്രതിഭകൾ എന്ന് മുദ്ര കുത്തി എത്രപേരെ ഇതുവരെ തെരഞ്ഞെടുത്തിട്ടുണ്ട് ? അവരിൽ എത്രപേർ പ്രഖ്യാപിത - പ്രവചിത ലക്ഷ്യം നേടി ? എത്രപേർ പരിക്കുകൾക്ക് വിധേയരായി. ഇവരിൽ എത്രപേർ പരിക്കുകൾ മാറി പുനരധിവസിക്കപ്പെട്ടു ? എത്രപേർ പിന്നീട് കൂടുതൽ മികവിലേയ്ക്ക് ഉയർന്നു ? ലക്ഷ്യത്തിലെത്താതെ എത്രപേർ എന്നന്നേക്കുമായി കൊഴിഞ്ഞുപോയി? എത്രപേർ സ്പോർട്സ് ക്വാട്ട ജോലി നേടി ? എത്രപേർ ഉപരിപഠനം നടത്തി ? ഇവരിലെത്ര പേർ പരിശീലകരും കായികാദ്ധ്യാപകരുമായി, സ്വാനുഭവങ്ങളിലൂടെ വരും തലമുറയുടെ മാർഗ്ഗദർശകരായി ? ഇത്തരം ഗൗരവമേറിയ ആത്മപരിശോധന ആരെങ്കിലും നടത്തിയിട്ടുണ്ടോ ? അത്തരം പഠനങ്ങളിലൂടെയല്ലെ നമുക്ക് പുരോഗതി കൈവരിക്കാൻ കഴിയൂ ? എന്തുകൊണ്ടാണ് നാം ഇതുവരെ അങ്ങിനെയൊന്നും ചെയ്യാതിരുന്നത്? ഇനിയെങ്കിലും അങ്ങനെ ചെയ്തുകൂടെ ? ഉന്നതാധികാരികൾ ഇടപെടാഞ്ഞതുകൊണ്ടാണ്. മാധ്യമങ്ങളെ, നിങ്ങളെങ്കിലും ഇതിന് മുൻകൈയ്യെടുക്കൂ. ജനകീയ സമ്പ്രദായത്തിന്റെ അദൃശ്യ സ്തംഭങ്ങളെ - ബഹുമാനപ്പെട്ട മാധ്യമപ്രസ്ഥാനങ്ങളെ ഉണരൂ ! 'പ്രാപ്യവരാൻ നിബോധിത!' ഉത്തമഗുരുവിനെ നേടുന്നതുവരെ ഉണർന്നിരിക്കൂ ഉത്സാഹം തുടരൂ... 'ലക്ഷ്യപ്രാപ്തി ജന്മാവകാശമാണ്.' നമ്മൾ ഉത്കൃഷ്ട ജീനുകളുടെ അനന്തപരമ്പരയാണ്.

ജയ് ഭാരത്.

■പാചകം

## വേനലിനെ നേരിടാൻ പച്ചമാങ്ങാ സർബത്ത്

**ജയ ചന്ദ്രൻ**
**8593949935**



**ചേരുവകൾ**

1. പച്ചമാങ്ങ തൊലിയോടുകൂടി കഷണങ്ങളാക്കിയത് - 1 മാങ്ങയുടേത്
2. പഞ്ചസാര - ½ കപ്പ്
3. ഐസ് വാട്ടർ 2 ഗ്ലാസ്
4. ഇഞ്ചിനീര് - ½ സ്പൂൺ
5. ഉപ്പ് - ഒരുനുള്ള്

ഒന്നു മുതൽ മൂന്നുവരെയുള്ളവ നന്നായി അടിച്ച് അരിച്ചെടുക്കുക. ഇതിലേക്ക് ഒരു നുള്ള് ഉപ്പും ഇഞ്ചി നീരും ചേർത്തിളക്കി കുടിക്കാം.

N.B: മധുരം ഇഷ്ടമില്ലാത്തവർക്ക് ഇതിൽ പഞ്ചസാര ഒഴിവാക്കി പകരം ഒരു ചെറിയ കഷണം പച്ചമുളക്, കറിവേപ്പില, പുതിനയില, മല്ലിയില ഇവ ചേർത്തരച്ച് അരിച്ചെടുത്താൽ മതി. പച്ച മാങ്ങ ഔഷധങ്ങളുടെ കലവറയാണെന്ന് പറയുന്നു.

# മതത്തിന്റെ മിന്നലാട്ടങ്ങൾ

**ആ**റോ ഏഴോ വയസ്സുമുതൽ പതിനാറാം വയസ്സുവരെയുള്ള ഗാന്ധിജിയുടെ വിദ്യാഭ്യാസ കാലഘട്ടത്ത് മതമൊഴികെ മറ്റെല്ലാം സ്കൂളിൽ നിന്നു പഠിച്ചു. അദ്ധ്യാപകർക്ക് പ്രത്യേക പ്രയത്നമൊന്നും കൂടാതെ തരാൻ കഴിയുമായിരുന്ന അറിവ് അവരിൽ നിന്ന് സമ്പാദിക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞില്ല. എങ്കിലും ചുറ്റുപാടുമുള്ള പലതിൽ നിന്നും ചില കാര്യങ്ങൾ ഗാന്ധിജി ഗ്രഹിച്ചുകൊണ്ടിരുന്നു. ആത്മസാക്ഷാത്ക്കാരം അഥവാ ആത്മജ്ഞാനം എന്ന ഏറ്റവും വ്യാപകമായ അർത്ഥത്തിലാണ് 'മതം' എന്ന പദം ഗാന്ധിജി പ്രയോഗിക്കുന്നത്.

വൈഷ്ണവ വിഭാഗത്തിൽ പിറന്നതുകൊണ്ട് ഗാന്ധിജിക്ക് പലപ്പോഴും വൈഷ്ണവ ക്ഷേത്രത്തിൽ പോകേണ്ടിവന്നു. പക്ഷെ, അത് ഗാന്ധിജിയെ ഒട്ടും ആകർഷിച്ചില്ല. അവിടത്തെ തിളക്കവും പ്രതാപവും അദ്ദേഹത്തിനിഷ്ടപ്പെട്ടില്ല. അധാർമ്മികമായ പലതും അവിടെ നടക്കുന്നതായി കേട്ടിരുന്നു. അതോടെ ഗാന്ധിജിയുടെ എല്ലാ താത്പര്യവും നശിച്ചു. അതുകൊണ്ട് ക്ഷേത്രത്തിൽ നിന്ന് ഗാന്ധിജിക്കൊരു നേട്ടവും ഉണ്ടായില്ല. എന്നാൽ ഗാന്ധിജിക്കവിടെ കിട്ടാഞ്ഞത് തന്റെ വൃദ്ധയായ വളർത്തമ്മയിൽ നിന്ന് കിട്ടി. വീട്ടിലെ പഴയ പണിക്കാരി കൂടിയായ രംഭയെന്ന ആ സ്ത്രീയുടെ വാത്സല്യം ഗാന്ധിജിക്ക് നല്ല ഓർമ്മയുണ്ടായിരുന്നു. ഭൂതപ്രേതാദികളെ ഗാന്ധിജിക്ക് പേടിയായിരുന്നു. അതിനുള്ള പ്രതിവിധി രാമനാമം ജപിക്കയാണെന്ന് ആ വളർത്തമ്മ അദ്ദേഹത്തെ ഉപദേശിച്ചു. ആ പ്രതിവിധിയിലുമേറെ അവരിലായിരുന്നു അദ്ദേഹത്തിന് വിശ്വാസം. അങ്ങനെ വളരെ ചെറുപ്പത്തിലേ അദ്ദേഹം രാമനാമം ജപിച്ചുതുടങ്ങി. അത് അധികം നീണ്ടുനിന്നില്ല. പക്ഷേ, ചെറുപ്പത്തിലേ നട്ട ആ നല്ല വിത്ത് വെറുതേയായില്ല. അന്ന് ആ നല്ല സ്ത്രീ നട്ട വിത്താണ് ഭാവിയിൽ രാമനാമമെന്ന തെറ്റാത്ത പ്രതിവിധിയായി ഗാന്ധിജിയിൽ വളർന്നതെന്ന് അദ്ദേഹം വിശ്വസിച്ചു.



**ബിന്ദു. കെ**
**9446422321**

ഇതേകാലത്ത് രാമായണ ഭക്തനായ തന്റെ ഒരു മച്ചുനൻ തന്നേയും ചെറിയ ഏട്ടനേയും 'രാമരക്ഷ' പഠിപ്പിക്കാൻ വേണ്ട ഏർപ്പാട് ചെയ്തു. അവരത് മനപ്പാഠമാക്കി. ദിവസവും രാവിലെ കുളി കഴിഞ്ഞ് ചൊല്ലുകയും ചെയ്തു. പോർബന്തറിലായിരുന്ന കാലമത്രയും അവരാ പതിവ് നിലനിർത്തി. രാജ്കോട്ടിലെത്തിയപ്പോൾ അത് മറന്നു. എന്തെന്നാൽ ഗാന്ധിജിക്കതിൽ വലിയ വിശ്വാസമുണ്ടായിരുന്നില്ല. ഗാന്ധിജി അത് ദിവസവും ചൊല്ലിയത് 'രാമരക്ഷ' ശരിയായ ഉച്ചാരണത്തിൽ ചൊല്ലാൻ കഴിയുമെന്ന് അഹങ്കരിക്കാൻ വേണ്ടിയായിരുന്നു.

ഗാന്ധിജിയുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുള്ള ഒരു സംഗതി അച്ഛന്റെ മുമ്പിൽ നടന്ന രാമായണവായനയാണ്. രോഗബാധിതനായ അച്ഛൻ കുറേക്കാലം പോർബന്തറിൽ രാമായണവായന കേൾക്കുമായിരുന്നു. ബിലേശ്വരത്തെ ലാധാ മഹാരാജെന്ന വലിയ രാമഭക്തനാണ് വായിച്ചിരുന്നത്. കുഷ്ഠം പിടിച്ചിരുന്ന അദ്ദേഹം രോഗമുക്തനായത് ചികിത്സകൊണ്ടല്ലെന്നും ബിലേശ്വരക്ഷേത്രത്തിലെ മഹാദേവന് അർപ്പിച്ച ബില്വപത്രങ്ങൾ എടുത്ത് രോഗം വന്ന ഭാഗങ്ങളിൽ തടവിയും രാമനാമം ജപിച്ചുമാണെന്നും കേട്ടുകേൾവിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസമാണത്രെ അദ്ദേഹത്തെ സുഖപ്പെടുത്തിയത്. അത് സത്യമോ മിഥ്യയോ, എന്തായാലും ഗാന്ധിജിയും വീട്ടുകാരും അത് വിശ്വസിച്ചു.

ലാധാമഹാരാജ് രാമായണ വായന തുടങ്ങിയ കാലത്ത് അദ്ദേഹത്തിന്റെ സ്വരം ശ്രുതിമധുരമായിരുന്നു. അദ്ദേഹം ശ്ലോകങ്ങൾ ചൊല്ലി അർത്ഥം വിവരിക്കും. വിവരണത്തിൽ സ്വയം ലയിക്കുകയും കേൾവിക്കാരെ ലയിപ്പിക്കുകയും ചെയ്യും. ആ വായന ഗാന്ധിജിക്ക് നിർവൃതി നല്കിയിരുന്നു. ഗാന്ധിജിയുടെ അഗാധമായ രാമായണ ഭക്തിക്ക് അടിത്തറയിട്ടത് ആ വായനയാണ്. ഭക്തിസാഹിത്യത്തിലെ ഏറ്റവും മികച്ച ഗ്രന്ഥം തുളസിദാസ രാമായണമാണെന്ന് ഗാന്ധിജി വിശ്വസിച്ചു.

ഏതാനും മാസങ്ങൾക്കുശേഷം രാജ്കോട്ടിലെത്തിയപ്പോൾ അവിടെ രാമായണവായന ഉണ്ടായിരുന്നില്ല. പക്ഷേ, എല്ലാ ഏകാദശിക്കും ഭാഗവതം വായിക്കുമായിരുന്നു. ചിലപ്പോൾ അത് കേൾക്കാൻ ഗാന്ധിജി ചെല്ലാറുണ്ടായിരുന്നു. വായന ആവേശജനകമായിരുന്നില്ല. മതാവേശം ജനിപ്പിക്കാൻ കഴിവുള്ള പുസ്തകമാണ് ഭാഗവതമെന്ന് പിന്നീട് ഗാന്ധിജി മനസ്സിലാക്കി. ഗാന്ധിജി വളരെ താത്പര്യത്തോടെ ഗുജറാത്തിയിലുള്ള ഭാഗവതം വായിച്ചിട്ടുണ്ട്. എന്നാൽ 21 ദിവസം നിരാഹാരവ്രതം അനുഷ്ഠിച്ച കാലത്ത് പണ്ഡിറ്റ് മദന മോഹന മാളവ്യ അതിന്റെ മൂലത്തിലെ ഭാഗങ്ങൾ വായിച്ചതുകേട്ടപ്പോൾ ബാല്യത്തിൽ തന്നെ അതേപോലൊരു ഭക്തനിൽ നിന്ന് അത് വായിച്ചുകേൾക്കേണ്ടതായിരുന്നുവെന്ന് അദ്ദേഹത്തിന് തോന്നി. ആ പ്രായത്തിൽ രൂപപ്പെടുന്ന ധാരണകൾ ഒരാളുടെ സ്വഭാവത്തെ ആഴത്തിൽ സ്വാധീനിക്കും. ഇതുപോലുള്ള നല്ല പുസ്തകങ്ങൾ ആ പ്രായത്തിൽ വായിച്ചുകേൾക്കാൻ ഭാഗ്യം ലഭിച്ചില്ല എന്ന ദുഃഖം ഗാന്ധിജിക്ക് എപ്പോഴുമുണ്ടായിരുന്നു.

എങ്കിലും ഹിന്ദു മതവിഭാഗങ്ങളോടും മറ്റു മതങ്ങളോടും സമഭാവന പുലർത്താനുള്ള ആദ്യപാഠങ്ങൾ രാജ്കോട്ടിൽ ഗാന്ധിജിക്ക് കിട്ടിയിരുന്നു. ഗാന്ധിജിയുടെ മാതാ

പിതാക്കൾ വിഷ്ണുക്ഷേത്രമെന്ന പോലെ ശിവക്ഷേത്രവും രാമക്ഷേത്രവും സന്ദർശിക്കുകയും അവർ മക്കളേയും അവിടെയൊക്കെ കൊണ്ടുപോവുകയോ അയക്കുകയോ ചെയ്യുക പതിവായിരുന്നു. ജൈന സന്യാസിമാർ ഇടക്കിടെ അച്ഛനെ സന്ദർശിച്ചിരുന്നു. ജൈനരല്ലാത്ത ഗാന്ധിജിയുടെ വീട്ടിൽനിന്ന് അവരുടെ പതിവിന് വിരുദ്ധമായി ഭക്ഷണം കഴിക്കുക പോലും ചെയ്തിരുന്നു. അച്ഛനുമായി അവർ മതപരവും ലൗകികവുമായ കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു.

കൂടാതെ മുസ്ലീം - പാഴ്സി സുഹൃത്തുക്കളും അച്ഛനുണ്ടായിരുന്നു. അവർ സ്വന്തം മതത്തെപ്പറ്റി സംസാരിക്കും. അദ്ദേഹം എപ്പോഴും ബഹുമാനത്തോടെ, പലപ്പോഴും താത്പര്യത്തോടെ, ശ്രദ്ധിക്കും. അദ്ദേഹത്തെ ശുശ്രൂഷിച്ചിരുന്ന ആളെന്ന നിലക്ക് ഗാന്ധിജിക്ക് ഈ സംഭാഷണങ്ങൾ കേൾക്കാൻ പലപ്പോഴും സാധിച്ചു. ഇവയെല്ലാം ചേർന്ന്, എല്ലാ മതങ്ങളോടുമുള്ള സമഭാവന ഗാന്ധിജിയുടെ മനസ്സിലുറപ്പിച്ചു. പക്ഷെ അദ്ദേഹത്തിന് ക്രിസ്തുമതത്തോടു അനിഷ്ടമുണ്ടായിരുന്നു. അക്കാലത്ത് ഗാന്ധിജിയുടെ ഹൈസ്കൂളിനടുത്തൊരു മുക്കിൽ നിന്ന് ക്രിസ്ത്യൻ മിഷനറിമാർ ഹിന്ദുക്കളേയും അവരുടെ ദേവന്മാരേയും ആക്ഷേപിച്ചു പ്രസംഗിക്കുക പതിവായിരുന്നു. കൂടാതെ പ്രശസ്തനായ ഒരു ഹിന്ദുവിനെ ക്രിസ്തുമതത്തിൽ ചേർത്തതും ഗാന്ധിജിക്ക് അറിയാൻ കഴിഞ്ഞു. ജ്ഞാനസ്നാനം ചെയ്തപ്പോൾ അയാൾക്ക് ഗോമാംസം കഴിക്കുകയും മദ്യം കുടിക്കുകയും തന്റെ വസ്ത്രം മാറ്റി തൊപ്പിയുൾപ്പടെയുള്ള യൂറോപ്യൻ വേഷം ധരിക്കേണ്ടിവരികയും ചെയ്തു. ഇതൊന്നും ഗാന്ധിജിക്ക് ഇഷ്ടമായില്ല. ഗോമാംസവും മദ്യവും കഴിക്കാനും വസ്ത്രധാരണ രീതി മാറ്റാനും നിർബന്ധിക്കുന്ന ഒരു മതം തീർച്ചയായും ആ പേരർഹിക്കുന്നില്ലെന്ന് ഗാന്ധിജിക്ക് തോന്നി. ആ പുതു ക്രിസ്ത്യാനി തന്റെ മുൻഗാമികളുടെ മതത്തേയും ആചാരത്തേയും രാജ്യത്തേയും അധിക്ഷേപിച്ചുതുടങ്ങിയതായും ഗാന്ധിജി കേട്ടു. ഇക്കാര്യങ്ങൾ ഗാന്ധിജിയിൽ ക്രിസ്തുമതത്തോട് വെറുപ്പുളവാക്കി.

മറ്റു മതങ്ങളോട് സഹിഷ്ണുത പുലർത്താൻ ഗാന്ധിജി പഠിച്ചെങ്കിലും ഈശ്വരനിൽ സജീവ വിശ്വാസമുണ്ടായിരുന്നില്ല. അച്ഛന്റെ പുസ്തകശേഖരത്തിലുണ്ടായിരുന്ന 'മനുസ്മൃതി'യിലൂടെ ഏതാണ്ടിതേ കാലത്ത് ഗാന്ധിജി കടന്നുപോകാനിടയായി. അതിൽ പറയുന്ന സൃഷ്ടികഥയും മറ്റും ഗാന്ധിജിയെ ആകർഷിച്ചില്ല. മറിച്ച്, നിരീശ്വരത്തിൽ ഏതാണ്ടൊരാഭിമുഖ്യം അത് ജനിപ്പിക്കുകയും ചെയ്തു.


ഗാന്ധിജി തന്റെ സംശയങ്ങളുമായി ഗാന്ധിജിയുടെ ഒരു മച്ചുനനെ സമീപിച്ചു. അദ്ദേഹത്തിന്റെ ബുദ്ധിവൈഭവത്തിൽ വിശ്വാസമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിനും ഗാന്ധിജിയെ സഹായിക്കാൻ കഴിഞ്ഞില്ല. പ്രായമാകുമ്പോൾ സ്വയം ഈ സംശയങ്ങൾ തീർക്കാൻ സാധിക്കുമെന്നും ഈ പ്രായത്തിൽ ഈ ചോദ്യങ്ങൾ ചോദിക്കരുതെന്നും പറഞ്ഞ് അദ്ദേഹം ഗാന്ധിജിയെ നിശബ്ദനാക്കി. ബുദ്ധി കുടുതൽ വികസിക്കുകയും കൂടുതൽ വായിക്കുകയും ചെയ്യുമ്പോൾ തനിക്കത് മനസ്സിലാകും എന്ന് ഗാന്ധിജി സ്വയമാശ്വസിച്ചു.

ഗാന്ധിജിയെ അഹിംസ പഠിപ്പിക്കാൻ മനുസ്മൃതിക്ക് കഴിഞ്ഞില്ല. മാംസഭോജനത്തെ മനുസ്മൃതി പിന്താങ്ങുന്നതായിട്ടാണ് ഗാന്ധിജിക്ക് തോന്നിയത്. പാമ്പിനേയും മൂട്ടയേയും മറ്റും കൊല്ലുന്നത് തികച്ചും ന്യായമായി തോന്നി. ഒരുകർത്തവ്യമായെടുത്ത് മൂട്ടകളേയും അതുപോലുള്ള പ്രാണികളേയും അക്കാലത്ത് കൊന്നതായും ഗാന്ധിജി ഓർക്കുന്നുണ്ട്.

എന്നാൽ ധാർമ്മികതയാണ് എല്ലാറ്റിനും അടിസ്ഥാനമെന്നും സത്യമാണ് എല്ലാ ധാർമ്മികതയുടേയും സാരസർവ്വസ്വമെന്നുമുള്ള ബോദ്ധ്യം ഗാന്ധിജിയിൽ വേരൂന്നിയിരുന്നു. സത്യമായിരുന്നു ഗാന്ധിജിയുടെ ഏക ലക്ഷ്യം. അതിന്റെ വ്യാപ്തി ദിവസവും വർദ്ധിക്കുന്നതായും തന്റെ സത്യസങ്കല്പം തന്നെ വികസിക്കുന്നതായും അനുഭവപ്പെട്ടു. അതോടൊപ്പം ഗുജറാത്തിയിലുള്ള ഒരു ഉപദേശാത്മക പദ്യവും ഗാന്ധിജിയെ പിടിച്ചുനിർത്തി. തിന്മയ്ക്കുപകരം നന്മ ചെയ്യൂ എന്ന അതിലെ ആശയം ഗാന്ധിജിയെ നയിക്കുന്ന തത്ത്വമായി മാറി. ഈ തത്ത്വത്തിൽ പല പരീക്ഷണങ്ങളും ചെയ്യാൻ മാത്രം ഗാന്ധിജിക്ക് അതൊരു ആവേശമായിത്തീർന്നു. ●

■ കവിത

# കലികാലം



**കുഞ്ഞുകുട്ടൻ മീനിക്കോട്**
**9446150290**

പ്രളയമുഴുതുമറിച്ച
പശിമരാശി മണ്ണിൽ
അസുരവിത്തുകൾ
മുള പൊട്ടുന്ന കലികാലം.

വർഗ്ഗീയ വിഷവിത്തുകൾ
ഭക്തിയുടെ കമണ്ഡലുവിൽ
ചോരയും നീരും ഊറ്റിക്കുടിച്ച്
ഹരിത കേരളത്തെ
കലാപ ഭൂമിയാക്കുന്നു.

മനുസ്മൃതിയിലേക്ക്
ഘടികാരം തിരിച്ചുവെച്ച്
പിന്നോട്ടോടുന്ന
സമരക്കാരുടെ കൈയിൽ
പത്തൊമ്പതാം നൂറ്റാണ്ടിലെ
തൂക്കുകയർ മാത്രം.

തൂക്കുമരത്തിലേക്ക്
കണ്ണുകൾ കെട്ടി
നടത്തിക്കുമ്പോഴും
ആരാച്ചാരുടെ മനസ്സിൽ
വേതാളനൃത്തമായിരുന്നു.

കലികാലക്കുരുക്ക് മുറുകുമ്പോഴും
അഹിംസയുടെ വേദമന്ത്രം
ക്രയാഗ്നികുണ്ഠത്തിൽ
എരിഞ്ഞുതീരുന്ന ആത്മാക്കൾക്ക്
സ്വർഗ്ഗലോകത്തേക്ക് വഴി തുറന്നു.



# എന്റെ പാലക്കാടൻ ദേശപഴമയുടെ പുതുമ



**മുരളി മൂത്തേടം**
**9847347704**

**ലോ**കത്ത് എവിടെയും മനുഷ്യനിൽ അവന്റെ സ്വന്തം നാടും, വീടും പകരുന്നൊരു ഊർജ്ജം ഉണ്ട്. മറ്റൊന്നിനും പകരമാവാൻ കഴിയാത്ത ആശ്വാസവും, അഭിമാനവുമാണത്.

എന്റെ നാട് പാലമരങ്ങളും കരിമ്പനകളും ധാരാളമായ് വളർന്നിരുന്ന നാട്. പാലനാടായും, പൊറൈനാടായും അറിയപ്പെട്ടിരുന്ന നാട്. പാലീഭാഷ (ജൈനമതഭാഷ) സംസാരിച്ചിരുന്ന പാലീഘട്ട് പിന്നിട്ട് കാലാന്തരങ്ങളിൽ പാലക്കാടായ് മാറിയ കേരളത്തിലെ ഏറ്റവും വലിയ ജില്ലയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ മിഴിവാർന്ന് നിൽക്കുന്ന ചിത്രങ്ങൾ നിരവധിയാണ്.

പശ്ചിമഘട്ടമലനിരകൾ, ചുരമിറങ്ങി വരുന്ന കരിമ്പനക്കാറ്റ്, സ്വർണ്ണവർണ്ണമണിഞ്ഞ നെൽപ്പാടങ്ങൾ, കൽപ്പാത്തിത്തേര്, പാലക്കാടൻ കോട്ട, ഏറ്റവും വലിയ റെയിൽ ജംഗ്ഷൻ, കാളവണ്ടിക്കിലുക്കമുണരും നാട്ടുവഴികൾ അങ്ങിനെ നീളുന്നു ചരിത്രക്കാഴ്ചകൾ. കൂടാതെ കുഞ്ചൻ നമ്പ്യാർ, ഒ. വി. വിജയൻ, ചെമ്പൈ വൈദ്യനാഥഭാഗവതർ തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത മഹാരഥൻമാരുടെ ജന്മഭൂമി എന്ന പെരുമയും പൊതുവേ കാർഷികമേഖലയാണ് പാലക്കാട്. ചിറക് വിരിച്ച് നിൽക്കുന്ന മലനിരകളിലെ നീരുറവകൾ നിളാനദിയിലും, ഭവാനിപ്പുഴയിലും ഒഴുകിയെത്തി കൃഷിയിടങ്ങളിലെ ജലവിതരണം സാധ്യമാക്കുന്നു. കടലും കായലും അന്യമെങ്കിലും ചെറുതും വലുതുമായ ഒൻപതോളം ഡാമുകൾ ഒരു പരിധിവരെ ജലസംഭരണം നടത്തുന്നു. ചുണ്ണാമ്പുക്കല്ല് മുതൽ കരിമണ്ണ്, ചെമ്മണ്ണ് എന്നീ വൈവിധ്യമാർന്ന മണ്ണിനങ്ങളാൽ സംപുഷ്ടമായ ജില്ലയിൽ ഇന്ത്യയിലെ എല്ലാതരം കൃഷിയിനങ്ങളും കൃഷിചെയ്യുന്നു എന്നത് വലിയ സവിശേഷതയാണ്. പാലക്കാടൻ മട്ട എന്ന നെല്ലിനം മുഖ്യ വിളയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മാമ്പഴ കൃഷിയും, കയറ്റുമതിയും ജില്ലയിലെ മുതലമട മേഖലകളിൽ നിന്നാണ്. വെള്ള മൂവാണ്ടൻ എന്ന നാടൻ മാമ്പഴം മണ്ണാർക്കാടൻ മലനിരകളിൽ സുലഭമാണ്. കള്ള് ഉൽപ്പാദനത്തിലും വിപണനത്തിലും ചിറ്റൂർ മേഖല മുന്നിട്ട് നിൽക്കുന്നു. ഇരുമ്പ്, ഉരുക്ക് വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നതും ജില്ലയിലെ കഞ്ചിക്കോട് മേഖലയിലാണ്.

ഏഷ്യയിലെ ഏറ്റവും വലിയ ജൈവ വനഭൂമി സൈലന്റ് വാലി ജില്ലയുടെ ഭാഗമാണ്. നെല്ലിയാമ്പതി, അനങ്ങൻമല, മീൻവല്ലം തുടങ്ങിയ വിനോദസഞ്ചാര മേഖലകൾ ടൂറിസം സാധ്യതകളിൽ നിറക്കാഴ്ച യൊരുക്കുന്നു. വിനോദവിജ്ഞാന യാത്രകൾ നാം മറ്റ് ജില്ലകളിലേക്കും, സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുമ്പോൾ നമ്മുടെ സ്വന്തം പൈതൃകത്തിലേക്ക് തിരിഞ്ഞു നോട്ടം ഇല്ല എന്നത് ആകുലതയുണർത്തുന്ന നഗ്നസത്യമാണ്.

വരിക്കാശ്ശേരി മന, ഒളപ്പമണ്ണ മന, പോഴാത്ത് മന തുടങ്ങി ജില്ലയിലെ അൻപതോളം മനകൾ കരവിരുതിൽ സമന്വയവും പഴമയുടെ ചന്തവും പ്രദാനം ചെയ്യുന്നു. കുഞ്ചൻ നമ്പ്യാർ അടക്കമുള്ള പ്രഗൽഭരുടെ ജന്മഗൃഹങ്ങൾ കുലീനത ചോരാതെ ഇന്നും ജില്ലയിൽ നിലനിൽക്കുന്നു. പട്ടാമ്പിക്കും കുന്ദംകുളത്തിനുമിടയ്ക്ക് കൂട്ടുപാതയിൽ ഉള്ള കട്ടിൽമാടം കൂടാതെ പറമ്പിക്കുളം വന്യജീവിസങ്കേതം, സീതാർകുണ്ട്, ധോണി ഫോറസ്റ്റ് തുടങ്ങി പച്ച പുതച്ചൊരു ശാദ്വലഭംഗി വിളക്കിച്ചേർക്കുന്നു പാലക്കാടൻ മണ്ണിൽ.

സ്വാതന്ത്ര്യ ലബ്ധിക്കുമുൻപ് വള്ളുവനാടൻ ദേശത്ത് (ഇന്നത്തെ ഒറ്റപ്പാലം, പട്ടാമ്പി അടങ്ങുന്ന മേഖല) പ്രൗഢിയുടെ പ്രതീകമായിരുന്നു കവളപ്പാറ കൊട്ടാരം. കൊട്ടാര അധിപൻ കവളപ്പാറ മൂപ്പിൽനായരുടെ നേതൃത്വത്തിൽ അക്കാലത്ത് ടിപ്പു സുൽത്താന്റെ പടയോട്ടത്തിനും ബ്രിട്ടീഷ് ഒളിയുദ്ധങ്ങൾക്കുമെതിരെ പോരാട്ടങ്ങൾ നടന്നിരുന്നതായി പറയപ്പെടുന്നു. കേരളത്തിലെ ഏറ്റവും വലിയ കന്നുകാലി ചന്ത വാണിയംകുളത്ത് നിലവിൽ വന്നതും മൂപ്പിൽ നായരുടെ ഭരണകാലത്താണ്. അന്ന് കന്നുകാലികൾക്ക് പുറമെ ആന, കുതിര, ഒട്ടകം തുടങ്ങിയവയേയും വ്യാപാരത്തിനായ് ദൂരദേശങ്ങളിൽ നിന്ന് വാണിയംകുളം ചന്തയിൽ കൊണ്ടുവന്നിരുന്നു. മൂപ്പിൽനായരുടെ മരണശേഷം ബ്രിട്ടീഷ് അധീനതയിലായ കവളപ്പാറ കൊട്ടാരം ഇന്ന് ആ പഴ

യ പ്രതാപകാല സ്മരണയുടെ അസ്ഥിപഞ്ജരമായ് വാണിയംകുളത്ത് നിലകൊള്ളുന്നു.

സംഗീതം പെയ്തിറങ്ങുന്ന ചെമ്പൈ ഗ്രാമം, കൽപ്പാത്തി തെരുവ്, നെന്മാറ-വല്ലേങ്ങി വേല, പട്ടാമ്പി നേർച്ച, മുണ്ടൂർ കുമ്മാട്ടി, ചിനക്കത്തൂർ വേല, തെരുവത്ത് നേർച്ച, മണ്ണാർക്കാട് പൂരം തുടങ്ങി ജാതിമത വേലിക്കെട്ടുകൾ ഇല്ലാത്ത ആഘോഷരാവുകൾ ഉത്സവം അവസാനിക്കാത്ത പാലക്കാടൻ സന്ധ്യകളിൽ നിലാവ് പോൽ നിറയുന്നത് നയനമനോഹരം. കേരളത്തിൽ ഏറ്റവും കൂടുതൽ ഭഗവതിക്ഷേത്രങ്ങളും, കാവുകളും, കൂടാതെ രായിരനെല്ലൂർ മലകയറ്റം, തിരുവില്വാമല പുനർജ്ജനി ഗുഹ നൂഴൽ പോലുള്ള ഭക്തിനിർഭരമായ തീർത്ഥാടനങ്ങളും പാലക്കാടൻ മണ്ണിൽ തിരമാല പോലെ തുടരുന്നു.

അട്ടപ്പാടി ഗോത്രസമുദായങ്ങൾ ഒന്നടങ്കം പങ്കെടുക്കുന്ന ചെമ്മണ്ണൂർ ശിവരാത്രി പ്രസിദ്ധമാണ്. ഒരു വർഷത്തെ കഠിനവ്രതമെടുത്ത് മല പൂജാരികൾ മല്ലീശ്വരൻമുടി (ശിവ പ്രതിഷ്ഠയുള്ള മല) കയറുന്നതും മലമുകളിൽ തിരിതെളിക്കുന്നതും തുടർന്ന് മലമുകളിലെ തീർത്ഥജലം പ്രസാദമായ് ഭക്തർക്ക് നൽകുന്നതും, ആ തീർത്ഥജലം തളിച്ച് വിത്ത് പാവി കൃഷി തുടങ്ങുന്നതുമായ വിചിത്ര വിശ്വാസങ്ങളും ആചാരങ്ങളും.

ആചാരങ്ങളും അനുഷ്ഠാനങ്ങളും മനകളും കാവും കലയും ഗ്രാമീണ നിഷ്കളങ്കതയും പാശ്ചാത്യ സംസ്ക്കാരത്തിന് വഴിമാറാതെ ഇന്നും തുടരുന്നത് പാലക്കാടൻ മണ്ണിൽ മാത്രം എന്നത് സൗഭാഗ്യമായ് കരുതുന്നു.

കേരളത്തിന്റെ മുഖമുദ്രയായ കഥകളി പിറവിയെടുക്കുന്നതിനുമുൻപ് ഏകദേശം മുന്നൂറ് വർഷങ്ങൾക്കുമുൻപ് ജില്ലയിലെ ചിറ്റൂർ, ആലത്തൂർ, കുഴൽമന്ദം തുടങ്ങി അനുബന്ധ ദേശങ്ങളിൽ പിറവിയെടുത്ത അമൂല്യമായ ഒരു ആചാരകലയാണ് കണ്യാർകളി അഥവാ കണകികളി. പേര് സൂചിപ്പിക്കുന്ന പോലെ കണ്ണകിദേവി മധുരാദഹനശേഷം ശ്രീകുറുംബ ഭഗവതിസങ്കൽപമായ് കുടിയിരിക്കുന്ന ദേശങ്ങളിൽ വേഷപ്പകർച്ചകൾ പുരുഷൻമാരിൽ അധിഷ്ഠിതമായ കലയാണ് കണ്യാർകളി. ദേവനാഗിരി ലിപിയാണ് കണ്യാർകളിയിലെ ചൊല്ലും പദങ്ങളും. കളിയിൽ ദിനവുമുള്ള പിൻതുടർച്ച പോലെ ഇന്നും ദേശങ്ങളിൽ കണ്യാർകളി അഭ്യസിപ്പിക്കുകയും അവതരിപ്പിക്കുകയും കലാഗവേഷകർക്കു മുൻപിൽ കൈപിടിച്ച് ഉയർത്തുകയും ചെയ്യുന്നതിൽ ആശാൻമാരുടേയും അണിയറ പ്രവർത്തകരുടേയും കഠിനപ്രയത്നം അഭിനന്ദനാർഹമാണ്. സവർണ്ണർ കെട്ടിയാടിയിരുന്ന പൊറാട്ടുകളിയും കൂടാതെ പണ്ടുകാലത്ത് ജന്മികളെ വകവരുത്താൻ കീഴാളവർഗ്ഗത്തിലുള്ള പാണൻ, പറയൻ എന്നീ സമുദായക്കാർ സ്വായത്തമാക്കിയ ഒടിയൻ വിദ്യയും ആവിർഭവിച്ചത് പാലക്കാടൻ മണ്ണിൽ എന്നത് ആശ്ചര്യജനകം.

തൊള്ളായിരത്തി അറുപത് എഴുപത് കാലഘട്ടങ്ങളിൽ കഥകളിക്ക് പ്രാമുഖ്യം ഉണ്ടായിരുന്ന കാലത്ത് മിക്ക ദേശങ്ങളിലും കഥകളി കളരികൾ നടന്നിരുന്നതായി പറയപ്പെടുന്നു. ഒരു കഥകളി നടൻ വേഷവിധാനത്തോടെ കഥകളിയാടി വധശിക്ഷ ഏറ്റുവാങ്ങിയതും അക്കാലത്തെ പാലക്കാടൻ കറുത്തചരിത്രം കിള്ളിക്കുറുശ്ശിമംഗലം കുട്ടിശങ്കരൻ (കുഞ്ഞുണ്ണി) എന്ന ആ കലാകാരന്റെ ആത്മസമർപ്പണം പതിറ്റാണ്ടുകൾക്കിപ്പുറം കാംബോജി എന്ന ചലച്ചിത്രരൂപത്തിൽ പൊതുസമൂഹത്തിന് തുറന്ന് കാട്ടിയതും (വിനോദ് മങ്കര, ലക്ഷ്മി പത്മനാഭൻ) രണ്ട് പാലക്കാട്ടുകാർ എന്നത് അഭിമാനകരം. കലകളിലും സാഹിത്യശാസ്ത്ര സാമൂഹികമായ മറ്റ് വിജ്ഞാനശാഖകളിലും പൂർവ്വീകർ ചെലുത്തിയ സ്വാധീനം ജില്ലയിലെ തനതായ ഭാഷാ സംസ്കാരത്തിലും പ്രകടമാണ്. ഭാഷാ പ്രയോഗങ്ങൾ അല്ലെങ്കിൽ ചില നാടൻ ശീലുകൾ ഉദ്ഘോഷിക്കപ്പെടുന്നതും, ഇത്രമേൽ അതിജീവിക്കുന്നതും കൗതുകകരമായ വസ്തുതയാണ്.


തമിഴ്നാടൻ അതിർത്തി പങ്കിടുന്ന ജില്ലയുടെ കിഴക്കൻ മേഖലകളിൽ ചെന്തമിഴ് കലർന്ന മലയാളവും നഗരഭാഗത്തും, അഗ്രഹാരങ്ങളിലും മയിലാപ്പൂർ തമിഴ് കലർന്ന സങ്കരമലയാളവും ജില്ലയുടെ മധ്യഭാഗങ്ങളിൽ ക്രിസ്ത്യൻ കുടിയേറ്റക്കാർ ധാരാളം ഉള്ളതിനാൽ ക്രിസ്ത്യൻ ഭാഷ കലർന്ന ഉച്ചാരണവും. പടിഞ്ഞാറൻ മേഖലകളിൽ മലപ്പുറം, തൃശ്ശൂർ ഭാഷാശൈലികളും കണ്ടുവരുന്നു. എന്നാൽ അട്ടപ്പാടി മേഖലകളിൽ വേറിട്ട ഒരു ഭാഷാപ്രയോഗവും ശ്രദ്ധേയമാണ്. കൂടാതെ മൺപാത്ര നിർമ്മാതാക്കൾ, വിഷവൈദ്യന്മാർ തുടങ്ങിയ ജാതീയ സമൂഹങ്ങളിൽ ചില ആദിവാസിഗോത്രങ്ങളിൽ എല്ലാം എഴുത്തുലിപിയില്ലാത്ത അവ്യക്തമായ വാമൊഴികളും നിലവിൽ ഉണ്ട്. അതുപോലെത്തന്നെ രുചിഭേദങ്ങളാൽ പ്രസിദ്ധമാണ് പാലക്കാട്. ലോകപ്രസിദ്ധമായ രാമശ്ശേരി ഇഡ്ഡലി ജില്ലയിലുള്ള രാമശ്ശേരി എന്ന ഗ്രാമത്തിന്റെ സംഭാവനയാണ്. പട്ടർ സദ്യ, തക്കാളി ചോറ്, കട്ട ചട്നി, മുളക് വറുത്ത പുളി കറി, മസാല സോഡ തുടങ്ങി സ്വാദിഷ്ഠമായ രുചിക്കൂട്ടുകൾ തേടി വിദേശികളടക്കമുള്ളവർ ഇന്നും പാലക്കാടൻ മണ്ണിൽ എത്തുന്നു.

ചരിത്ര സമൃദ്ധമായ പാലക്കാടൻ തെരുവുകൾ പീരങ്കിത്തെരുവ്, എണ്ണത്തെരുവ്, വണ്ടിത്തെരുവ് തുടങ്ങി നാൽപ്പതോളം തെരുവുകൾ, മലമ്പുഴ ഉദ്യാനം, ശിരുവാണി ഡാം, പണിപൂർത്തിയായി വരുന്ന ഫിലിം സിറ്റി. അങ്ങിനെയങ്ങിനെ അവസാനിക്കുന്നില്ല പാലക്കാടൻ കാഴ്ച്ചകൾ.

പാശ്ചാത്യസംസ്കാരഭ്രമത്തിൽ ലയിക്കാൻ ഒരുങ്ങുന്ന പുതുതലമുറയ്ക്ക് കാവും, മനയും, കൃഷിയും, ഭാഷയും പ്രകൃതിയിൽ ചെലുത്തിയ സ്വാധീനവും വിശിഷ്ട കലാരൂപങ്ങൾ ആചാരനന്മകൾ ഭാഷാ മാഹാത്മ്യം ഭക്ഷണവൈവിധ്യം എന്നിവയിൽ ഗുരുകാരണവൻമാരുടെ പ്രയത്നം ബോധ്യപ്പെടുത്തി പാലക്കാടൻ പവിത്രത സംരക്ഷിക്കപ്പെടണം.

പാലപ്പൂവിന്റെ വശ്യതയാർന്ന ഗന്ധവും കരിമ്പനക്കാറ്റിന്റെ ഭ്രമരവും നെൽവയലിലെ നിശ്വാസവും ഇനിയും തുടരട്ടെ...

# ചികിത്സയും നിയമവും



**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

**ഒ**രുകാലത്ത് ഭൂതം, പ്രേതം, പിശാച് എന്നീ അന്ധവിശ്വാസങ്ങൾ നിലനിന്നിരുന്നു. എന്നാൽ ഇന്ന് ഭൂതം, പ്രേതം എന്നിവ അപ്രത്യക്ഷമായി. പക്ഷെ പിശാചുക്കൾ അനുദിനം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. അതായത് പണപിശാചുക്കൾ. പണത്തിനുവേണ്ടി ഏത് പൈശാചിക പ്രവർത്തികളും ചെയ്യുവാൻ മടിക്കാത്തവർ. ഇത് കൂടുതൽ കാണപ്പെടുന്നത് ആരോഗ്യമേഖലകളിൽ തന്നെയാണ്. ജനങ്ങൾ ഇപ്പോൾ നേരിടുന്നത് ആരോഗ്യപ്രശ്നങ്ങൾ തന്നെയാണ്. ഈ പ്രശ്നത്തിന് പരിഹാരക്രിയകളൊന്നും ഫലവത്താകുന്നില്ല. ചികിത്സാ ചിലവുകൾ സാധാരണക്കാരന് താങ്ങാൻ കഴിയാത്ത വിധം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇതിനെ നിയന്ത്രിക്കുവാനുള്ള സർക്കാർ സംവിധാനങ്ങൾ ഒന്നും ഫലപ്രദമാകുന്നുമില്ല. പാവപ്പെട്ട രോഗികളെ ചൂഷണം ചെയ്തു കീശ വീർപ്പിക്കുന്ന മനസ്ഥിതിയാണ് മിക്ക ചികിത്സകരും കാണിക്കുന്നത്. സ്വകാര്യ വൻകിട ആശുപത്രികളിൽ ഭീമമായ ചികിത്സാ ചിലവുകളാണ് പാവപ്പെട്ട രോഗികളിൽ നിന്ന് വസൂലാക്കുന്നത്. സർക്കാർ ആശുപത്രികളിൽ ചികിത്സിക്കുവാനുള്ള സംവിധാനങ്ങൾ വളരെ പരിമിതവുമാണ്. ഇതിന്നുള്ള പരിഹാര മാർഗ്ഗങ്ങൾ സർക്കാർ ഭാഗത്തുനിന്നുള്ളത് ലക്ഷ്യം കാണുന്നുമില്ല. ധാർമ്മികതയിൽ നിന്ന് വ്യതിചലിച്ച് ചൂഷണം ചെയ്യാനുള്ള മനസ്ഥിതിയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. എത്ര സമ്പാദിച്ചുകൂട്ടീട്ടും അത് പെരുപ്പിച്ചുകാണുവാനുള്ള നെട്ടോട്ടം തന്നെയാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. ഇതിനെയാണ് പൈശാചികത്വം എന്ന് നാമകരണം ചെയ്യുന്നത്. സർക്കാരിന്റെ നിയമനിർമ്മാണ പ്രക്രിയകളിൽ, വടി കൊടുത്ത് അടി വാങ്ങുന്ന അവസ്ഥയാണ് ജനങ്ങൾ അനുഭവിക്കുന്നത്. തിരഞ്ഞെടുത്ത ഈ പ്രതിനിധികൾ ചില നിയമനിർമ്മാണങ്ങൾ നടത്തുന്നത് ജനങ്ങൾക്ക് ഗുണത്തേക്കാളേറെ ദോഷകരമായിട്ടാണ് ഭവിക്കുന്നത്. അതായത് കിട്ടിക്കൊണ്ടിരിക്കുന്ന ചില സൗകര്യങ്ങൾ ഇല്ലാതെയാവുന്ന അവസ്ഥ. പ്രത്യേകിച്ച് ആരോഗ്യമേഖലകളിൽ കടന്നുകൂടീട്ടുള്ള വ്യാജന്മാരെ സംഹരിക്കുവാനുള്ള നിയമ നടപടികൾ നിരപരാധികളേയും സാരമായി ബാധിക്കുന്നു. ഇപ്പോൾ ചികിത്സാ സംവിധാനങ്ങളിൽ എടുത്തിട്ടുള്ള നിയമനടപടികൾ പ്രയോഗിക്കുമ്പോൾ, ന്യായമായി പ്രാക്ടീസുചെയ്യുന്ന ചികിത്സകർ, പ്രാക്ടീസ് നിർത്തലാക്കേണ്ട അവസ്ഥയിലേക്ക് എത്തിച്ചേരുകയും ഇത് മൂലം പാവപ്പെട്ട രോഗികൾക്ക് ചെറിയ അസുഖങ്ങൾക്കുപോലും, സർക്കാർ ആശുപത്രിയിലേക്കോ സ്വകാര്യ ആശുപത്രികളിലേക്കോ ശരണം പ്രാപിക്കേണ്ട അവസ്ഥയിലേക്ക് നീങ്ങുന്നു. ഉൾനാടുകളിൽ ജനങ്ങൾക്ക് ചികിത്സാസൗകര്യങ്ങൾ ലഭ്യമാകുന്നത്, സ്ഥലങ്ങളിലെ എല്ലാവിധ ചികിത്സാ സംവിധാനങ്ങളിൽപെട്ട ചെറുകിട ചികിത്സകരിലൂടെയാണ്. അവർക്ക് പ്രസ്തുത ചികിത്സകരിൽ വിശ്വാസവും ഫലപ്രദമായ ചികിത്സകളും ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ പുതിയ നിയമനിർമ്മാണം പ്രായോഗികമാവുമ്പോൾ പ്രസ്തുത ചികിത്സകർക്ക് പ്രായോഗിക ബുദ്ധിമുട്ട് മൂലം അവർ ചികിത്സ നിർത്തേണ്ട തീരുമാനം എടുക്കുമ്പോൾ ജനങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സൗകര്യങ്ങൾ ഇല്ലാതാവുന്നു. എന്നാൽ രോഗികൾക്ക് ആനുപാതികമായിട്ടുള്ള സർക്കാർ ആശുപത്രികൾ ഇല്ലതാനും. നിയമനിർമ്മാണം നടത്തുമ്പോൾ അത് പ്രായോഗിക ബുദ്ധിമുട്ടുകളെ പരിഗണിച്ചുവേണം നടപ്പിലാക്കുവാൻ. ചില നാട്ടിൽപുറങ്ങളിൽ, ആദിവാസി ചികിത്സകരുടെ ഒറ്റമൂലിക പ്രയോഗത്താൽ സ്ഥലങ്ങളിലെ ധാരാളം രോഗികൾക്ക് ആശ്വാസകരമായിരുന്നത് സർക്കാരിന്റെ പുതിയ ആരോഗ്യ നിയമ നിർമ്മാണത്തിൽ ഭയന്ന് അവർ പലായനം ചെയ്തതായിട്ടാണ് അറിയാൻ കഴിഞ്ഞത്. സ്വകാര്യ ചില ആശുപത്രികളിലാണെങ്കിൽ തെറ്റായ രോഗനിഗമനം വഴി രോഗികളെ വൈഷമ്യാവസ്ഥയിലേക്ക് നയിക്കുന്നു. ഇതിന്നാസ്പദമായ ഒരു സംഭവം വിവരിക്കാം. അതികഠിനമായ വയറുവേദനയ്ക്ക് ഒരു രോഗി രാത്രി സുമാർ എട്ടുമണിക്ക് സ്ഥലത്തെ ഒരു സ്വകാര്യ ആശുപത്രിയെ സമീപിക്കുകയും, ഡ്യൂട്ടി ഡോക്ടർ പ്രസ്തുത രോഗിയെ പരിശോധിച്ചശേഷം ഇ. സി. ജി. എടുത്തിട്ടുവരുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ബുദ്ധിമാനായ രോഗി, ഇ.സി.ജിയ്ക്കും വയറുവേദനയ്ക്കും എന്താണ് ബന്ധം എന്ന് സ്വയം ആലോചിച്ചശേഷം അടുത്തുള്ള മരുന്നുഷോപ്പിൽ നിന്ന് ഗ്യാസിനുള്ള ഗുളിക കഴിക്കുകയും രോഗശമനം നേടുകയും ചെയ്തു. ഇങ്ങിനെയുള്ള സൗകര്യങ്ങൾ രോഗികളെ സംബന്ധിച്ച് എത്രയും ആശ്വാസകരമാണ്. രോഗികളെ സംബന്ധിച്ച് ഫലപ്രദമായ ചികിത്സയാണ് അവർ കാംക്ഷിക്കുന്നത്. അല്ലാതെ ചികിത്സകരുടെ ബയോഡാറ്റയല്ല. വ്യാജന്മാരെ കണ്ടുപിടിക്കുവാനും അവരെ നിയമവിധേയമാക്കുവാനും ഉള്ള സ്വാതന്ത്ര്യം രോഗികൾക്കും പൊതുജനങ്ങൾക്കും നൽകുന്നത് വളരെയേറെ പ്രയോജനം ചെയ്യും. അതുകൊണ്ട് നിയമനിർമ്മാണം ജനങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സൗകര്യങ്ങളെ നിലനിർത്തിക്കൊണ്ടുവേണം പ്രായോഗികമാക്കേണ്ടത്.


ചികിത്സകരെ തെരഞ്ഞെടുക്കുവാനുള്ള അവകാശം രോഗികൾക്കുണ്ട്. അതിനെ തടയുന്നത് രോഗികളുടെ മൗലികാവകാശത്തിൽ കൈ കടത്തലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. നിയമം കൊണ്ട് വ്യാജന്മാരെ, നിയ

ന്ത്രിക്കുന്നതിൽ പൂർണ്ണവിജയം കൈവരിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. നിയമത്തെ മറികടന്ന് പ്രവർത്തിക്കുവാനുള്ള മനഃസ്ഥിതി അവർക്കുണ്ട്. പേരിനൊപ്പം വ്യാജ വിദേശ ബിരുദങ്ങൾ ചേർത്ത് പ്രാക്ടീസ് ചെയ്തിരുന്ന ഒരു ചികിത്സകനെ പിടികൂടി പ്രാക്ടീസ് ചെയ്യരുതെന്ന ചീഫ് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തിന്ന് എതിരായി കോടതിയിൽ നിന്ന് പ്രസ്തുത ഉത്തരവിന് സ്റ്റേ വാങ്ങിച്ച് വലിയ ബോർഡ് വെച്ച് ചികിത്സ തുടർന്നതായിട്ടുള്ള സംഭവവും ഉണ്ടായിട്ടുണ്ട്. ചികിത്സയെ സംബന്ധിച്ചിടത്തോളം പരിചയസമ്പന്നതക്കാണ് മുൻതൂക്കം നല്കേണ്ടത്. അതിന്നാണ് യോഗ്യത എന്ന സ്ഥാനപ്പേരിന്നർഹത. പണ്ടുകാലത്ത് ജീവിച്ചിരുന്നവർ പൂർണ്ണ ആരോഗ്യവാന്മാരായിരുന്നു ഇന്നത്തേക്കാൾ. പണ്ടുകാലത്ത് പ്രസവങ്ങളെല്ലാം നടന്നിരുന്നത് അതാത് വീടുകളിൽ വെച്ചായിരുന്നു. സുഖപ്രസവങ്ങളായിരുന്നു നടന്നിരുന്നത്. ഇന്നത്തെപ്പോലെ ഒന്നും രണ്ടും പ്രസവത്തിൽ ഒതുങ്ങിയിരുന്നില്ല. അഞ്ചുമുതൽ പന്ത്രണ്ടിന്നുമേൽ പ്രസവിച്ചിരുന്ന സ്ത്രീകളായിരുന്നു അധികവും. ഇന്നാണെങ്കിൽ പ്രസവം ആശുപത്രികളിലാണ്. സുഖപ്രസവത്തിനുപകരം ശസ്ത്രക്രിയ പ്രയോഗങ്ങളാണ് ആശുപത്രികളിൽ നടക്കുന്നതും. പരേതനായ നിമിഷ കവി ശ്രീമാൻ കുഞ്ഞുണ്ണി മാസ്റ്റർ പറഞ്ഞ ഒരു കാര്യം ഇവിടെ ചേർക്കാം. 'പണ്ട് പേറ്; ഇന്ന് കീറ്'. അതായത് പണ്ടുകാലങ്ങളിൽ സുഖപ്രസവങ്ങളും ഇന്ന് സിസേറിയൻ പ്രസവങ്ങളുമാണ് നടക്കുന്നത്. ഇന്ന് പൂർണ്ണ ആരോഗ്യം നിലനിർത്തുന്നവർ ഇല്ലെന്നുതന്നെ പറയാം. ആയുഷ്ക്കാലം മരുന്നുകൾ (Chemicals) കഴിച്ച് ജീവിക്കേണ്ട അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. ജീവിതശൈലിയിലെ മാറ്റങ്ങളും മരുന്നുകളുടെ അമിത പ്രയോഗങ്ങളും ആയിരിക്കാം പ്രധാന കാരണം. പെട്ടെന്നു വരുന്ന ചെറിയ അസുഖങ്ങൾക്ക് രോഗികൾ മരുന്നു ഷോപ്പിൽ നിന്ന് മരുന്നു വാങ്ങിക്കഴിച്ചു രോഗശമനം നേടുന്ന പ്രവണത നിലനിൽക്കുന്നു. ഇത് അശാസ്ത്രീയമാണെങ്കിലും രോഗികളെ സംബന്ധിച്ച് വളരെ ആശ്വാസകരമായ കാര്യമാണ്. കാരണം ഡോക്ടറെ കാണുന്നതിനുവേണ്ടിയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ജോലിക്ക് മുടക്കം വരാതേയും സാധിക്കുന്നതാണ്. നിയമനിർമ്മാണേന ഈ സൗകര്യങ്ങളെ ഇല്ലാതെയാക്കുന്നത് അവരോടു ചെയ്യുന്ന ക്രൂരതയായിരിക്കും.

ഇന്ന് രോഗികൾ അനുഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരത്തിനായി നൂറു ശതമാനം ധാർമ്മികതയെ അടിസ്ഥാനമാക്കി ചില സംഘടനകൾ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. ഫലപ്രദമായ ചികിത്സകളാണ് രോഗികൾക്ക് ലഭിക്കുന്നത്. ചികിത്സയെ സംബന്ധിച്ച് പരസ്യങ്ങൾക്ക് അടിമപ്പെടാതെയാണ് പ്രസ്തുത സംഘാടകരുടെ പ്രവർത്തനമേഖല. സന്മനസ്സുകളായ പ്രവർത്തരുടെ കൂട്ടായ്മയാണ് അവിടെ പ്രതിഫലിക്കുന്നത്. ഇവയെ നിരുത്സാഹപ്പെടുത്തുന്നതിനുപകരം പ്രോത്സാഹിപ്പിക്കേണ്ടത് മാനുഷിക ധർമ്മമാണ്. ●

■ കവിത

# ഊര്



സൈനുദീൻ മുണ്ടക്കയം
9947253006

ഊരുണ്ടേലുറവുണ്ട് ഉണ്മയുണ്ട്
ഊരിന്റെ പേരിൽ മഹത്വമുണ്ട്.
ഊരുകൾ ചുറ്റി നടപ്പോരുണ്ട്
ഊരില്ലാതലയുന്നോരേറെയുണ്ട്.

ഊരാണ്മക്കാരനുമൂഴമുണ്ട്
ഊക്കന്മാരെന്നു നടിപ്പോരുണ്ട്
ഉറുമാലും കെട്ടി നടപ്പോരുണ്ട്
ഉറ്റോരുടയോരില്ലാത്തോരുണ്ട്

ഊരുകളനവധിയുണ്ടുനാട്ടിൽ
ഊരാളന്മാരുമുണ്ടത്രയ്ക്കത്ര !!
ഊരോടെ പേരും പ്രസിദ്ധമാണ്,
ഊരിന്നുപേരുമായില്ലബന്ധം.

ഉണ്മയിലെല്ലാരും തുല്യരാണ്,
ഊരുകൾക്കുള്ളിൽ സമത്വമാണ്,
ഊരുവിട്ടിങ്ങ് പുറത്തുവന്നാൽ
ഊന്നുവടിയൊന്നു കൂടെവേണം.

ഉന്തിയും തള്ളിയും കൂടെ നില്ക്കാൻ
ഉള്ളവർക്കൊപ്പം തിരക്കുകാണാം;
ഉള്ളിലിരിപ്പതു കള്ളമാണ്
ഉള്ളഴിവുള്ളവരേറെയില്ല. (ദയവ്)

ഉൾത്തിരക്കുള്ളവരെന്നുമെന്നും (ശത്രുത)
ഉൾച്ചൂടറിയുന്നോരല്ല തെല്ലും (മനഃസ്ഥാപം)
ഉൾച്ചിരികൊണ്ട് മയക്കിടാനായ് (കള്ളച്ചിരി)
ഉത്സാഹമേറെയവർക്കുമുണ്ട്.

ഉശിരുള്ളോർക്കെന്നും വിലയുമുണ്ട്,
ഉയിരുള്ള കാലം പൊരുതിനില്ക്കും;
ഉയരെപ്പറക്കാനവർക്കുമോഹം,
ഉടലുറപ്പുള്ളോർക്കു സാദ്ധ്യമാകും.

ഉത്താലനാകുമൊരുത്തനെന്നും (ശക്തൻ)
ഉത്തിഷ്ഠനാകുമെന്നോർക്കവേണം (വർദ്ധിച്ച)
ഉത്തരീയത്തിന്റെ ശോഭ കാട്ടാൻ
ഉത്തരവാദി പണിപ്പെടില്ല.

ഉത്തുംഗശ്രേണി പിടിച്ചുപറ്റാൻ
ഉത്തേജകരായിട്ടാളുവേണം,
ഉത്ഥാനം കൊണ്ടേ ഫലം ലഭിക്കൂ (പുരുഷത്വം)
ഉത്സുകരെന്നും ജയിച്ചുകേറും.

ഊരിന്നുപേരു പറയിപ്പോന്റെ
ഊരയ്ക്കുതന്നെ ചവിട്ടിടേണം;
ഊരുള്ളോർ പേരുള്ളോരായിടുമ്പോൾ-
ഊരും പ്രിയങ്കരമായിടുന്നു.

# തുരപ്പനാരാ മോൻ

**ക**ർഷകർക്ക് തലവേദനയുണ്ടാക്കുന്ന എലികളുടെ സ്വഭാവവും ജീവിതരീതികളും വളരെ രസകരമാണ്. എല്ലായിനം എലികളും മാളങ്ങളുണ്ടാക്കുന്നില്ല. പലരും മടിയൻമാരാണ്. മാളങ്ങളുണ്ടാക്കുന്നതിൽ വിരുതൻ തുരപ്പൻ എലിയാണ്. പേരുപോലെത്തന്നെ ഇവൻ തുരന്നു തുരന്നങ്ങുപോകും.

പുരയിടങ്ങളിലും വയലേലകളിലും കാണപ്പെടുന്ന ഇവൻമാർ എന്തിനാണ് മാളങ്ങളുണ്ടാക്കുന്നത്. ചൂടിൽ നിന്നും രക്ഷപ്പെടാനാണ്. കൂടാതെ ശത്രുക്കളിൽ നിന്ന് മറഞ്ഞിരിക്കാനും പകൽ സമയം വിശ്രമിക്കാനും സ്വസ്ഥമായി ഇണചേരാനും തീറ്റ സാധനങ്ങൾ അന്യർ അപഹരിക്കാതെ സൂക്ഷിച്ചുവയ്ക്കാനും ഇത് ഉപകരിക്കുന്നു.

പുര എലിയും ചുണ്ടെലിയും മനുഷ്യരോടൊപ്പം വീടുകളിൽ കഴിയുന്നതുകൊണ്ട് മാളമുണ്ടാക്കാൻ മെനക്കെടാറില്ല. നിവൃത്തിയില്ലാതെ മാത്രം കണ്ടവർ ഉപേക്ഷിച്ച് മാളങ്ങളിൽ അതിക്രമിച്ചുകടന്ന് താമസമാരംഭിച്ചുകളയും. രാത്രിഞ്ചരൻമാരായ മൂഷികൻമാർ സാധാരണ നേരേയുള്ള ചെറുമാളങ്ങളുണ്ടാക്കുന്നു. എന്നാൽ പകൽമാന്യന്മാർ വളരെ നിഗൂഢമായതും പലതട്ടുകളുള്ളതുമായ മാളുകൾ പോലെയുള്ള മാളങ്ങൾ ഉണ്ടാക്കി പൊറുതിയാരംഭിക്കുന്നു.

എലികൾക്ക് സഹിക്കാൻ പറ്റാത്ത കാര്യം ഒന്നേയുള്ളു ചൂട്. അല്പസമയം വെയിലത്ത് നിന്നാൽ ഇവർ മയ്യത്താകും. അതുകൊണ്ട് എലിപ്പത്തായത്തിൽ എലി കുടുങ്ങിയാൽ കൊല്ലാനെളുപ്പമാണ്. പത്തായം വെയിലത്ത് വയ്ക്കുക. പത്തുമിനിട്ടിനകം പണിതീരും. അതിനാൽ സദാസമയവും ഇവർ എ.സി. റൂമിലായിരിക്കും വസിക്കുന്നത്.



**അശോപ്പി ചേർത്തല**
**9388909583**

മിക്ക എലികൾക്കും മാളത്തിലേക്ക് കടക്കാൻ സിംഗിൾ ഗേറ്റ് മാത്രമേ കാണുകയുള്ളു. എന്നാൽ ചിലർക്ക് ഒന്നിലധികം കവാടങ്ങൾ കാണും. ബുദ്ധിയുള്ളവർ ഒന്നൊഴികെ ബാക്കിയെല്ലാം മണ്ണുകൊണ്ട് ക്ലോസ് ചെയ്തിരിക്കും. കൗശലക്കാരായ മറ്റൊരു കൂട്ടർ അപകടം മണത്തറിഞ്ഞ് പെട്ടെന്നുതന്നെ മാളത്തിൽ നിന്ന് മറ്റൊരു ദ്വാരമുണ്ടാക്കി അതിവേഗം രക്ഷപ്പെട്ടുകളയും.

***പലതരം ചേംബറുകൾ***

ഒട്ടുമിക്ക മൂഷികർക്കും മനുഷ്യരെപ്പോലെ അടുക്കും ചിട്ടയും പ്ലാനിംഗുമെല്ലാമുണ്ട്. മാളങ്ങളുണ്ടാക്കി തളരുമ്പോൾ ഇവർക്ക് വിശ്രമിക്കാനുള്ള റെസ്റ്റ് ഹൗസ് അതിനകത്തുണ്ടാകും. ഇതിൽ കരിയിലയോ വൈക്കോലോ നിരത്തി പരുവപ്പെടുത്തിയെടുക്കും. പ്രത്യേക ആകൃതിയിലുള്ള ഡൈനിംഗ് ഹാൾ ഉണ്ടാകും. അതിൽ പഞ്ഞമാസത്തിൽ തിന്നാനുള്ള ഭക്ഷണം കരുതിവയ്ക്കും. ഭക്ഷണം കൂടുതലുണ്ടെങ്കിൽ ഹാളിന്റെ എണ്ണവും കൂടും.

ലേബർ റൂം

കുഞ്ഞുങ്ങളെ പ്രസവിക്കാനും പരിപാലിക്കുവാനുമായി പ്രത്യേകം കൺമണി റൂമുകളുണ്ട്. കൂടുതൽ തീറ്റയുള്ള കാലങ്ങളിൽ അതിനനുസരിച്ച് പ്രസവമുറികളുടെ എണ്ണവും കൂടും. ഒറ്റ പ്രസവത്തിൽ ആറുമുതൽ പന്ത്രണ്ട് കുഞ്ഞുങ്ങളെ വരെ ലഭിക്കും.

***തുരപ്പൻ***

ദൈർഘ്യമേറിയ മാളങ്ങളുണ്ടാക്കുന്ന ഈ മൂഷികവർഗ്ഗം താരതമ്യേന മറ്റുള്ളവരെ അപേക്ഷിച്ച് വലിയ സൂത്രക്കാരാണ്. മരച്ചീനിത്തോട്ടമാണ് തുരപ്പന്റെ വീര്യം കാണിക്കാനുള്ള വിഹാരരംഗം. കർഷകന്റെ നെഞ്ചിടിപ്പ് കൂട്ടുന്നവൻ. മണ്ണിനുമുകളിൽ ഇവനെ മഷിയിട്ടുനോക്കിയാൽ കാണാൻ കിട്ടില്ല. ജെ. സി. ബി. പോലെ മാളം തുരന്ന് തുരന്ന് കിട്ടുന്ന മണ്ണു മുഴുവൻ പുറത്തുകൊണ്ടുപോയി ചാടിക്കുകയാണ് ഇവന്റെ പ്രധാന കലാപരിപാടി. ശരീരം ചെറുതെങ്കിലും പന്നിത്തല പോലെയുള്ള ശിരസ്സ്, ഇരുണ്ടനിറം. ശരീരത്തേക്കാൾ ചെറിയ കണ്ണുകൾ, കാനനവാസിയാണ്.

ധാന്യങ്ങൾ, മത്സ്യം, മാംസം, പഴങ്ങൾ, ഉള്ളി, സവാള, പച്ചക്കറികൾ, തേങ്ങ, മരച്ചീനി, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയെല്ലാം പെരുത്തിഷ്ടമാണ്. അതിനാൽ കൃഷിയിടങ്ങളോടുചേർന്നാണ് ഇഷ്ടന്റെ വാസം. കൃഷിസ്ഥലത്ത് പുതിയ മണ്ണ് കൂന പോലെ കാണുന്നുണ്ടെങ്കിൽ ഇവന്റെ മാളം അണ്ടർഗ്രൗണ്ടിലൂടെ കടന്നുപോകുന്നുണ്ട് എന്ന് ഉറപ്പിക്കാം. ഇവയുടെ കാഷ്ഠത്തിന് അണ്ഡാകൃതിയാണ്.

***തുരപ്പന്റെ മാളം***

പക്ഷഭേദമില്ലാതെ പാടത്തും പറമ്പിലും തുരപ്പൻ മാളമുണ്ടാക്കും. അതുകൊണ്ടാണ് ഈ സ്വഭാവമുള്ള ചില മനുഷ്യർക്കും ഇവന്റെ പേര് വീഴുന്നത്. ചെറുമാളം തൊട്ട് അറുപത് മീറ്റർ വരെ നീളമുള്ള ബ്രോഡ്ഗേജ് മാളങ്ങളുമുണ്ട്. മാളത്തിന് പന്ത്രണ്ട് മീറ്റർ വരെ ആഴമുണ്ടാകും. പത്ത് പതിമൂന്ന് കവാടങ്ങളുമുണ്ടായിരിക്കും. സാധാരണ ഒരു മാളത്തിൽ ഒരെലിയെ കാണൂ. പ്രജനന കാലത്ത് രണ്ട് ആണെലികളും മുപ്പത് പെണ്ണെലികളും ആറ് കുഞ്ഞുങ്ങളുമായി കൂട്ടുകുടുംബവ്യവസ്ഥിതിയോടെ ഓരോ മാളത്തിലും കാണാറുണ്ട്.

ഷട്ടറുകൾ മുഴുവനും തുറന്നപ്പോൾ കിട്ടിയ മണ്ണുകൊണ്ട് ഗേറ്റുകളെല്ലാം അകത്തുനിന്ന് മൂടിയിരിക്കും. മാളത്തിന് നീളം കൂടുമ്പോൾ ഷട്ടറുകൾ അടക്കാറില്ല. പറമ്പുകളിൽ ധാരാളം ഭക്ഷണമുള്ളപ്പോൾ മാളത്തിൽ കൊണ്ടുവന്ന് ഡെപ്പോസിറ്റ് ചെയ്യാറില്ല. പാടത്തും വരമ്പത്തും അഹോരാത്രം പണിയെടുത്ത് ഉള്ള മണ്ണ് മുഴുവൻ പുറത്തുചാടിക്കും. വർഷത്തിൽ ആറ് മുതൽ എട്ട് പ്രാവശ്യമാണ് പെണ്ണെലികളുടെ ഡെലിവറി ടൈം.

ഇവന്റെ സന്തതിപരമ്പരകൾ വയലേലകൾ ഭരിക്കുന്ന കാഴ്ചയാണ് ഇന്ത്യ മുഴുവൻ കാണുന്നത്. പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ ഇതരസംസ്ഥാനക്കാരോടൊപ്പം കേരളീയരായ തുരപ്പൻമാരുടേയും ശല്യം വർദ്ധിക്കുകയാണ്.


സ്കൂബീ ഡൈവിംഗിൽ നീന്തൽ വിദഗ്ദ്ധരായ തുരപ്പൻമാർ മറ്റെലികളെ തുരത്തിയോടിക്കാനും മിടുക്കരാണ്. കന്യാകുമാരി മുതൽ വടക്കോട്ട് ഹിമാലയം വരെ ഇക്കൂട്ടരുടെ തേർവാഴ്ചയാണ് നടക്കുന്നത്. കനാലുകളും മൺതിട്ടകളും കൂടാതെ വീടുകളുടേയും സർക്കാർ ഓഫീസുകളുടേയും അടിത്തറ വരെ മാന്തി ഇവർ തുരങ്കമുണ്ടാക്കി നശിപ്പിക്കും. എവിടെയെല്ലാം ഭക്ഷണം കുശാലായിട്ട് കിട്ടുമോ അവിടെയെല്ലാം തുരപ്പന്റെ വിളയാട്ടം അനസ്യൂതം തുടർന്നുകൊണ്ടേയിരിക്കും. ●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## പഠനം

വാ  അലസത പഠിപ്പിക്കാം...
ഏയ്. പിന്നെയാകാം...

## അന്വേഷണങ്ങൾ

“അത് ശരി  യ്യ് പെണ്ണ് കിട്ടണില്ലാന്ന് പറഞ്ഞ്
ഇങ്ങനെ നടന്നാലെങ്ങനെ. ഇറങ്ങിയങ്ങോട്ട് അന്വേഷിക്കണമെടാ.”
“അതിപ്പൊ  അവരും അന്വേഷിക്കില്ലേടാ.”

## ആഗ്രഹങ്ങൾ

“ആരെങ്കിലും ഒരു പത്ത് രൂപ തന്നിരുന്നെങ്കിൽ...”
“തന്നിരുന്നെങ്കിൽ...?
“ഒരു പേഴ്സ് വാങ്ങാമായിരുന്നു.”

## മനസ്സ്

മനസ്സുവെച്ചാ നടക്കും ട്ടൊ. മനസ്സിൽ വെച്ചാ നടക്കില്ലാട്ടൊ.

## അന്തസ്സ്

കട്ടൻ ചായ ഒരു കവിൾ കുടിച്ചശേഷമാണ് ഗോപേട്ടൻ പറഞ്ഞത്.
“എന്തൊക്കെയായാലും പാലു വാങ്ങാനും കുടിക്കാനുമൊക്കെ സാധിക്കുന്ന കാലം വന്നപ്പോഴും എനിക്കതിനു  പ്രാപ്തിയുണ്ടെന്ന്  ആളുകൾക്കൊക്കെ ബോദ്ധ്യം വന്നപ്പോഴും തന്നെയാ കട്ടൻ ചായ കുടിക്കണതിന് ഒരു അന്തസ്സൊക്കെ വന്നത്.  അതുവരെ അതൊരു രണ്ടാം നമ്പരായിട്ടങ്ങനെ...”
കേട്ടു നിന്ന കേളുവേട്ടൻ അതിങ്ങനെ പൂർത്തിയാക്കി “ഉള്ളവൻ കുടിക്കുമ്പോൾ കട്ടൻ ചായക്കുമെന്തൊരന്തസ്സ്.”

## ബാലൻസ് ഷീറ്റ്

അയാൾക്ക് എല്ലാം കാട്ടിക്കൂട്ടലുകൾ ആയിരുന്നു. ആളെ കാണിക്കാനും ആളു കാണാനുമുള്ള വെറും കാട്ടി കൂട്ടലുകൾ, അഭിനയങ്ങൾ. സ്നേഹം, വിനയം, ആത്മാർത്ഥത, സൗഹൃദം എല്ലാം അയാൾ ആവശ്യാനുസരണം ആർക്കു മുന്നിലും  ഭംഗിയായി പരീക്ഷിച്ചു കൊണ്ടേയിരുന്നു, അഭിനയിച്ചു കൊണ്ടേയിരുന്നു. തന്റെ യഥാർത്ഥ ഭാവം, മുഖം ആരും ഒന്നും മനസ്സിലാക്കുന്നില്ല അല്ലെങ്കിൽ അതൊന്നും മനസ്സിലാക്കാൻ ആരും പ്രാപ്തരല്ല എന്ന മട്ടിൽ. ഒടുവിൽ ജീവിതത്തിന്റെ ബാലൻസ് ഷീറ്റ് എത്തിയ നേരം അയാൾ ആർത്തിയോടെ നോക്കി. കാലം രേഖപ്പെടുത്തി വെച്ച വലിയ വട്ടപൂജ്യം കണ്ട് കണ്ണുകൾ തള്ളിയിരുന്ന അയാളെ നോക്കി ചുറ്റും കൂടി നിന്നവർ ഒരേ സ്വരത്തിൽ പറഞ്ഞു.
“ഇത് കാട്ടി കൂട്ടലല്ലട്ടൊ, അഭിനയവുമല്ല. ഇത് യഥാർത്ഥ മുഖം, യഥാർത്ഥ ഭാവം.”

## മൂപ്പര്

“കോലം കെട്ട ഈ കാലവുമായി നന്നായി കലഹിക്കുന്ന, കാലത്തെ അതിജീവിക്കാൻ പ്രാപ്തമായ, ലോക നിലവാരമുള്ള ഏത് രചനകളോടും കിടപിടിക്കാവുന്ന രചനകളാണത്രെ മൂപ്പരുടേത്. തലങ്ങും വിലങ്ങും ഇറങ്ങുന്ന ചവറ് സൃഷ്ടികളിൽ നിന്ന് മൂപ്പരുടെ സൃഷ്ടികൾ വ്യത്യസ്തമാകുന്നതും അതുകൊണ്ടാണത്രെ.”
“അയ്ക്കോട്ടെ ആരാ ഇതൊക്കെ പറഞ്ഞത് ?”
“മൂപ്പരന്നെ ...”

●

# ഇന്ത്യൻ സൈനിക സേവനങ്ങളും സവിശേഷതകളും



ഡോ. ഒ. സി. പ്രമോദ്
9446071421

വിജ്ഞാനച്ചെപ്പിൽ ഇപ്രാവശ്യം നമ്മുടെ മിലിറ്ററി സർവ്വീസിനെപ്പറ്റി (സൈനിക സേവനം) പറയാം. സാധാരണക്കാർക്ക് വരെ പ്രാപ്യമായിരിക്കുന്ന മിലിറ്ററി സർവ്വീസിനെപ്പറ്റി ഭൂരിപക്ഷം പേർക്കും വലിയ പിടിയില്ലെന്ന് തോന്നുന്നു. സൈനിക സേവനം കഴിഞ്ഞ് മിലിറ്ററി ക്വാട്ട (മദ്യം) യുമായി മിനുങ്ങി നടക്കുന്നതും പുളുവടിയുടെ ഗുണ്ട് പൊട്ടിക്കുന്നവരുമായ എക്സ് സർവ്വീസ് (വിമുക്ത ഭടന്മാർ) കാരെ കാണുമ്പോൾ നാട്ടുകാർക്ക് ഇവരെപ്പറ്റി നല്ല അഭിപ്രായം ഇല്ല എന്ന് തോന്നുന്നു. കൃത്യമായ പെൻഷനും ക്വാട്ടയും കിട്ടുന്നതുകൊണ്ട് കൂടെ നിന്നാൽ വിദേശമദ്യത്തിന്റെ രുചി ഓസിന് നുകരാം എന്നതാണ് ഇവരെ ചിലർക്കെങ്കിലും പ്രിയങ്കരരാക്കുന്നത്. സൈനിക സർവ്വീസ് എന്നാൽ തോക്കും മറ്റും ഉപയോഗിക്കലും കാവൽ ജോലിയും മറ്റുമാണെന്നും, ഇവർക്ക് മുഖ്യമായും ബുദ്ധിയേക്കാൾ ഉപരി കായികക്ഷമതയും ആരോഗ്യവും മാത്രമാണ് സൈനിക സർവ്വീസിൽ വേണ്ടതെന്നുമാണ് ഒരു സാധാരണക്കാരൻ ചിന്തിക്കുന്നത്. മദ്യപിച്ച് കൂത്താടി നടക്കുന്ന ചില വിമുക്ത ഭടന്മാരെ മാത്രം വിലയിരുത്തിയാണ് പലരും അങ്ങനെയൊരു നിഗമനത്തിൽ എത്തിച്ചേരുന്നതെന്ന് തോന്നുന്നു.

ഇന്ത്യൻ സൈനിക വ്യവസ്ഥയിൽ നാം നിത്യ ജീവിതത്തിൽ കണ്ടുമുട്ടുന്ന ഒട്ടുമിക്ക തൊഴിൽ വിഭാഗങ്ങളും ഉണ്ട് എന്ന് പലർക്കും അറിഞ്ഞുകൂടെന്ന് തോന്നുന്നു. എല്ലാ വിഭാഗം എഞ്ചിനീയർമാരും (സിവിൽ, ഓട്ടോമൊബൈൽ, മെക്കാനിക്കൽ, കമ്പ്യൂട്ടർ, ഇല്ക്ട്രോണിക്സ്, ഇലക്ട്രിക്കൽ തുടങ്ങിയവ) എല്ലാ വിഭാഗം ഡോക്ടർമാരും കോടതിയും ജഡ്ജിമാരും പൈലറ്റുമാരും അധ്യാപകരും പോലീസും പോസ്റ്റൽ സർവ്വീസും ഡ്രൈവർമാരും നേഴ്സുമാരും ഫാർമസിസ്റ്റുകളും ബാർബർമാരും പാചകക്കാരും കൂടാതെ നാം നേരത്തേ പറഞ്ഞ കാവൽക്കാരും, ആയുധങ്ങൾ പലതും കൈകാര്യം ചെയ്യുന്നവരും, അവരുടെ സൂപ്പർ വൈസർമാരും ഒക്കെ ഉൾക്കൊള്ളുന്ന ഒരു സമാന്തര ഭരണകൂടം തന്നെയാണ് നമ്മുടെ മിലിറ്റി സർവ്വീസ്. വിദ്യാഭ്യാസത്തിനും അഭിരുചിക്കും അനുസരിച്ച് ഓരോരുത്തർക്കും ഓരോ രീതിയിലുള്ള ജോലി ലഭിക്കുന്നു. മറ്റു തൊഴിൽ പരിചയം ഇല്ലെങ്കിൽ കൂടി ജോലിയിൽ പ്രവേശിക്കുമ്പോൾ ഓരോരുത്തരുടേയും അഭിരുചി പരിശോധിച്ച് അവർക്ക് യോജിച്ച തൊഴിൽ മേഖലയ്ക്ക് പ്രാപ്തമാക്കുന്ന വിദ്യാഭ്യാസം കൂടി നൽകി അവരെ തൊഴിൽ മേഖലയിലേയ്ക്ക് എടുക്കുകയാണ് ചെയ്യുന്നത്. മിലിറ്ററി സർവ്വീസിൽ പ്രവേശിക്കുന്ന ഏവരും മിലിറ്ററി പരിശീലനം കൂടി തുടക്കത്തിൽ തന്നെ ചെയ്യേണ്ടതാണ്. അത് കഴിഞ്ഞാൽ മാത്രമേ പട്ടാളക്കാരനായി അവരെ കണക്കാക്കുകയുള്ളു. ഇന്ത്യൻ മിലിറ്ററി സർവ്വീസിൽ മൂന്ന് വിഭാഗങ്ങളാണ് ഉള്ളത്. കരസേന (Army), നാവിക സേന (Navy), വ്യോമസേന (Airforce) എന്നിവയാണ് അവ.

നമ്മുടെ നാട്ടിലെ ക്ലാസ്സ് 1 സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരെപ്പോലെയോ (IAS, IPS, IFS തുടങ്ങിയവ) അതിന് മുകളിലോ ഒക്കെയാണ് പല മിലിറ്ററി ഓഫീസർമാരും വരുന്നത്. കഠിനമായ പരിശ്രമവും പരിശീലനവും തക്ക വിദ്യാഭ്യാസവും ഒക്കെ ഉള്ളവർക്ക് മാത്രമേ ഇന്ന് ഇത്തരം ജോലികൾ ലഭിക്കുകയുള്ളു. ഓഫീസർമാരിൽ തന്നെ 9 റാങ്കുകളാണ് ഉള്ളത്. പലരും ഇവരുടെ റാങ്കുകളെപ്പറ്റി കേട്ടിട്ടുണ്ടെങ്കിലും നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നർക്ക് പോലും ഇതിൽ ഏതാണ് വലുത്, ചെറുത് എന്നറിഞ്ഞുകൂടാ എന്നത് ഒരു സത്യമാണ്. അതുകൊണ്ട് വിശദമായി തന്നെ കരസേനയിലേയും നാവിക സേനയിലേയും വ്യോമ സേനയിലേയും ഓഫീസർമാരിലെ റാങ്കുകളെപ്പറ്റി ഒരു ടേബിൾ ചുവടെ ചേർത്തിട്ടുണ്ട്.

(മുമ്പ് നമ്മുടെ സേനയിൽ ലഫ്റ്റനന്റ്ന് താഴെ സെക്കന്റ് ലഫ്റ്റനന്റ് എന്നും നാവിക സേനയിൽ ആക്ടിംഗ് സബ്ബ് ലഫ്റ്റനന്റ് എന്നും വ്യോമ സേനയിൽ പൈലറ്റ് ഓഫീസർ എന്നും ഉള്ള റാങ്കുകൾ ഉണ്ടായിരുന്നു. കുറച്ച് വർഷങ്ങൾക്കുമുമ്പ് ആ തസ്തിക ഇല്ലാതാക്കി.)

മിലിറ്ററി ഓഫീസർമാരിലെ

| കരസേന | നാവികസേന | വ്യോമസേന |
|---|---|---|
| 1. ലഫ്റ്റനന്റ് | സബ്ബ് ലഫ്റ്റനന്റ് | ഫ്ളയിംഗ് ഓഫീസർ |
| 2. ക്യാപ്റ്റൻ | ലഫ്റ്റനന്റ് | ഫ്ളയിറ്റ് ലഫ്റ്റനന്റ് |
| 3. മേജർ | ലഫ്റ്റനന്റ് കമാണ്ടർ | സ്ക്വാഡ്രൻ ലീഡർ |
| 4. ലഫ്റ്റനന്റ് കേണൽ | കമാണ്ടർ | വിംഗ് കമാണ്ടർ |
| 5. കേണൽ | ക്യാപ്റ്റൻ | ഗ്രൂപ്പ് ക്യാപ്റ്റൻ |
| 6. ബ്രിഗേഡിയർ | കമ്മഡോർ | എയർ കമ്മഡോർ |
| 7. മേജർ ജനറൽ | റിയർ അഡ്മിറൽ | എയർ വൈസ് മാർഷൽ |
| 8. ലഫ്റ്റനന്റ് ജനറൽ | വൈസ് അഡ്മിറൽ | എയർ മാർഷൽ |
| 9. ജനറൽ | അഡ്മിറൽ | എയർ ചീഫ് മാർഷൽ |

താഴത്തെ റാങ്കും ഏറ്റവും മുകളില ത്തെ റാങ്കും തമ്മിൽത്തന്നെ ആന യും ആടും പോലത്തെ (അജ- ഗജാ ന്തരം) അന്തരം ശമ്പളത്തിലും അധി കാരത്തിലും മറ്റ് ആനുകൂല്യങ്ങളി ലും ഉണ്ട്. രാജഭരണം നമ്മുടെ നാട്ടി ൽ നിന്നും അപ്രത്യക്ഷമായെങ്കിലും രാജകീയ ജീവിതം തന്നെയാണ് ഉ ന്നത സ്ഥാനമാനങ്ങളുള്ള ഓഫീസ ർമാർ ആസ്വദിക്കുന്നത്. ഓർഡർലി എന്ന ഭൃത്യ സംഘം ഇവരോടൊപ്പം ഉണ്ട്. ഓഫീസർമാർക്കിടയിൽ അജ- ഗജാന്തരം ഉണ്ടെങ്കിൽ കരസേനയി ലെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥ നായ സിപായിയും (Sepoy) ഉയർന്ന സ്ഥാനത്തുള്ള ജനറലും (General) ത മ്മിൽ ആനയും ഉറുമ്പും പോലെയു ള്ള വ്യത്യാസം കാണാം.


സാധാരണഗതിയിൽ ഒരു സാധാരണ പട്ടാളക്കാരൻ സിപായി ആയി സേവനം ആരംഭിച്ചാൽ അയാ ൾ അയാളുടെ തൊഴിലിൽ ആത്മാർ ത്ഥതക്കാരനും മിടുമിടുക്കനുമാ ണെങ്കിൽ മാത്രമേ പടിപടിയായി ഉയ ർന്ന് അയാൾക്ക് സാധാരണ ഗതിയി ൽ ലഭിക്കാവുന്ന ഏറ്റവും ഉയർന്ന ത സ്തികയായ സുബേദാർ മേജർ ആ യിത്തീരാൻ സാധിക്കുകയുള്ളു. കര സേനയിൽ അനാസ്ഥ കാണിക്കുന്ന വർക്ക് സമയാസമയങ്ങളിൽ പ്രമോ ഷൻ ലഭിക്കാതെ വരുകയും അവർ ഇടയ്ക്ക് വെച്ച് സർവ്വീസ് അവസാ നിപ്പിക്കേണ്ടിയും വരും. നമ്മുടെ നാ ട്ടിൽ ഇടയ്ക്ക് വെച്ച് സർവ്വീസ് അവ സാനിപ്പിച്ച് പോരുന്നതിൽ നല്ലൊരു ശതമാനവും ഇത്തരത്തിൽ കൃത്യ മായി പ്രമോഷൻ ലഭിക്കാതെ പോയ വരാണ്. കുറച്ചുപേർ സ്വന്തം വീട്ടി ലെ പ്രത്യേക സാഹചര്യം മൂലമോ നാട്ടിൽ വന്ന് എന്തെങ്കിലും തൊഴിൽ എടുത്ത് ജീവിക്കാം എന്ന് തീരുമാ നിക്കുന്നവരോ ആണ്. സ്വന്തം കഴി വുകേട് കൊണ്ട് തിരികെ വരുന്നവർ അക്കാര്യം നാട്ടുകാരോട് പറയേണ്ട കാര്യം ഇല്ലല്ലോ. ഏതായാലും ചെ യ്ത ജോലിക്ക് പെൻഷൻ കിട്ടുന്ന തിനാൽ പട്ടിണി കൂടാതെ കഴിയാം എന്നത് ഒരു മേന്മ തന്നെയാണ്. സാ ധാരണ ഒരു പട്ടാളക്കാരന്റെ റാങ്കുക ളുടെ പട്ടിക ചുവടെ കൊടുത്തിട്ടു ണ്ട്.

ക്രമനമ്പർ ഒന്നു മുതൽ നാല് വരെയുള്ളവർ സാധാരണ പ ട്ടാളക്കാരും 5, 6, 7 ൽ വരുന്നവർ ജൂ നിയർ കമ്മീഷന്റ് ഓഫീസർമാരും (JCO) ആണ്. ഓഫീസർമാരുടെ ഒരു ചെറു പതിപ്പാണ് ജെ. സി. ഒ.മാർ. മ റ്റുള്ളവരെ സൂപ്പർവൈസ് ചെയ്യലാ ണ് ഇത്തരക്കാർ ചെയ്യുന്നത്. പട്ടാള ത്തിൽ ഏത് വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്കും മുകളിൽ പറഞ്ഞ ഏതെങ്കിലും റാങ്ക് ഉണ്ടായിരിക്കും. സാധാരണ ഗതിയിൽ സിപായി റാ ങ്കിലുള്ള ഒരു പട്ടാളക്കാരൻ 25 വർ ഷം മുതൽ 30 വർഷമോ അതിൽ കൂ ടുതലോ സേവനം അനുഷ്ഠിക്കുക യും കഴിവും പ്രാപ്തിയും കൃത്യ മായ പരീക്ഷകളും മറ്റും പാസ്സാവു കയാണെങ്കിൽ മാത്രമേ സുബേദാർ മേജർ റാങ്കിൽ എത്തിപ്പെടാൻ സാധി ക്കുകയുള്ളു. (ചില വർഷങ്ങളിൽ പ്രമോഷൻ സാധ്യത കൂടിയും കുറ ഞ്ഞും ഇരിക്കും.) ജെ. സി. ഒ.മാർ സ്തുത്യർഹമായ സേവനമാണ് കാഴ് ചവെക്കുന്നത് എന്ന് അവരുടെ ഓ ഫീസർമാർക്ക് തോന്നുകയാണെങ്കി ൽ വളരെ ചെറിയൊരു ശതമാനം ആളുകൾക്ക് (ലോട്ടറി അടിക്കുന്ന തു പോലെ അപൂർവ്വമായി) ഹോണ ററി ലഫ്റ്റനന്റ് (Honorary Lieutenant), ഹോണററി ക്യാപ്റ്റൻ (Honorary Captain) തുടങ്ങിയ പദവികൾ അവരുടെ റിട്ടയർമെന്റിന് തൊട്ടുമു മ്പ് നൽകിവരാറുണ്ട്.

ഓഫീസർമാരിൽ ലഫ്റ്റന ന്റ് റാങ്കിൽ ജോലിയിൽ പ്രവേശിച്ച ആൾ 35 വർഷം മുതൽ 40 വർഷം വരെ ജോലി ചെയ്ത് പ്രാവീണ്യം തെളിയിച്ചാൽ മാത്രമേ പടിപടിയാ യി ഉയർന്ന് ഏറ്റവും ഉയർന്ന തസ്തി കയിൽ എത്തുകയുള്ളു എന്ന് പറ യുമ്പോൾ 20 വയസ്സിന് മുമ്പ് ജോലി യിൽ പ്രവേശിച്ചവരും മിടുമിടുക്ക ന്മാരും ആണ് ഇവരെന്ന് മനസ്സിലാ ക്കണം. ലഫ്റ്റനന്റ് തസ്തികയിൽ കയറുന്നവരിൽ പത്ത് ശതമാനം പോലും ജനറൽ തസ്തികകളായ ബ്രിഗേഡിയർ, മേജർ ജനറൽ, ലഫ്റ്റ നന്റ് ജനറൽ, ജനറൽ റാങ്കുകളിൽ എത്തുകയില്ല എന്നത് മറ്റൊരുകാ ര്യം. നമ്മുടെ നാട്ടിലെ സാധാരണ ജനത പുളുവടിയന്മാരായ ചില പട്ടാ ളക്കാരിലൂടെ വീണുകിട്ടുന്ന ചില അ ർദ്ധസത്യങ്ങളിലൂടെയാണ് പലതും മനസ്സിലാക്കിവച്ചിരിക്കുന്നത്. പട്ടാള ക്കാർ അപൂർവ്വ സമയങ്ങളിലല്ലാതെ പൊതുജനങ്ങളുടെ കാര്യത്തിൽ ഇട പെടാത്തതുകൊണ്ടും നമ്മുടെ കേര ളത്തിൽ പട്ടാളക്കാരുടെ സാന്നിദ്ധ്യം പൊതുവേ കുറവായതുകൊണ്ടും ഉ ണ്ടെങ്കിൽ തന്നെ അവർ ക്യാമ്പുകളി ൽ മാത്രം ഒതുങ്ങിക്കൂടി സേവനം അനുഷ്ഠിക്കുന്നതുകൊണ്ടും മറ്റും സാധാരണക്കാർ ഇവരുടെ പല കാ ര്യങ്ങളും അറിയാതെ പോകുന്നു. ഇവരുടെ റാങ്കുകൾ തിരിച്ചറിയുന്നത് പ്രധാനമായും അവരുടെ ചുമലിൽ കാണുന്ന അധികാര ചിഹ്നം (insignia) നോക്കിയാണ്. കര-നാവിക- വ്യോമ സേനകളിൽ റാങ്കുകളുടെ പേരുകളും insignia യും വ്യത്യസ്ത മാണ്. കരസേനയിലെ insignia അടു ത്ത പേജിൽ കൊടുത്തിട്ടുള്ള ചിത്രം നോക്കുക.

കരസേനയിലെ ഉയർന്ന ഉ ദ്യോഗസ്ഥൻ ജനറൽ ആണ്. ആല ങ്കാരികമായി ഫീൽഡ് മാർഷൽ എ ന്ന പദവി ഇന്ത്യയിൽ രണ്ടുപേർക്ക്

| കരസേന | നാവികസേന | വ്യോമസേന |
|---|---|---|
| 1. സിപോയി | സീമാൻ | എയർ ക്രാഫ്റ്റ്മാൻ |
| 2. ലാൻസ് നായിക്ക് | ലീഡിംഗ് സീമാൻ | ലീഡിംഗ് എയർ ക്രാഫ്റ്റ്മാൻ |
| 3. നായ്ക്ക് | ഏബിൾ സീമാൻ | കോർപ്പറൽ |
| 4. ഹവിൽദാർ | പെറ്റി ഓഫീസർ | സേർജന്റ് |
| 5. നായ്ബ് സുബേദാർ | ചീഫ് പെറ്റി ഓഫീസർ | ജൂനിയർ വാറന്റ് ഓഫീസർ |
| 6. സുബേദാർ | മാസ്റ്റർ ചീഫ് പെറ്റി ഓഫീസർ II | വാറന്റ് ഓഫീസർ |
| 7. സുബേദാർ മേജർ | മാസ്റ്റർ ചീഫ് പെറ്റി ഓഫീസർ I | മാസ്റ്റർ വാറന്റ് ഓഫീസർ |



Field Marshal | General | Lt. General | Maj.General | Brigadier | Colonel | Lt. Colonel | Major | Captain



Lieutenant | Subedar Maj | Subedar | Nb. Subedar | Qt. Mstr. Hav | Havildar | Naik | Lance Naik | Sepoy

കൊടുത്തിട്ടുണ്ട്. ജനറൽ കരിയപ്പ, ജനറൽ മനേക്ഷ എന്നിവരാണിവർ. ജനറലിനേക്കാൾ ഉയരത്തിലാണ് അവരുടെ സ്ഥാനം. പക്ഷെ റിട്ടയർ മെന്റിന് ശേഷം മാത്രം കൊടുക്കുന്നതുകൊണ്ട് അവർക്ക് സൈനിക കാര്യങ്ങളിൽ ഇടപെടാൻ സാധിക്കില്ല. വായുസേനയിൽ (Airforce) അങ്ങനെയുള്ള പദവിയുടെ പേര് Marshal of Airforce എന്നാണ്. അർജുൻ സിംഗ് എന്ന വായുസേനാ മേധാവിക്ക് റിട്ടയർമെന്റിന് ശേഷം വർഷങ്ങൾ കഴിഞ്ഞാണ് ഇത്തരം ഒരു സ്ഥാനം നൽകിയത്. നാവിക സേനയിൽ Admiral of fleet എന്ന സ്ഥാനം ആണ് ഇത്തരത്തിൽ ഉള്ളത്. ഇതുവരെ ആർക്കും ഇന്ത്യയിൽ അത് കൊടുത്തിട്ടില്ല. സൈനികരുടെ അധിപൻ (സർവ്വ സൈന്യാധിപൻ) അഥവാ Supreme Commander - ഇന്ത്യൻ രാഷ്ട്രപതിയാണ്. യുദ്ധ സമയത്ത് ഒരു പട്ടാളക്കാരന് ലഭിക്കുന്ന ഏറ്റവും വലിയ ബഹുമതിയാണ് പരമ വീര ചക്രം (PVC). അതിന് താഴെ മഹാ വീര ചക്രം (MVC) തുടർന്ന് വീര ചക്ര (VC) യും വരുന്നു. സമാധാന കാലങ്ങളിൽ ഒരു സൈനികൻ നേടുന്ന ഏറ്റവും വലിയ ബഹുമതിയാണ് അശോക ചക്രം. കീർത്തി ചക്ര, ശൗര്യചക്ര തുടങ്ങിയവ പിന്നാലെ വരുന്നു.

### ദൈവനാമത്തിൽ

**മുഹമ്മദ് കനി, 8157874953**



# നാം നിരീക്ഷണത്തിലാണ്

**ഈ** ഓഫീസ് ഞങ്ങളുടെ നിരീക്ഷണത്തിലാണ്, നിങ്ങൾ സി. സി. ടി. വി.യുടെ നിരീക്ഷണത്തിലാണ്. ചുരുക്കത്തിൽ ഭൂമിയിലെ പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളും, കെട്ടിടങ്ങളും, സ്ഥാപനങ്ങളും മനുഷ്യനിരീക്ഷണത്തിലാണ്. സദാസമയവും ഈ പ്രക്രിയ തുടർന്നു കൊണ്ടിരിക്കുന്നു. അതുകൊണ്ട് അക്രമങ്ങൾ അല്പം കുറഞ്ഞിരിയ്ക്കുന്നു. പ്രകാശമില്ലായ്മയോ വിദ്യുച്ഛക്തിയില്ലായ്മയോ ഉണ്ടായാൽ നിരീക്ഷണം നടക്കുന്നില്ല.

എന്നാൽ ഭൂമിയിലെ ഓരോ സ്ഥലവും സദാസമയവും ദൈവത്തിന്റെ നിരീക്ഷണത്തിലാണെന്ന കാര്യത്തിൽ ഭൂരിപക്ഷം പേർക്കും വിശ്വാസമില്ല. ആ നിരീക്ഷണത്തിന് സ്ഥലകാലമോ കാലാവസ്ഥയോ വൈദ്യുതിയോ പ്രശ്നമല്ല. ആ നിരീക്ഷണത്തിൽ നമ്മുടെയെല്ലാവിധ ചലനങ്ങളും സശ്രദ്ധം രേഖപ്പെടുത്തപ്പെട്ടിരിക്കും. അതുകൊണ്ടുതന്നെ ദൈവത്തിന്റെ നിരീക്ഷണത്തിൽ നിന്നും രക്ഷപ്പെടാൻ ഏതൊരു മനുഷ്യനും സാധ്യമല്ല. ഈ സത്യം മനസ്സിലാക്കിക്കൊണ്ട് ആരും പ്രവർത്തിക്കുന്നില്ലല്ലോ. അവർ ഈ ജീവിതപരീക്ഷയിൽ പരാജയപ്പെടുമെന്ന കാര്യം സത്യമാണ്.

ദൈവത്തിന്റെ കോടിക്കണക്കിന് വരുന്ന സേവകൻമാർ (മാലാഖമാർ) ഈ കർത്തവ്യം തുടർന്നുകൊണ്ടേയിരിക്കുന്നു. അവർക്ക് ഒരിയ്ക്കലും പിഴവ് പറ്റുകയില്ല. അവർ അവരെ ഏല്പിച്ച ജോലി വളരെ ഉത്തരവാദിത്തത്തോടെ നിർവ്വഹിച്ചുകൊണ്ടിരിയ്ക്കുന്നു. വളരെ ഭദ്രമായി സൂക്ഷിച്ചുവച്ച രേഖകൾ (നമ്മുടെ സ്ഥിതിവിവരക്കണക്കുകൾ) നാളെ വിചാരണ നാളിൽ അത് വെളിവാക്കപ്പെടുന്നു. അതിൽ ഒരു ചെറിയ കാര്യം പോലും വിട്ടുപോയിട്ടുണ്ടാവില്ല. ആ മഹാവിപത്തിൽ നിന്നും നമുക്ക് രക്ഷപ്പെടുവാൻ സാധ്യമാകുന്നതല്ല. എല്ലാം മനസ്സിലാക്കിക്കൊണ്ട് യാതൊരു ചെറിയ പിഴവുപോലും വരാതെ നാം പ്രവർത്തിയ്ക്കേണ്ടതുണ്ട്. അങ്ങിനെ പ്രവർത്തിച്ചവർ വിജയിക്കുക തന്നെ ചെയ്യും.

പ്രവാചകൻ പറഞ്ഞു നിങ്ങളുടെ രണ്ടുതോളുകളിലും എന്റെ മാലാഖമാർ സദാസമയവും നിങ്ങളുടെ ഓരോ ചെറിയ ചലനങ്ങൾ പോലും രേഖപ്പെടുത്തി വച്ചുകൊണ്ടിരിയ്ക്കുന്നുണ്ട്. ആ പുസ്തകത്തിൽ ഒരു അണുവിന്റെ ചലനം പോലും വിട്ടുപോയിട്ടുണ്ടാവില്ല. സൂക്ഷിക്കുക. സൂക്ഷ്മത പാലിക്കുന്നവർ വിജയിക്കുക തന്നെ ചെയ്യും. നാമതിനുവേണ്ടി പ്രാർത്ഥിയ്ക്കാം, പ്രവർത്തിയ്ക്കാം.

**ദൈവത്തിനു സ്തുതി**

# ഇരുണ്ടുപോയവെളിച്ചങ്ങൾ

പ്രേം മധുസൂദനൻ
9447131314



മരുന്നുകളുടെ മണമായിരുന്നു മുറിയ്ക്ക്. ഗുളികകളുമായി പത്മം വന്നപ്പോൾ ഞാൻ ഉറങ്ങുകയായിരുന്നില്ല. എന്റെ നെഞ്ചിൽ കൈ വച്ച് അവൾ പയ്യെ വിളിച്ചു:

"മുകുന്ദേട്ടാ...."

ഉറക്കത്തിൽ നിന്നുണരുന്നപോലെ ഞാൻ കണ്ണു തുറന്നു. കഴിഞ്ഞുപോയ മൂന്നു ദിവസങ്ങൾ. ഡോക്ടറുടെ മുഖവും ശബ്ദവും വീണ്ടും ഓർത്തു. സ്കാനിങ്ങ് റിപ്പോർട്ട്. തലച്ചോറിലെ ഞരമ്പിന്റെ ബലക്ഷയങ്ങൾ.

"യൂ ആർ ലക്കി മേനോൻ... ഗീവ് താങ്ക്സ് റ്റു ഗോഡ്."

ഈശ്വരനുള്ള നന്ദി പറച്ചിൽ... അതോ...? പിന്നെ എന്തോ ആലോചിച്ചു ഡോക്ടർ ചോദിച്ചു.

"ഈ മറവി തുടങ്ങിയിട്ട് കുറേ നാളായോ..?..."

മറുപടി പറഞ്ഞത് പത്മം ആയിരുന്നു. ഇടയ്ക്കുള്ള എന്റെ മറവികൾ, ദേഷ്യങ്ങൾ, ചിലപ്പോൾ വരുന്ന തലചുറ്റൽ...

"ഈ പ്രായത്തിൽ ഇനി സർജ്ജറി വേണ്ട. പക്ഷെ ഗുളികകൾക്ക് മുടക്കം വരുത്തരുത്. ബിപി കൂടാതെ നോക്കണം."

വയസ്സായവർക്കുള്ള പരിമിതികൾ... പരിഗണനകൾ...

"എന്താ മുകുന്ദേട്ടാ ആലോചിക്കുന്നത്?.."

ഞാൻ വെറുതെ ചിരിച്ചു...

ഗുളികകൾ ഒരോന്നായി വിഴുങ്ങുമ്പോൾ പുറത്തേക്ക് നോക്കി. തുറന്നിട്ട ജനാലയ്ക്കപ്പുറത്ത് റോസാ പൂക്കൾ നിറഞ്ഞ മനോഹരമായ ഒരു പൂന്തോട്ടം നിലാവെട്ടത്തിൽ ഇരുണ്ടു നിന്നു.

ഇരുട്ടിൽ ചില ചെടികൾ എന്നെ നോക്കി തലയാട്ടുന്നു. ചില പൂക്കൾ ചിരിക്കുന്നു. ചിലവ കൊഴിയാറായി കൂമ്പി നിൽക്കുന്നു.

"ലീവിനു വേണ്ടി അവൻ ശ്രമിക്കണുണ്ട്. ഇടയ്ക്കിടെ വിളിക്കും..."

പത്മം ആരോടോ പറയുന്ന പോലെ പറഞ്ഞു. അടുത്തെവിടെയോ "അച്ഛാ" എന്നു വിളിച്ചുറക്കെ കരയുന്ന ശബ്ദം. ആരുടെയൊക്കെയോ തേങ്ങലുകൾ. മരണത്തിന്റെ കാലൊച്ചകൾ...

"മുകുന്ദേട്ടാ, ശ്രീക്കുട്ടിയുടെ പരീക്ഷയായതുകൊണ്ട് ദീപയ്ക്ക് വരാനാവില്ലത്രേ, ഫൈനൽ എക്സാമല്ലേ..."

"ഉം...." ഞാനൊന്നു മൂളി..

പണ്ട് എന്റെ കൈവിരൽ തൂങ്ങി നടന്ന കുഞ്ഞുങ്ങൾ.

"അച്ഛനോട് മോൾക്ക് എത്ര ഇഷ്ടം ഉണ്ട് ?"

കുഞ്ഞി കൈകൾ വിരിച്ച് ചിരിച്ചോണ്ട് അവൾ പറയും.

"ഒത്തിരി വലിയ ഇഷ്ടം"

മകൻ ചെവിയിൽ കൊഞ്ചി പറയും: "എനിച്ചാ ചേച്ചിയെക്കാൾ കൂടുതൽ അച്ഛനെ ഇട്ടം. വലിയ ചില്ലി തെങ്ങിന്റെ അത്രേം..."

കാലം ഓടിയോടി പോയി, അവരും. അവസാനം...

അടുത്തിട്ടിരിക്കുന്ന കട്ടിലിലെ കിടക്ക കൊട്ടിവിരിക്കുമ്പോൾ ചെറിയ പരിഭവത്തിൽ അവൾ ചോദിച്ചു.

"എന്തിനാ ഇന്ന് കണ്ണട കാണാഞ്ഞിട്ട് വഴക്കിട്ടത് എന്നോട് ?"

ശരിയാണ്. വായിക്കാൻ കണ്ണട കാണാഞ്ഞപ്പോൾ ഒത്തിരി നേരം അതു തിരഞ്ഞു. തിരയുമ്പോളെല്ലാം ഞാൻ ദേഷ്യപ്പെട്ട് എന്തൊക്കെയോ പറയുകയും ചെയ്തു. വാടി കൂമ്പിയ പൂവുകൾ പോലെ ഞാൻ താഴേയ്ക്ക് നോക്കിയിരുന്നു..

"സാരാക്കണ്ട നീ അത്. പെട്ടെന്ന് ദേഷ്യം വന്നു അല്ലേ എനിക്ക്?"

അവൾ ഒരു കൊച്ചു കുഞ്ഞിനെ പോലെ തലയാട്ടി. ഒരു നിമിഷത്തിലെ മൗനം ഭേദിച്ച് ഞാൻ ചോദിച്ചു: "ഞാൻ വയസ്സായി അല്ലേ പത്മം ?"

"ഇത്രേം നാളും എഴുപതു വയസ്സ് വയസ്സല്ല എന്നല്ലേ പറഞ്ഞത് എന്നിട്ടിപ്പോ എന്താ പെട്ടെന്ന് ?"

അവൾ ചിരിച്ചുകൊണ്ടാണത് പറഞ്ഞത്. എങ്കിലും ആ ചിരിക്കിടയിൽ അവളുടെ വാക്കുകൾ ഇടറുന്നുണ്ടായിരുന്നു. ഇടയ്ക്ക് വെള്ളി വരകൾ വീണ മുടി ഒതുക്കി കെട്ടി അവൾ കിടക്ക വിരിച്ചു. മങ്ങിയ വെട്ടത്തിൽ ഒന്നും മിണ്ടാതെ കിടന്നു.

തുറന്നിട്ട ജനാലയിലൂടെ കറുത്ത ആകാശത്തിൽ രണ്ട് നക്ഷത്രങ്ങൾ ഞങ്ങളെ നോക്കി കണ്ണു ചിമ്മുന്നുണ്ടായിരുന്നു.

"ഉറങ്ങിയോ നീ ?"

"ഇല്ല. എന്താ മുകുന്ദേട്ടാ?"

"പത്മം വയസ്സായാൽ ആർക്കും വേണ്ടാ ല്ലേ?"

അവൾ എന്റെ അരികിൽ വന്നിരുന്നു. ഒരുകൈ കൊണ്ട് എന്റെ കൈയ്യിൽ മുറുകെ പിടിച്ചു. പിന്നെ പയ്യെ പറഞ്ഞു: "എനിക്ക് വേണോല്ലോ. ഞാനില്ലേ നിങ്ങൾക്ക്...?"

ആ കൈയ്യിൽ മുറുകെ ഞാനും പിടിച്ചു.

"ഞാൻ പോയാൽ നിനക്ക്...?"

വിളറിയ ചന്ദ്രൻ മാനത്ത് വിതുമ്പി നിൽക്കവേ, എന്റെ അരികിലെ തേങ്ങലുകൾക്ക് സാന്ത്വനമായി ഒരു പടിഞ്ഞാറൻ കാറ്റ് ഓടി വന്നു.

# ആശാനൊരു ദക്ഷിണ

ജനാർദ്ദനൻ പി. വണ്ടാഴി
8089060168, 9539206386



**ഏ**കലവ്യൻ സ്മാർട്ട് ഫോണിൽ അമ്പെയ്തു ഗെയിം കളിച്ചുകൊണ്ടിരിക്കുകയാണ്. മുമ്പ് കളിച്ചവരെ വെല്ലുന്ന തരത്തിലുള്ള കളി. കണ്ണുകൾ ഫോണിലേക്ക് ഏകാഗ്രമാക്കി, തലകുനിച്ച്, ചുറ്റുപാടിൽ എന്താണ് നടക്കുന്നതെന്നറിയാതെ രണ്ടു കൈയിലേയും തള്ളവിരൽ തുമ്പിനാൽ അമ്പും വില്ലും നിയന്ത്രിച്ചു കൊണ്ടിരുന്നു. അയാൾ ഗെയിമിൽ ആണ്ടിറങ്ങി ആഴത്തിലേക്ക് ഒളിച്ചു.

ദ്രോൺ ഒരു സന്ധ്യാ നടത്തത്തിനിറങ്ങിയതാണ്. നാലഞ്ചു വീടുകളിൽ അദ്ദേഹം അമ്പെയ്തു ട്യൂഷൻ എടുക്കുന്നുണ്ട്. അതിലെ പല കുട്ടികളും വമ്പന്മാരാണെന്നാണ് അദ്ദേഹം അഹങ്കരിക്കുന്നത്. ആ നടത്തത്തിന്നിടയിലാണ് ദ്രോൺ, ഏകനെ കാണുന്നത്. ഏകാന്തതയിൽ കുത്തിയിരുന്ന് കളിയോടുകളി. ഏകന്റെ പിന്നാലെ എത്തി തലക്കുമേലെക്കൂടെ ഒരെത്തിനോട്ടം. സംഗതി പിടിക്കപ്പെട്ടു. അമ്പെയ്ത് ഗെയ്മിൽ ഹരം പിടിച്ചങ്ങനെ കൂനിക്കൂടി ഇരിപ്പാണ്.

ഏയ് ഏക്... ദ്രോൺ ഒരു വിളി. ഉണർച്ചയില്ല. രണ്ടാം വിളി അല്പം ഉറച്ച്. രക്ഷയില്ല. അമ്പുകൾ തുരുതുരാ പായിച്ചുകൊണ്ടിരിക്കയാണ്. മൂന്നാമത്തെ വിളി ഒരലർച്ചയായിരുന്നു. ഏകൻ ഞെട്ടുന്നു. കൈവിരലുകൾ തെന്നുന്നു. അമ്പുകൾ അലക്ഷ്യമായി പാഞ്ഞുപോയി.

"ആശാൻ എപ്പോ എത്തി ?"

"കുറേ നേരായി. നീ ഈ ആപ്പ് എവിടുന്നു ഡൗൺലോഡ് ചെയ്തു ?"

"ഗൂഗിൾ."

"നിന്റെ ഐഡി കൊടുത്തായിരുന്നോ ?"

"ആധാർ കാർഡ് സഹിതേ ഏല്പിച്ചായിരുന്നല്ലോ."

"എന്റെ ആപ്പാണെന്നുള്ള വിവരം അറിയുമോ ?"

"അറിയാം. പക്ഷെ, ആശാൻ എന്നെ ആപ്പുവെയ്ക്കരുത്."

"നീ ഗുരുദക്ഷിണിക്കേണ്ടിയിരിക്കുന്നു."

"ഓക്കെ. ഞാൻ റെഡി. വെറ്റില, പാക്ക്, പുകയില, നൂറ്റൊന്ന് രൂപ സഹിതം തയ്യാറാക്കാം."

"എനിക്ക് വേണ്ടത് നിന്റെ തള്ള വിരലുകൾ."

"നടപ്പില്ലാശാനെ. തള്ളവിരലില്ലാതെ ആർക്കും ഫോണിലെ ഞോണ്ടൽ ക്രിയകൾ നടക്കില്ല. അതിനാൽ ആശാൻ ഈ അനാവശ്യ ആഗ്രഹത്തിൽ നിന്നും പിന്മാറുക. മേൽപ്പറഞ്ഞ ദക്ഷിണ സാമഗ്രികൾ സ്വീകരിച്ച് സന്തുഷ്ടനാകുക. നന്നായൊന്ന് മുറുക്കുക. മുറ്റം നിറയെ തുപ്പുക. പിന്നെ, ഈ സായംസന്ധ്യ ബിവറേജിൽ ക്യൂവിൽ കയറിപ്പറ്റാൻ പറ്റിയ കാലം. ഒരു പൈന്റ് സംഘടിപ്പിക്കുക. അച്ചാർ, മിക്സ്ചർ എന്നീ വിശിഷ്ട ടച്ചിംഗ്സിനുള്ള വക ദക്ഷിണയിൽ കൊള്ളിച്ചിട്ടുണ്ട്."

ഫ്രീ ആപ്പാണെന്ന വിവരം വിഡ്ഢി അറിഞ്ഞിട്ടില്ല.

"എന്തായാലും ദക്ഷിണ കൈപ്പറ്റുന്നു. ഫ്രീയായി ഒരു ട്യൂഷനും എടുക്കുന്നു."

ഏകൻ ഉഷാറാവുന്നു. അമ്പെയ്ത്ത് ചറപറാന്നാകുന്നു.

●

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

ഏക തത്ത്വ പുസ്തകം 8 ലക്കം 11 Oct 2018 'അനുലോമ പ്രതിലോമ സമം' എന്ന ശ്രീ. ടി. വി. നാരായണൻ കുട്ടിയുടെ ലേഖനവും തുടർന്ന് പുസ്തകം 9 ലക്കം 1 ലെ 'അഭിപ്രായങ്ങളും പ്രതികരണങ്ങളും' വിഭാഗത്തിൽ ശ്രീ അശോപ്പി ചേർത്തലയുടെ കത്തും മറ്റും സൂചിപ്പിക്കുന്നത് ഈ വിഷയത്തിൽ ചിലർക്ക് പ്രത്യേക അഭിരുചിയുണ്ടാവുമെന്നാണ്. ഭാരതീയ വിദ്യാഭവന്റെ ഭവൻസ് ജേർണൽ Vol. 65 No. 9 December 15 2018 പേജ് 71ൽ Shri. P. V. Vidyasagar എഴുതിയ Raghava Yadhaveeyam - A Poetic Marvel (രാഘവ യാദവീയം - അത്യത്ഭുതകരമായ ഒരു കവിതാ രചന) എന്ന ലേഖനത്തെ കൃതജ്ഞതയോടെ സ്വീകരിച്ച് അതിലെ സാരാംശം ഇവിടെ കൊടുക്കുന്നു. 30 പദ്യങ്ങളടങ്ങിയ ഈ കവിത, ഇടത്തിൽ നിന്ന വലത്തോട്ട് 'അനുലോമ'വിധിയിൽ ശ്രീരാമന്റെയും വലത്തിൽ നിന്ന് ഇടത്തോട്ട് 'പ്രതിലോമ' വിധിയിൽ ശ്രീ കൃഷ്ണന്റേയും കഥയിലെ അംശങ്ങളെ ചിത്രീകരിക്കുന്ന അതിവിസ്മയജനക കൃതിയാണ്. 17ാം നൂറ്റാണ്ടിൽ കവി Venkatadhvari (വെങ്കടാദ്ധ്വരി) രചിച്ച ഇത് പാണ്ഡിത്യത്തിന്റെയും കൗശലത്തിന്റെയും അതിശയിപ്പിക്കുന്ന അപൂർവ്വമാതൃകയാണ്. നിഗൂഢമായ ചില വാക്കുകൾ അടങ്ങിയ ഇതിന്റെ കൂടെത്തന്നെ കവി ഇതിന്റെ വ്യാഖ്യാനം സംസ്കൃതത്തിൽ കൊടുത്തിട്ടുണ്ടത്രെ ! ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ കൃതിയിലെ മൂന്നു പദ്യങ്ങൾ കവിയുടെ അമ്പരപ്പിക്കുന്ന ചാതുര്യത്തെ എടുത്ത് കാട്ടുന്നുണ്ട്. (30 പദ്യത്തിൽ 60ന്റെ ഫലം!!)

'രാഘവ യാദവീയം' സംസ്കൃതത്തിലും കൂടെ വിവർത്തനം ഇംഗ്ലീഷിലും, പുറമെ or Saroja Ramanujan ത്തിന്റെ വ്യാഖ്യാനവും Internet

ൽ https://Sadagopan.org/pdf uploads/raghava%20yadaveeyam.pdf നിന്ന് download ചെയ്യാം എന്ന് ലേഖനത്തിൽ കൊടുത്തിട്ടുണ്ട്.

ഏക തത്ത്വയുടെ വായനക്കാരിൽ ചിലരെങ്കിലും ഇതിനെ പരിശോധിക്കും എന്ന് ആശിക്കുന്നു! (Bhavan's Journal എന്റെ കൈയിൽ ഉണ്ട്)

ഏക തത്ത്വ പുസ്തകം 9 ലക്കം 1 ഡിസംബർ 2018 – 'ലേഖനം നടുക്കു യതി പാദാദി...' പേജ് 21 ശ്രീ അശോകൻ രാജീവം കളരി/കഥകളി നൃത്തം പ്രാചീന കലകൾ എന്നിവയെക്കുറിച്ച് സുപരിചിതൻ ആണ്. പക്ഷെ ലേഖനത്തിൽ ഉപയോഗിച്ച വരികളുടെ അർത്ഥം/ചെറു വ്യാഖ്യാനം ഇല്ലാതെ എന്നെപ്പോലെ സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഷ്ടമാണെന്ന് ഒരുപക്ഷെ ചിന്തിച്ചിട്ടില്ലെന്ന് തോന്നുന്നു.

ഏകദേശം ഇതുപ്രകാരം തന്നെയാണ് ശ്രീ പ്രമോദ് മഞ്ചേരിയുടെ 'ഏലി ഏലി ലാമ സബക്താനി' (ഇതേ ലക്കം പേജ് 26). ഈ വാക്കുകളുടെ അർത്ഥം അടുത്ത ലക്കത്തിൽ തന്നെ പേജ് 37ൽ കൊടുത്തത് ഉപകാരമായി. എന്നാൽ ഇത് ഏത് ഭാഷയാണെന്നും കൂടെ കൊടുക്കാമായിരുന്നു. (വടക്കു കിഴക്കൻ ഇന്ത്യയിലെ ഒരു ഭാഷയായിരിക്കണം)

ഇത്തരം അവസ്ഥകളിൽ ശ്രീ വിജയകുമാരന്റെ ലേഖനങ്ങളെ ഒരു മാതൃകയായി സ്വീകരിച്ച് വായനക്കാരുടെ സാമാന്യ അറിവിനെ വർദ്ധിപ്പിക്കാൻ എല്ലാ എഴുത്തുകാരോടും അഭ്യർത്ഥിക്കുന്നു. ലേഖനങ്ങളുടെ ഉദ്ദേശം വായനക്കാർക്ക് ബുദ്ധിമുട്ടില്ലാതെ മനസ്സിലാക്കി ഗുണമടയുവാനായതിനാൽ ആവശ്യമുള്ള സ്ഥലങ്ങളിൽ, സ്പഷ്ടീകരണം സഹായം ആയിരിക്കും. എഴുത്തുകാരുടെ ഉദ്ദേശം പാണ്ഡിത്യ പ്രദർശനം അല്ലല്ലോ !

അതുപോലെത്തന്നെ ലേഖനങ്ങളിൽ ചുമതലാബോധമില്ലാതെ ദോഷാരോപണമോ, വെറുപ്പോ കയ്പ്പോ കലർന്ന് നകാരാത്മിക ചിന്താധാര ഒഴിവാക്കുന്നത് ഉപകാരപ്രദമായിരിക്കും. ഇന്ന് നമ്മെ പലതര പ്രശ്നങ്ങളും അലട്ടിക്കൊണ്ട് വരുന്നുണ്ട്. അതിനാൽ ആത്മവിശ്വാസവർദ്ധകം ആയ കൃതികൾ അത്യാവശ്യമാണ് !

എം. എം. മേനോൻ
0491-2572939

പ്രിയപ്പെട്ട മുരളിസാറിന്,

ഏക തത്ത്വ ഫെബ്രുവരി ലക്കം വായിച്ചു. മനസ്സിനെ ഉടച്ചുവാർക്കുന്ന കഥകളാലും ലേഖനങ്ങളാലും കവിതകളാലും സമ്പന്നം. എഡിറ്റോറിയലാവട്ടെ നാട്ടിലെ ജനതയുടെ മനസ്സിന്റെ മുറിപ്പാടുകളെ അധികാരികൾക്ക് മുമ്പിൽ വരച്ചുകാണിക്കുന്നതായി. നാരായണൻ സാറിന്റെ മലകയറ്റവും മതിലുയർത്തലും സമൂഹത്തിലെ ചില പുരുഷമേധാവിത്വ ചിന്തകൾ പറഞ്ഞുതന്നു. വിശ്വാസികളും വ്യക്തിദൈവങ്ങളും എന്ന വി. കെ. എം.നായരുടെ ലേഖനം കനപ്പെട്ടതുതന്നെ. ദൈവവിശ്വാസം ശാന്തിയും സമാധാനവും തരുന്നതിനാലാണ് വിശ്വാസികൾ മതത്തോട് ബന്ധപ്പെടുന്നത് എന്നത് ശരിതന്നെ. ഈ ശാന്തിയും സമാധാനവും മതങ്ങളിൽനിന്ന് കിട്ടാതാവുമ്പോഴാണവർ രാഷ്ട്രീയം പരീക്ഷണശാലകളാക്കുന്നത്. അശോപ്പി ചേർത്തലയുടെ മധുരപ്രതീക്ഷകൾ ഓരോ കിനാവിലും മുഹമ്മദ് കനിയുടെ സ്വർഗ്ഗം കരസ്ഥമാക്കലും നിലവാരം പുലർത്തി. സുരേഷ് തെക്കീട്ടിലിന്റെ ചെറുകഥകൾ, ജിനു പ്രഭാകരന്റെ കരിവളകൾ, തുളസി ടീച്ചറുടെ അകർമ്മകൃത്ത്, സൈനുദീൻ മുണ്ടക്കയത്തിന്റെ പുതുച്ചൊല്ലുകൾ, പുതിയ പംക്തി വിജ്ഞാനച്ചെപ്പ്, പി. ആർ. ജോസിന്റെ സർവ്വസ്വതന്ത്രർ ടി. വി. ഹരികുമാറിന്റെ കഥകളും ഏറെ ഹൃദ്യമായി. ഏക തത്ത്വ എന്ന പ്രസ്ഥാനം ഏറെ കിതച്ചാണെങ്കിലും അതിന്റെ ഉയരങ്ങളിലേക്കുള്ള ജൈത്ര യാത്ര തുടരുന്നതിൽ സന്തോഷം. കാലത്തിനൊത്ത് നീന്താതെ എതിരെ നീന്തുക എന്നത് പ്രയാസകരം തന്നെ. എന്നാലും നീന്താനുള്ള മുരളി സാറിന്റെ ശ്രമം തുടരട്ടെ. നേരിന്റെ ശബ്ദം നിശ്ചലമായാൽ പിന്നെ ഇരുട്ടതിനെ വിഴുങ്ങിക്കളയും തീർച്ച.

അബ്ദുറബ്ബ് പറളി
9400227780

മധുര പ്രതീക്ഷകൾ ഓരോ കിനാവിലും എന്ന അശോപ്പി ചേർത്തലയുടെ ലേഖനം കഥ എന്ന് തെറ്റായി കൊടുത്തിരിക്കുന്നു. വിജ്ഞാനച്ചെപ്പ് എന്ന പുതുപംക്തി നന്നായി. സെല്ലുലോയ്ഡ് poet എന്ന ബാലു മഹേന്ദ്രയെ കുറിച്ചുള്ള ഭാരതിരാജയുടെ പരിഭാഷ (ദിനേശ്) വ്യത്യസ്തമായി.

തുടർ പംക്തികളായ ഈശ്വർകുമാർ തരവത്ത് സാറിന്റെ യാത്രാ വിവരണവും, മുക്കം ഭാസി വല്യച്ഛന്റെ അഭിനയസ്മരണകളും തെക്കീട്ടിൽ കഥകളും സൈനുദീൻ മാഷിന്റെ കതിരും പതിരും ജയച്ചേച്ചിടെ മാങ്ങായിഞ്ചി അരച്ചുകലക്കി (പാചകം) രസാവഹങ്ങളാണ്.

ഉണ്ണിമാമേടെ 'ചൂല്' കഥയെക്കാൾ ചിന്താവിഷയം പോലെ തോന്നി. മറ്റ് കഥാ-കവിതകളും ആസ്വാദ്യങ്ങൾ തന്നെ. ആരോഗ്യത്തിൽ ഡോ. രാമകൃഷ്ണൻ സാർ പ്രതിപാദിച്ച 'ബ്ലെഫറൈറ്റിസി'നെക്കുറിച്ച് പുതിയ അറിവായിരുന്നു. നാരായണമാമന്റെ 'അന്നും ഇന്നും മലകയറ്റവും മതിലുയർത്തലും' നല്ല വായനാനുഭവങ്ങളായി. എഡിറ്റോറിയലിൽ സൂചിതങ്ങളായ നന്മതിന്മ വിഷയങ്ങളുടെ കാഴ്ചപ്പാടുകളും നിലവാരവും എത്തരത്തിൽ സാമൂഹികമായി ബാധിക്കപ്പെടുന്നു എന്നത് വ്യക്തമായി പുനഃപരിശോധ്യമാക്കിയിരിക്കുന്നു മുരളിസാർ – വർത്തമാന സംഭവങ്ങൾ ചൂണ്ടിക്കാട്ടിത്തന്നെ.

ഇന്ദു മാരാത്ത്
9947678213

പ്രിയ മുരളി,

ഫെബ്രുവരി ലക്കം കിട്ടിയിരുന്നു. നന്ദി. പത്രാധിപരുടെ 'എനിക്ക് പറയാനുള്ളത്' എന്ന പംക്തി വളരെ ഉജ്ജ്വല നിലവാരം പുലർത്തുന്നു. ഏക തത്ത്വ, 'എനിക്ക് പറയുവാനുള്ളത്' എന്നതിൽ ഒതുങ്ങുന്നുണ്ടോ എന്നുപോലും സംശയം തോന്നാം. അത്രയ്ക്ക് ഗംഭീരം. എങ്കിലും അതിന്റെ ദൈർഘ്യം കുറയ്ക്കുന്നതല്ലേ ഉചിതം. രണ്ടോ മൂന്നോ കാ

ര്യങ്ങൾ/വസ്തുതകൾ മാത്രം സ്പർശിച്ചുകൊണ്ട്, ആറ്റിക്കുറുക്കി എഴുതിയാൽ കൂടുതൽ ആകർഷകമാവും എന്നെനിക്ക് തോന്നുന്നു.

മല കയറ്റവും മതിലുയർത്തലും എന്ന ഇ. എൻ. നാരായണന്റെ ലേഖനം വളരെ നന്നായി. ഇരുത്തം വന്ന ഒരു എഴുത്തുകാരനെ അതിൽ കാണാം. കഥകളിൽ സുഗുണ സന്തോഷിന്റെ നോവ്, സാധാരണ വായനക്കാർക്കിഷ്ടപ്പെടും. മനസ്സിൽ തട്ടാത്ത, ചിന്താദ്യോതകമല്ലാത്ത, വായിക്കാനിമ്പം തരാത്ത നുറുങ്ങ് കഥകൾ/മിനിക്കഥകൾ എഴുതുന്നതും അവയെ - മനസ്സിലായാലും ഇല്ലെങ്കിലും പുകഴ്ത്തുന്നതും ഇന്നൊരു ഫാഷനായി മാറിയിരിക്കുന്നു എന്നുപറയുന്നതിൽ തെറ്റില്ല. മിനിക്കഥകൾ/നുറുങ്ങുകഥകൾ മോശമാണെന്നല്ല. പക്ഷെ കഴമ്പുള്ളതാകണം. പി. കെ. പാറക്കടവിന്റെ ഇരുപത്തിനാല് കഥകൾ പോലെ മനോഹരമായ സൃഷ്ടികൾ മാസികയിൽ പ്രസിദ്ധീകരിക്കപ്പെടട്ടെ. മാസികയിൽ ചില സൃഷ്ടികൾ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് പറയാൻ വിഷമം. ചില കഥകൾ കഥകളായും ചില കവിതകൾ കവിതകളായും അനുഭവപ്പെടുന്നില്ല എന്ന സത്യം തുറന്നെഴുതുന്നു. വൃത്തം, അലങ്കാരം, പ്രാസം, സംഗീതം - എന്നിവ അധുനിക കവിതകളിൽ കാണാറില്ലെങ്കിലും മനസ്സിലേക്കിറങ്ങിച്ചെല്ലാൻ കെല്പുള്ള ഏതാനും വരികളെങ്കിലും കവിതകളിലുണ്ടാകണം. എന്തായാലും എഴുതിത്തുടങ്ങുന്നവരേയും എഴുതിത്തെളിഞ്ഞവരേയും ഒന്നിച്ചണിനിരത്തുന്ന ഏക തത്ത്വയ്ക്ക് അനുമോദനങ്ങൾ.

ഒരേ ലക്കത്തിൽ ഒരാളുടെ തന്നെ ഒന്നിൽ കൂടുതൽ സൃഷ്ടികൾ ചേർക്കാതിരിക്കുന്നതാണ് നല്ലത്. അങ്ങിനെ മുമ്പെന്നോ കണ്ടതായി ഓർക്കുന്നു. വിജ്ഞാനച്ചെപ്പിന്റെ തുടക്കം, മിക്കവർക്കും അറിയാവുന്നതാണെങ്കിലും, വരും ലക്കങ്ങളിലേക്ക് ഉറ്റുനോക്കാൻ പ്രേരിപ്പിക്കുന്നു. നന്മകൾ നേർന്നുകൊണ്ട്...

സസ്നേഹം

ടി. കെ. എ. മേനോൻ

9745935385

---

ജനുവരി ലക്കം വി. കെ. എം. നായർ എഴുതിയ ലേഖനം 'വിശ്വാസികളും വ്യക്തിദൈവങ്ങളും' ശ്രദ്ധേയമായി. ഒരു ദൈവം, ഒരു മതം എന്ന് അനുശാസിക്കുന്നവർ തന്നെ പല ദൈവസങ്കല്പങ്ങളിലും പ്രതീകങ്ങളിലും വിശ്വസിച്ചുപോരുന്നു. രാഷ്ട്രീയ പ്രതിച്ഛായകളും നൽകിവരുന്നു. രാഷ്ട്രീയക്കാരാകട്ടെ മുതലെടുപ്പുകൾ നടത്തിയും വരുന്നു. ഇതൊക്കെ അനാശാസ്യപ്രവണതകളാണ്. ദൈവമെന്നത് ഒരു ഊർജ്ജമാണ്. ആ ഊർജ്ജത്തിനാകട്ടെ രൂപവും ഭാവവും സങ്കല്പ്പിക്കാനാവില്ല. അതിനാൽ വിശ്വാസിസമൂഹം വ്യക്തിദൈവങ്ങളെ ആശ്രയിക്കേണ്ടതില്ല.

എ. കെ. എ. റഹിമാൻ

കൊടുങ്ങല്ലൂർ, 0480-2807365

**മറുപടി**

കത്തുകളിലൂടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ഓരോരുത്തർക്കും നന്ദി. 'എനിക്ക് പറയാനുള്ളത്' എന്നത് എഡിറ്റോറിയലായി കാണേണ്ടതില്ല. ഒരു ലേഖനമായി കാണണമെന്ന് വിനീതമായി ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

എഡിറ്റർ

## Statutory Declaration

**FORM IV**

**Statement about ownership and other particulars about newspaper (Eka Thathwa)**

**1. Place of Publication : Palakkad**

**2. Periodicity of its Publication : Monthly**

**3. Printer's Name : E. T. Muralidharan**
**Nationality : Indian**
**Address :18/225 "Syamalalayam" A- 9**
**New Civil Nagar, Behind Civil Station,**
**Palakkad 678 001.**

**4. Publisher's Name : E. T. Muralidharan**
**Nationality : Indian**
**Address :18/225 "Syamalalayam" A- 9**
**New Civil Nagar, Behind Civil Station,**
**Palakkad 678 001.**

**5. Editor's Name : E. T. Muralidharan**
**Nationality : Indian**
**Address :18/225 "Syamalalayam" A- 9**
**New Civil Nagar, Behind Civil Station,**
**Palakkad 678 001.**

**6. Names and Addresses of Individuals who own the newspaper and partners or shareholders holding more than one per cent of the total capital : Nil**

**I, E. T. Muralidharan, hereby declare that the particulars given above are true to the best of my knowledge and belief.**

**Date : 15-02-2019** **Signature of Publisher**

---





**അരവിന്ദൻ**
**9745935385**

## ഗാനം - 1

കങ്കണനാദം കേട്ടു
കളമൊഴിനാദം കേട്ടു
കൽച്ചിലങ്കതൻ പൊട്ടിച്ചിരിയെൻ
കരളിലൊരുത്സവം തീർത്തു. (കങ്കണ...)

തംബുരു മീട്ടിയ സപ്തസ്വരങ്ങളിൽ
താളമേളങ്ങളിൽ
തണ്ടലർമാർദ്ദവ വദനഭാവങ്ങളിൽ
അനവദ്യസുന്ദരസ്വപ്നസുഷുപ്തിയിൽ
സ്വർഗ്ഗാനുഭൂതിയിൽ
ആകുലചിന്തകളൊന്നായ് മറഞ്ഞു
നീരദമാലയകന്നു. (കങ്കണ...)

വൃന്ദാവനത്തിലൊരായിരം പൂവുകൾ
മന്ദഹാസം പൂണ്ടുനിന്നു.
പൗർണ്ണമിച്ചന്ദ്രനുദിച്ചു, നീലാംബരം
വർണ്ണപ്പകിട്ടിൽ വിളങ്ങി... (കങ്കണ...)


## ഗാനം - 2

തലയിൽ തട്ടമിട്ട് തറയിൽ നോട്ടമിട്ട്
തരം നോക്കിയിരിക്കുന്ന കുസൃതിപ്പെണ്ണേ - നിന്റെ
കരിവള ചിരിച്ചതും കരിമിഴി ചലിച്ചതും
അറവാതിലടഞ്ഞതു കണ്ടല്ലേ - നിന്റെ
അറവാതിലടഞ്ഞതു കണ്ടല്ലേ... (തലയിൽ...)

പുതുപുത്തനുടുപ്പിട്ട് കള്ളക്കണ്ണാൽ നോട്ടമിട്ട്
പുതുമാരനടുത്തെത്തിച്ചിരിക്കുംനേരം - നിന്റെ
ഖൽബിൻ കിനാവുകൾ കൈതപ്പൂമേനിയിൽ
കുളിർ കോരി വാരിയെറിഞ്ഞില്ലേ - പെണ്ണേ
കുളിർ കോരി വാരിയെറിഞ്ഞില്ലേ.
കണങ്കാലിൽ തളകൾ കിലുകിലുങ്ങി
കസവുള്ള പുടവകൾ മിനുമിനുങ്ങി (കണങ്കാലിൽ...)

നിഴലും നിലാവും ചുംബിച്ചു- നീല
മാനത്തമ്പിളി നാണിച്ചു. (നിഴലും...)
(തലയിൽ...)

# അമ്മ



ടി. കെ. ഉണ്ണികൃഷ്ണൻ
9447972209, 0491-2578098

**ഒ**രുമാസത്തെ ലീവെടുത്ത് ഞാൻ നാട്ടിലേക്കുപോകുമ്പോൾ കരുതിയതാണ് ഈ പ്രാവശ്യം അമ്മയെ ചില ക്ഷേത്രങ്ങളിലെല്ലാം കൊണ്ടുപോകണമെന്ന്. ക്ഷേത്രത്തിൽ പോകുന്നത് അമ്മയ്ക്ക് സന്തോഷമുള്ള കാര്യമാണ്.

ചെറുപ്പത്തിലെ അച്ഛൻ മരിച്ചു. പിന്നെ എന്തെല്ലാം കഷ്ടപ്പാടുകൾ നേരിട്ടാണ് അമ്മ എന്നെ വളർത്തിയത്. വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ ബന്ധത്തിൽപ്പെട്ട ഒരാൾ ഡൽഹിയിൽ ഉണ്ടായിരുന്നു. ജോലി തേടി അയാളുടെ അടുത്തേക്ക് ചെന്നു. അയാൾ ചെറിയൊരു ജോലി തരപ്പെടുത്തി. രണ്ടുകൊല്ലത്തിനിടെ നല്ലൊരു ജോലിയിലെത്താൻ ദൈവം സഹായിച്ചു. ഇന്ന് ഡൽഹിയിൽ സ്വന്തം ഫ്ളാറ്റുണ്ട്, കൂട്ടുകാരുമുണ്ട്. ലീവ് കഴിഞ്ഞുവരുമ്പോൾ അമ്മയേയും കൊണ്ടുപോകണം. അമ്മയ്ക്ക് സ്ഥലങ്ങൾ പലതും കാണിക്കണം.

ആദ്യം തുടങ്ങിയത് ഗുരുവായൂർ തന്നെ. അമ്മയോടൊപ്പം ബസ്സിലിരിക്കുമ്പോൾ മുമ്പിലുള്ള സീറ്റിൽ ഒരു കുട്ടിയുടെ കരച്ചിൽ. ബസ്സിലുള്ളവർ എല്ലാവരും അവിടേയ്ക്ക് ശ്രദ്ധിച്ചു. കുട്ടിയുടെ അമ്മ കുട്ടിയെ തോളിലിട്ട് കൊട്ടി നോക്കുന്നു. കരച്ചിൽ കൂടുകയാണ്. ഒടുവിൽ പരിസരം നോക്കാതെ കുട്ടിയുടെ അമ്മ ഷാൾ പുതച്ച് അതിന്റെ മറവിൽ മുലയൂട്ടാൻ തുടങ്ങി. കരച്ചിൽ നിന്നു. കുട്ടിയുടെ വിശപ്പിനുള്ള കരച്ചിൽ അമ്മയുടെ ഹൃദയത്തിൽ ഏറ്റുകാണും.

അതിന്നിടയിലാണ് ഞാൻ വാങ്ങിവച്ച ന്യൂസ്പ്പേപ്പറിൽ കണ്ണോടിച്ചത്. ഒരമ്മ പിഞ്ചുകുട്ടിയെ കുപ്പക്കൊട്ടയിലിട്ടോടുമ്പോൾ പോലീസ് പിടിച്ച വാർത്ത. എന്റെ മനം നൊന്തു. ബസ്സ് ഗുരുവായൂർ എത്തി. ഇറങ്ങി ചെരുപ്പും ബാഗും വയ്ക്കുന്നതിന് നടന്നു. പിന്നെ കുളത്തിൽപ്പോയി ഞങ്ങൾ കാലും മുഖവും കഴുകി വന്ന് ദർശനത്തിനുള്ള ലൈനിൽ നിന്നു. ഇഴഞ്ഞു നീങ്ങുന്ന ലൈനിൽ പൈപ്പുകൾ കൊണ്ടുകെട്ടിയുണ്ടാക്കിയ വലയങ്ങളിലൂടെ ഞങ്ങൾ നീങ്ങി. രണ്ടുമൂന്നുപേർക്ക് മുന്നിലായി നിന്നിരുന്ന ഭാര്യയും ഭർത്താവും കുട്ടിയുമായി തിക്കിത്തിരക്കി പിന്നിലേക്ക് വരുന്നതുകണ്ട് അമ്മ ചോദിച്ചു: ''എന്താ തൊഴാൻ നില്ക്കുന്നില്ലേ ?''

''കുട്ടി അപ്പിയിട്ട് കുളമാക്കി. കഴുകണം. ഇനി ഞങ്ങൾ പുറത്തുനിന്ന് തൊഴുത് മടങ്ങുന്നതയേള്ളു.''

നടയിൽ ചെന്ന് തൊഴാൻ ആഗ്രഹിച്ച അമ്മയ്ക്ക് കുട്ടിയുടെ ഉത്തരവാദിത്വം തടസ്സമായപ്പോൾ മുഖത്ത് തെല്ലുപോലും ഖേദം കണ്ടില്ല.

തിക്കിത്തിരക്കി നടയുടെ മുമ്പിലെത്തി തൊഴുമ്പോഴാണ് പിന്നിൽ നിന്ന് ഒരുന്തുവന്നത്. ഞാൻ വീണുപോയിരുന്നു. അപ്പോഴേക്കും അമ്മ പിടിച്ചു. പുറത്തുവന്ന് പ്രദക്ഷിണം വയ്ക്കുമ്പോൾ എന്റെ കണ്ണുകൾ ചോറൂണ് നടക്കുന്ന ഭാഗത്തേയ്ക്ക് പോയി. നൂറുകണക്കിന് അമ്മമാർ കുട്ടികളുടെ അഭിവൃദ്ധിക്കുവേണ്ടി ഗുരുവായൂരപ്പനെ പ്രാർത്ഥിച്ച് ചോറൂണ് നടത്തുന്നു. അമ്മയുടെ നിസ്വാർത്ഥത അവിടെ തളം കെട്ടിനിൽക്കുന്നു.

മടങ്ങുമ്പോൾ കുന്നംകുളത്ത് ബസ്സ് നിന്നപ്പോൾ പുറത്ത് രണ്ടുമൂന്നു പോലീസുകാർ തലയും മുഖവും മൂടിയ ഒരാളെയും കൊണ്ടുപോകുന്നതുകണ്ടു. ബസ്സിൽ കേറി വരുന്ന ഒരാൾ പറയുന്നതുകേട്ടു. 'പീഡനക്കേസാണ്. പഹയന് അറുപത് കഴിഞ്ഞു. പതിനഞ്ചുവയസ്സായ കുട്ടിയെ. കൂട്ടിക്കൊടുത്തത് ആ പെണ്ണിന്റെ തള്ളതന്നെ.'' അതുകേട്ട് മറ്റൊരാൾ പറഞ്ഞു, ''കാലത്തിന്റെ പോക്ക് മോശം. രണ്ടുദിവസം മുമ്പ് ഒരമ്മ കുട്ടിയെ അയ്യായിരത്തിന് വിറ്റുവത്രേ.'' വർത്തമാനത്തിൽ ചേർന്ന വേറൊരാൾ പറയുന്നതുകേട്ടു, ''ഒരമ്മ കുട്ടിയുടെ കഴുത്തറുത്ത വിവരം കേട്ടില്ലേ ?'' ഇങ്ങനെയുമുണ്ടോ അമ്മമാർ. എന്റെ മനസ്സാകെ തകിടം മറിയുകയായിരുന്നു.

പല ക്ഷേത്രങ്ങളിലും അമ്മയെ കൊണ്ടുപോയി. ഡൽഹിക്ക് മടങ്ങുമ്പോൾ അമ്മയേയും കൊണ്ടുവന്നു. അമ്മയ്ക്ക് ഹരിദ്വാറിലും ഋഷികേശിലും പോകണമെന്നുണ്ടായിരുന്നു. അതുകൊണ്ട് ലീവ് കഴിയുന്നതിനും ഒരാഴ്ചമുമ്പേ ഡൽഹിയിലെത്തി. ഹരിദ്വാറിൽ അച്ഛനുവേണ്ടി കർമ്മങ്ങൾ നടത്തി. ഋഷികേശിലും ദർശനം നടത്തി. വൈകുന്നേരം ഹരിദ്വാറിലെ ആരതി കണ്ട് മടങ്ങുകയായിരുന്നു. മുറിയെടുത്ത ഹോട്ടലിലേക്ക് നടക്കുമ്പോൾ ഒരു ഗ്രൗണ്ടിൽ സ്റ്റേജ് പ്രോഗ്രാം നടക്കുന്നുണ്ടായിരുന്നു. അൽപ്പം നേരം അതുകാണാൻ നിന്നു. ഞങ്ങൾ ചെല്ലുമ്പോൾ കുറച്ചുപേരുടെ കവാലി നടക്കുകയായിരുന്നു.

ഹോട്ടലിൽ വന്ന് ഭക്ഷണം കഴിച്ച് മുറിയിലേക്ക് പോയി. പകൽ മുഴുവനും അവിടവിടെ നടന്ന ക്ഷീണമുണ്ടായിരുന്നു. ഡ്രസ്സുമാറ്റി ലുങ്കി ചുറ്റി കട്ടിലിൽ കിടന്നപ്പോൾ അമ്മ പറഞ്ഞു. കവാലി കേൾക്കാൻ രസമായിരുന്നു. ഹിന്ദി അറിയാത്ത കാരണം ഒന്നും മനസ്സിലായില്ല. ഞാൻ കവാലിയിലെ സാരാംശം കേൾപ്പിക്കാൻ തുടങ്ങി. ''ഒരു കാമുകി കാമുകനോട് പറയുന്നു. നിനക്ക് എന്നെ നിന്റേതാക്കണമെങ്കിൽ നീ നിന്റെ അമ്മയുടെ നെഞ്ചുകീറി അമ്മയുടെ ഹൃദയം കൊണ്ടുവന്ന് എനിക്ക് തരണം. പ്രണയഭ്രാന്തനായ കാമുകൻ ഓടി അമ്മയുടെ അടുത്തുവന്ന് ഒരു കഠാര കൊണ്ട് നെഞ്ചുകീറി ഹൃദയമെടുത്ത് കാമുകിക്ക് കൊടുക്കാൻ ഓടുന്നു. വഴിയിൽ ഒരു കല്ലുതട്ടി വീഴുമ്പോൾ അമ്മയുടെ ഹൃദയം തെറിച്ചുപോയി. കാമുകൻ എഴുന്നേറ്റ് ഹൃദയമെടുക്കാൻ തുനിയുമ്പോൾ ഹൃദയം പരിഭ്രമസ്വരത്തോടെ ചോദിക്കുന്നു, മോനെ നിനക്ക് പരിക്കൊന്നും പറ്റിയിട്ടില്ലല്ലോ ? അതൊന്നും

ശ്രദ്ധിക്കാതെ ഹൃദയവുമായി കാമുകിയുടെ അടുത്തെത്തി. ഹൃദയം അവൾക്ക് നീട്ടുമ്പോൾ അവൾ പിന്നോട്ടുമാറി പറഞ്ഞു. സ്വന്തം അമ്മയെ സ്നേഹിക്കാത്ത നീ, എന്നെ എങ്ങനെ സ്നേഹിക്കും ? കടന്നുപോ എന്റെ മുമ്പിൽ നിന്ന്. എങ്ങനെയുണ്ട് കഥ ?'' ഞാൻ അമ്മയോട് ചോദിക്കുമ്പോൾ എന്റെ ഉള്ളിന്റെ ഉള്ളിൽ ചില അമ്മമാരുടെ വികൃതരൂപങ്ങൾ വന്നുംപോയുമിരുന്നു.

എന്റെ മനസ്സിലെ ഓളങ്ങൾ അമ്മ മനസ്സിലാക്കിക്കാണും. തണുപ്പുണ്ടായിരുന്നു. എന്നെ ഒരു കമ്പിളിയെടുത്ത് പുതപ്പിച്ച് അമ്മ പറഞ്ഞു. ''ഒറ്റപ്പെട്ട ചില സംഭവങ്ങൾ വിട്ടേയ്ക്ക്. നമ്മൾ ഭാരതീയരാണ്. ഇവിടെ അമ്മ മരിച്ചിട്ടില്ല. അമ്മ മരിച്ചാൽ നമ്മുടെ സംസ്ക്കാരവും മരിക്കും.'' ●

■ കഥ

# അമ്മിണിയും കിങ്ങിണിയും


നന്ദന . കെ
നാലാം ക്ലാസ്,
ഗവ. മോയൻ
എൽ. പി. സ്കൂൾ,
പാലക്കാട്.



ഒരു അച്ഛനുമമ്മയ്ക്കും രണ്ടു മക്കളുണ്ടായിരുന്നു. അമ്മിണിയും കിങ്ങിണിയും. കിങ്ങിണിയ്ക്ക് 9 വയസ്സും അമ്മിണിക്ക് 3 വയസ്സും. ഒരുദിവസം കിങ്ങിണിയും അമ്മിണിയും കൂടി കളിക്കുകയായിരുന്നു. പെട്ടെന്ന് ഒരു വൃദ്ധ അവരുടെ മുന്നിൽ വന്നു. അവർ കുടിക്കാൻ വെള്ളം ചോദിച്ചു. കിങ്ങിണി പോയി വെള്ളം എടുത്തുവരുമ്പോഴേയ്ക്കും അമ്മിണിയെ ആ വൃദ്ധ എടുത്തുകൊണ്ടുപോയി. കിങ്ങിണിയും അവളുടെ അച്ഛനുമമ്മയും അവിടമാകെ അമ്മിണിയെ തിരഞ്ഞെങ്കിലും അവളെ കണ്ടില്ല. അവർ കരഞ്ഞുവിളിച്ചെങ്കിലും അവർക്കൊരിക്കലും അമ്മിണിയെ തിരിച്ചുകിട്ടിയില്ല.

കൂട്ടുകാരെ, നിങ്ങൾക്ക് ഈ കഥയിൽ നിന്ന് എന്തുമനസ്സിലായി ? ഒരിക്കലും അമ്മയോ അച്ഛനോ അറിയാതെ വീട്ടിൽ നിന്ന് പുറത്തിറങ്ങുകയോ അപരിചിതരോട് സംസാരിക്കുകയോ ചെയ്യരുത്. ●

# മോന്ത്യാലും കാശ് പോക്കറ്റീക്കെടക്കണം



ടി. വി. നാരായണൻ കുട്ടി
9446030344

**മോ**ന്തിയാവുന്നേരം പതിവില്ലാതെ തൊങ്ങനെ മോന്തീങ്ങാണ്ട് കുപ്പേലൻ കടന്റെ മുമ്പറത്തെ തിണ്ണേമ്മല് കണാകുണാ പറഞ്ഞ്ങ്ങാണ്ട് കുത്തിരിക്കാൻ തൊടങ്ങീതാ. ഇയാക്ക് കൊത്തിക്കടിക്കണ[1] സൊഭാവം പണ്ടേ ഇല്ലാരുന്നു. ഇത് കണ്ട്ങ്ങാണ്ട്, മണ്ടകാഞ്ഞ് വയ്യേ പോണോരൊക്കെ ഓരോന്ന് പൊലമ്പാൻ തൊടങ്ങി.

ഒരുത്തൻ: കണ്ട്റാവി, പൊലംകെട്ടവൻ.

മറ്റൊരുത്തൻ : (അല്പം ലോഗ്യത്തിലാണ്) എന്താണ്ടാ ഉണ്ണ്യേ, നീയെന്തെക്കാൺണ്ടാ ?

മൂന്നാമതൊരാൾ : കൊരട്ടാണിയടച്ച് രണ്ടങ്ങട് വെച്ചാതീർന്നു, നെഗളിപ്പ്, അല്ലാണ്ടെന്താ.

ഇതൊന്നും കുപ്പേലന്റെ ചെവിയിലെത്തിയില്ലെങ്കിലും ബോധം കെട്ട അയാൾ പലരോടും ഒരേ വാക്ക് തന്നെ പൊലമ്പിക്കൊണ്ടിരുന്നു.

''ഒന്ന് പുഗ്ഗീന്ന്, വർത്താനം പറയാണ്ട്, നിങ്ങ ആര് കേക്കാനക്കൊണ്ട് ?''

പെലച്ചക്ക് വെള്ളച്ചോറും കഴിച്ചുപോയ കെട്ടിയോനെ പതിവുപോലെ കാണാഞ്ഞ് കുപ്പേലന്റെ പെണ്ണ് 'തങ്ക' പെരക്ക് പൊറത്തേക്കിറങ്ങി. ഒന്ന്, രണ്ട് പേരോടൊക്കെ തെരക്കി.

''നിങ്ങ എന്റെ കെട്ടിയോനെ കണ്ടാ ?''

വിവരമറിയാതെ അവൾ റോഡേ നടന്നു. അസ്സനാരുടെ പഴേ പീടികത്തിണ്ണേന്റെ മുമ്പറത്ത് ആരൊക്കെയോ കൂട്ടം കൂടുന്നതവൾ കണ്ടു. തങ്ക വെക്കം മണ്ടിച്ചെന്നു. തങ്കയെ മനസ്സിലായ ചെലര് പൊല്ലാപ്പൊഴിവാക്കാൻ സ്ഥലം കാലിയാക്കി. മറ്റുള്ളവരിലൊരാൾ കുപ്പേലനെ പൊക്കി നേരെ നിർത്തി. അവന്റെ ഉടുമുണ്ട് ഏതാണ്ടഴിയാറായി കെടക്കുന്നു. ഒരാളത് നേരെയാക്കിക്കൊടുത്തു. കുപ്പേലൻ അയാളുടെ കൈ തട്ടി മാറ്റി പൊലമ്പി ''എന്നെ പൊക്കണ്ട്റാ, നിങ്ങ ഒന്ന് പുഗ്ഗീന്ന്.'' അപ്പോഴേക്കും തങ്ക കരയാൻ തൊടങ്ങിയിരുന്നു.

''നിങ്ങ അക്റാണ്ടിരിക്കീന്ന്.'' ഒരാൾ അവളെ സമാധാനിപ്പിച്ചു.

''ഇയാളെക്കൊണ്ട് ഞാൻ ചീരഴിഞ്ഞു, ഒന്ന് പൊരേലെത്തിക്കാൻ നിങ്ങ ഒന്ന് തകായിക്കീന്ന് ?'' തങ്ക കേണു. അവളുടെ സങ്കടം കണ്ട് മൂന്നുപേർ ചേർന്ന് കുപ്പേലനെ പൊക്കിനടന്നു.

''കണ്ട്റാവി, പണ്ടാരകാലൻ'' എന്നൊക്കെ പ്രാകിക്കൊണ്ട് തലയിൽ കൈയും വെച്ച് തങ്ക പിന്നാലെ. കുപ്പേലൻ വഴി നീളെ എന്തൊക്കെയോ നിർത്താതെ പിറുപിറൂന്ന് പറഞ്ഞോണ്ടിരുന്നു. അയാളെ പൊരേലെ അകായില് കെടത്തീറ്റ് വന്നവർ പോയി. കുപ്പേലൻ കെടന്ന കെടപ്പിലും കൊറേ നേരം നൊടിഞ്ഞുകൊണ്ടിരുന്നു. തങ്ക ശ്രദ്ധിക്കാനേ പോയില്ല. കെട്ടല്പ്പമൊന്നയഞ്ഞ കുപ്പേലൻ പതുക്കെ എഴുന്നേറ്റു.

''എന്താണ്ടീ നേരം പൊലന്നിനില്ലേ ?''

''പെലച്ചയല്ല, മോന്തി കയിഞ്ഞ്.''

കുപ്പേലൻ ഒന്നും ഉരിയാടിയില്ല. കുറ്റബോധം അയാളെ തെല്ലൊന്ന് തളർത്തിയിരുന്നു.

തങ്ക : തൊങ്ങനെ മോന്തണേങ്കില് നിങ്ങക്ക് പെരേല് വന്നിട്ട് പോരേന്ന്? വയീക്കെടന്ന്ങ്ങാണ്ട് പോക്കണംകേട് കാണിക്കണാ ?

കുപ്പേലൻ : എടീ, ചന്തോഷം സഹിക്കാൻ പാങ്ങില്ലാണ്ട് ഇച്ചിരി കൂടി

പ്പോയെന്നത് നേരാ, നീയങ്ങട് ക്ഷമിച്ചാളാ.

തങ്ക : ചന്തോഷിക്കാനക്കൊണ്ട്, ഈ മാനംകെട്ട പൊളപ്പിന് ആരെങ്കിലും പൂഗ്ഗ്വോ ?

കുപ്പേലൻ പതുക്കെ തന്റെ ഷർട്ടിന്റെ ഇടത് നെഞ്ചിന്റെ ഭാഗത്തെ ഉള്ളിലെ പോക്കറ്റിലേക്ക് തന്റെ വിറയ്ക്കുന്ന കൈകൾ പതുക്കെ കടത്തി. തലകൊണ്ട് ആംഗ്യം കാട്ടി തന്റെ കെട്ട്യോളെ അടുത്തേക്ക് വിളിച്ചു.

''ഇങ്ങട് വാടീ, നീയിത് കണ്ടാ ?പണിമാറി വരുമ്പം സിൽമാകൊട്ടേന്റെ മുമ്പീന്ന് കെടച്ചതാൺണ്ടി.''

കുപ്പേലൻ നൂറിന്റെ ഒരു നോട്ടുകെട്ടും, അമ്പതിന്റെ കൊറച്ച് നോട്ടുകളും, പതുക്കെ പുറത്തേക്കെടുത്തു. തങ്കയുടെ കണ്ണ് തള്ളി. പതുക്കെ മുഖത്ത് സന്തോഷത്തിന്റെ കിരണങ്ങൾ പടർന്നു. കെട്ടിയവനോടുള്ള അവളുടെ ദേഷ്യം പമ്പ കടന്നു. ഇന്നല്പം തോനെ മോന്തിയേന്റെ ഗുട്ടൻസും അവൾക്ക് പിടികിട്ടി.

''ഇന്നാ ഇത് നിയ്ക്ക്.'' അമ്പതിന്റെ പത്ത് നോട്ടുകളയാൾ തങ്കയ്ക്ക് നീട്ടി. ഇത്രയൊക്കെ മോന്തി ബോധം കെട്ടിട്ടും കിട്ടിയ പൈസ കളയാതെ സൂക്ഷിച്ച കെട്ടിയോന്റെ സാമർത്ഥ്യമോർത്തപ്പോൾ അവൾക്കെന്തുകൊണ്ടോ അഹങ്കാരമാണ് തോന്നിയത്. ഒപ്പം മനസ്സുനിറയെ അയാളോട് സ്നേഹവും.

''ഇത്രേം തൊകനെ കാശെന്തിനാണ്ന്ന് നിങ്ങക്ക് ?''

''നമ്മളിത്രേം കാലം വസതി കെട്ടവരായി[2] തറേലല്ലേ കെടപ്പ് ? അതങ്ങട് മാറ്റാനക്കൊണ്ട് ഒരു കട്ടില് വാങ്ങാന്ന് നമ്മ കൊറേ മണ്ട കാഞ്ഞോരല്ലേന്ന്.'' ഇതുംപറഞ്ഞ് കുപ്പേലൻ തങ്കയെ തന്നോട് ചേർത്തു പിടിച്ചു.

''ഇപ്പോ, എയ്ക്കും നിയ്ക്കും ഒപ്പം ചന്തോഷിക്കാന്ന്, എന്തേ മിണ്ടീല്ല്യ.''

ഇതും പറഞ്ഞ് രണ്ടുപേരും പൊട്ടിച്ചിരിച്ചുകൊണ്ട് അവരവരുടെ മനോലോകത്തിലേക്ക് ഊളിയിട്ടു.

കുറിപ്പ് :

1. വഴക്കുണ്ടാക്കുന്ന
2. കഴിവില്ലാത്തവർ

# ഉപ്പുമാവ്

കഥ: നന്ദകുമാർ ടി.വി (9820988026)
സംഭാഷണം: അജയ് ബാലചന്ദ്രൻ (9895659050)



മായ: മാളു... മാളു... മോളെ മാളൂ...

മാളു: അമ്മാ ടെൻ മിനുട്സ് പ്ളീസ്.

[കോളിങ് ബെൽ ശബ്ദിക്കുന്നു. വാതിൽ തുറന്ന് വിശ്വനാഥ് അകത്തു കയറുന്നു.]

മായ: എന്താ വിശ്വേട്ടാ കാറെടുത്തു പോകാമായിരുന്നില്ലേ ? ഇതു കണ്ടില്ലേ ചെരിപ്പുവച്ച ഇടം മുഴുവൻ ചെളിയായി. ഓഫീസിൽ നിന്നുവന്ന് ആ ജാനുവിനെക്കൊണ്ട് ഇവിടം മുഴുവൻ ആന്റിസെപ്റ്റിക് ലോഷൻ ഇട്ടു നന്നായി കഴുകിച്ചതാണ്. ഇത്രയും ശ്രദ്ധിച്ചിട്ടുതന്നെ നമ്മുടെ മാളൂന് ഇൻഫെക്ഷൻസ് ഒഴിഞ്ഞ നേരമില്ല.

വിശ്വനാഥ്: ഹേയ് മായാ! താനൊന്ന് സമാധാനപ്പെട്. പുറത്തു നല്ല മഴയാണ്. സെക്കന്റ് സ്ട്രീറ്റ് വരെ പോകാൻ എന്തിനാ വെറുതെ എണ്ണ കത്തിക്കുന്നത്. പിന്നെ, ഈ ആന്റിസെപ്റ്റിക് ലോഷൻസ് ഒക്കെ നമ്മൾ കുറെ പരീക്ഷിച്ചതല്ലേ? ഇനി നമുക്കവളെ പാർക്കിലും ബീച്ചിലും ഒക്കെ കുറച്ചു ചെരുപ്പിടാതെ നടത്തിച്ചു നോക്കണം.

മായ: എന്ത്! അവിടുത്തെ മണ്ണിലും ചെളിയിലും ഒക്കെയോ?

വിശ്വനാഥ്: അതേടോ ചെറുപ്പത്തിൽ നമ്മളൊക്കെ പാടത്തും തൊടിയിലും കളിച്ചു നടന്ന പോലെ. നമ്മുടെ മോൾക്കും കിട്ടട്ടെടോ നല്ല ഇമ്മ്യൂണിറ്റി!

മായ: ഇമ്മ്യൂണിറ്റി ഒക്കെ അവിടെ നിൽക്കട്ടെ. അല്പം ഉപ്പുമാവ് കഴിക്കാൻ അര മണിക്കൂറായി ഞാൻ അവളെ വിളിക്കുന്നു.

വിശ്വനാഥ്: ഇപ്പൊ ശരിയാക്കിത്തരാം. മാളൂ നൂഡിൽസ് റെഡി.

[മാളു മുറിയിൽ നിന്നും ഓടിയെത്തുന്നു.]

മാളു: ഹായ് ഡാഡി!

വിശ്വനാഥ്: മോളെ, വന്നിരിക്കൂ നമുക്കൊന്നിച്ചു ഭക്ഷണം കഴിക്കാം.

[മായ ഭക്ഷണം വിളമ്പുന്നു]

മാളു: അയ്യേ! ഇത് ഉപ്പുമാവല്ലേ?

വിശ്വനാഥ്: ഇതാണ് ഞങ്ങളുടെ കാലത്തെ നൂഡിൽസ്.

മാളു: എനിക്ക് വേണ്ട!

മായ: മോളെ ഇന്ന് നമ്മുടെ പാചകം ചെയ്യുന്ന ജോലിക്കാരി വന്നില്ല.

വിശ്വനാഥ്: [ചിരിച്ചുകൊണ്ട്] അമ്മക്കാണെങ്കിൽ ഉണ്ടാക്കാനറിയുന്നത് ഉപ്പുമാവും.

മായ: അതുകൊണ്ടൊന്നുമല്ല, ഓഫീസ് കഴിഞ്ഞു ഞാൻ വന്നതേ ടയേർഡ് ആയി. പോരാത്തതിന് മൈഗ്രെനും.

മാളു: എനിക്ക് വിശപ്പില്ല. ഭക്ഷണം വേണ്ട.

വിശ്വനാഥ്: മോളെ നമ്മുടെ വീട്ടിൽ ഈശ്വരാനുഗ്രഹത്താൽ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണമല്ലേ നമ്മൾ കഴിക്കുന്നത്. ഇന്നത്തെ സാഹചര്യം മോൾ മനസ്സിലാക്കണം.

മായ: അതെ മോളെ കഴിക്കൂ.

മാളു: ശരി കഴിക്കാം പക്ഷെ ഒരു കണ്ടീഷൻ ഞാൻ ടീവി റൂമിൽ ഇരുന്നു കഴിച്ചോളാം.

[വിശ്വനാഥും മായയും ഭക്ഷണം കഴിക്കുമ്പോൾ തന്റെ പ്ലേറ്റുമായി മാളു ടീവി റൂമിലേക്ക് ചെല്ലുന്നു. പതിയെ ബാത്റൂമിൽ ചെന്ന് മുക്കാൽ ഭാഗം ഭക്ഷണം കളയുന്നു. ബാക്കിയു

ള്ള ഭക്ഷണം മടിയിൽവച്ചു ടീവി കണ്ടുകൊണ്ടിരിക്കുന്നു. തീന്മേശയിൽ വിശ്വനാഥും മായയും തമ്മിലുള്ള സംഭാഷണം]

വിശ്വനാഥ്: ഉപ്പുമാവ് നന്നായിട്ടുണ്ട് പക്ഷെ ചൂട് പോരാ. ഈ മഴയത്തെങ്ങനെയാ ഐസ് പോലെയുള്ള ഈ ഉപ്പുമാവ് കഴിക്കുന്നത്?

മായ: ഐസ് എന്നൊന്നും പറയണ്ട ചെറിയ ചൂടുണ്ടല്ലോ. ഞാൻ ഇപ്പോൾ ഉണ്ടാക്കിയതല്ലേ?

വിശ്വനാഥ്: ഏതു ഭക്ഷണവും നല്ല ചൂടോടെ കഴിക്കണം. മഴ ഇങ്ങനെ നിർത്താതെ പെയ്യുമ്പോൾ ഇതൊക്കെയല്ലേ ഒരു എന്റർടൈൻമെന്റ്.

[രണ്ടുപേരും ചിരിക്കുന്നു. ഭക്ഷണം കഴിഞ്ഞ് അവർ ടീവി റൂമിലേക്ക്]

മായ: ഇനിയും മുഴുവൻ കഴിച്ചില്ലേ മോളെ?

മാളു: മതി അമ്മേ. വയറുനിറഞ്ഞു.

വിശ്വനാഥ്: നിർബന്ധിക്കേണ്ട മായേ മോൾക്ക് വിശപ്പ് മാറിക്കാണും.

മായ: അതുപറഞ്ഞാൽ പറ്റില്ല മുഴുവനും കഴിക്കണം.

[മനസ്സില്ലാമനസ്സോടെ മാളു ബാക്കിയുള്ള ഭക്ഷണം മുഴുവനും കഴിക്കുന്നു. ടീവിയിൽ പ്രളയത്തിന്റെ മുന്നറിയിപ്പ് വാർത്ത അവർ മൂവരും കേൾക്കുന്നു]

മായ: വിശ്വേട്ടാ!!! കണ്ടോ നമ്മുടെ സിറ്റിയും വെള്ളപ്പൊക്ക ജാഗ്രതാ പ്രദേശങ്ങളിൽ ഉണ്ട്.

വിശ്വനാഥ്: ഏറ്റവും അടുത്തുള്ള ക്യാമ്പ് എത്രയും പെട്ടെന്നു കണ്ടെത്തണം.

മായ: ദുരിതാശ്വാസ ക്യാമ്പിലേക്കോ?? അതൊന്നും വേണ്ട ചേട്ടാ... നമ്മൾ ഫോർത്ത് ഫ്‌ളോർ അല്ലെ? എത്രമേൽ ഉയർന്നാലും വെള്ളം ഇവിടെ കയറില്ല. കൂടിപ്പോയാൽ താഴത്തെ ഒന്നോ രണ്ടോ നില. അത്രയ്ക്കേ വെള്ളം വരു.

വിശ്വനാഥ്: അതുശരിയാ താഴത്തെ രണ്ടു നിലകൾ മുങ്ങിയാൽ നമുക്ക് എളുപ്പത്തിൽ ഹെലികോപ്റ്ററിൽ കയറി രക്ഷപ്പെടാമല്ലോ. അല്ലേ?

മായ: അയ്യോ ഹെലികോപ്റ്ററോ!!! അതൊന്നും വേണ്ട വേഗം ഇപ്പോൾത്തന്നെ നമുക്ക് ഒരു സുരക്ഷിതമായ ക്യാമ്പിലേക്ക് മാറണം!

വിശ്വനാഥ്: അതെ. ഒരു രണ്ടു ജോഡി ഡ്രസ്സും എളുപ്പത്തിൽ കേടുവരാത്ത ഭക്ഷണസാധനങ്ങളും കൈയിൽ കരുതിക്കോളൂ അപ്പോഴേക്കും ഞാൻ ഡോക്യൂമെന്റ്സ് എല്ലാം എടുത്തു വയ്ക്കാം.

മാളു: ഡാഡി അവിടെ ഒരുപാട് പേരുണ്ടാവില്ലേ? ഞാൻ ആ സിൻഡ്രല്ല ഫ്രോക്ക് ഇടട്ടേ?

വിശ്വനാഥ്: ജാനുവിന്റെ മകൾക്കു ഫാൻസി ഡ്രസ്സ് കോമ്പറ്റിഷനുവേണ്ടി ചോദിച്ചപ്പോൾ സിൻഡ്രല്ല ഫ്രോക്ക് കീറി ഇരിക്യാ ഇനി സ്റ്റിച്ചിങ് ചെയ്തിട്ടേ ഇടാൻ പറ്റൂ എന്നല്ലെ മോള് പറഞ്ഞത്?

മാളു: ഹ ഹ ഹാ ... അത് ഞാൻ ആ ഫ്രോക്ക് കൊടുക്കാതിരിക്കാൻ വേണ്ടി ഒരു ചെറിയ നമ്പറിട്ടതല്ലേ. അവള് പഠിക്കണ ആ പൊടിനിറഞ്ഞ ലോക്കൽ സ്കൂളിലേക്കൊക്കെ സിൻഡ്രല്ല ഫ്രോക്ക് കൊടുത്തുവിട്ടാൽ പിന്നെ നല്ല രൂപത്തിൽ തിരിച്ചു കിട്ടില്ല.

വിശ്വനാഥ്: ഓഹോ... എന്നാൽ മോള് ഒരു കാര്യം അറിഞ്ഞോളൂ അതേ പൊടിനിറഞ്ഞ ലോക്കൽ സ്കൂളാണ് നമ്മുടെ ഇനിയുള്ള കുറച്ചു ദിവസത്തെ വീട്.

മായ: അയ്യോ ആ സ്കൂളിലേക്കാണോ നമ്മൾ പോകുന്നത്?

വിശ്വനാഥ്: അതേ താരതമ്യേന ഉയർന്ന പ്രദേശത്തു സ്ഥിതി ചെയ്യുന്നതുകൊണ്ട് അവിടെയാണ് നമ്മുടെ ഏരിയയിലെ താമസക്കാർക്കായി പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ക്യാമ്പ്.

വിശ്വനാഥ്: ശരി. പോകാനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായോ?

മാളു: ഡാഡി... എന്റെ ഡോൾ എങ്കിലും ഒന്ന് എടുത്തോട്ടെ?

വിശ്വനാഥ്: ശരി മോളെ എടുത്തോളൂ. എങ്കിൽ നമുക്ക് ഇറങ്ങാം അല്ലെ?

മായ: ആ...

[മൂന്നുപേരും രാത്രി ക്യാമ്പിൽ എത്തുന്നു. വീട്ടുജോലിക്കാരിയായ ജാനുവും കുടുംബവും സ്കൂളിൽ നേരത്തെ എത്തിയിട്ടുണ്ട്. അവർ വിശ്വനാഥിനും കുടുംബത്തിനും ഉറങ്ങാൻ സൗകര്യത്തിനായി ബെഞ്ചുകൾ ചേർത്തുവച്ച ഒരു ക്ലാസ്സ്മുറി കാണിച്ചുകൊടുത്തു. അവിടെ അപരിചിതരായ മറ്റു ചിലരും ഉറങ്ങാൻ കിടക്കുന്നുണ്ട്. വിശ്വനാഥും കുടുംബവും അവരുടെ കൈവശമുള്ള വിരികൾ വിരിച്ചു കിടന്നു]

മാളു: ഡാഡി ഈ മേൽക്കൂര കാണുമ്പോൾ എനിക്കു പേടിയാകുന്നു.

അപരിചിതൻ: അയ്യേ മോള് ഇങ്ങനെ പേടിച്ചാൽ എങ്ങിനെ? ഇതാണ് ഈ സ്കൂളിലെ ഏറ്റവും നല്ല ക്ലാസ്. മറ്റ് ക്ലാസ്സുകളിലൊക്കെ മേൽക്കൂര ചോർന്ന് ഒലിക്കുകയാണ്. പിന്നെ ഇവിടെ അരിയും മറ്റു സാധനങ്ങളും സൂക്ഷിച്ചിരിക്കുന്നത് കൊണ്ട് ചിലപ്പോൾ വല്ല എലിയോ പാമ്പോ മറ്റോ കാണും... അതൊന്നു ശ്രദ്ധിച്ചാൽ മതി.. ഹ ഹ ഹ ...

[എല്ലാവരും ആർത്തിരമ്പിപ്പെയ്യുന്ന മഴയുടെ താളത്തിൽ ഹൃദയമിടിപ്പുകളോടെ പതിയെ ഉറക്കത്തിന്റെ പാതയിലേക്ക്...

നേരം പുലർന്നിരിക്കുന്നു. മഴ ശക്തമായിത്തന്നെ താണ്ഡവം തുടരുന്നു... ക്യാമ്പിലേക്കെത്തുന്ന ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. അവർക്കുള്ള നിർദേശം നൽകിക്കൊണ്ടുള്ള അനൗൺസ്മെന്റ് കേട്ടുകൊണ്ടാണ് വിശ്വനാഥും കുടുംബവും ഉണരുന്നത്]

അനൗൺസ്മെന്റ്: കുട്ടികൾക്ക് പ്രാഥമിക കർമ്മങ്ങൾക്കും ഭക്ഷണത്തിനുമുള്ള സജ്ജീകരണം ബ്ലോക്ക് നമ്പർ 1 ലും സ്ത്രീകൾക്ക് ബ്ലോക്ക് നമ്പർ2 ലും പുരുഷന്മാർക്ക് ബ്ലോക്ക് നമ്പർ 3 ലും ഏർപ്പെടുത്തിയിട്ടുണ്ട്.

ക്യാമ്പിലെ പരിമിതികൾ മനസ്സിലാക്കി നിർദേശങ്ങൾ കൃത്യമായി പാലിച്ചും പരസ്പരം സഹകരിച്ചും ഈ പ്രതികൂല സാഹചര്യത്തെ മറികടക്കാൻ സഹിഷ്ണുതയോടെ പ്രവർത്തിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വനാഥ്: മോളെ അനൗൺസ്മെന്റ് കേട്ടില്ലേ. മോൾടെ ബാഗെടുത്തു കുട്ടികൾക്കൊപ്പം ബ്ലോക്ക് നമ്പർ 1 ലേക്ക് ചെല്ലൂ. ഭക്ഷണം കഴിഞ്ഞാൽ ഇങ്ങോട്ടുതന്നെ വരണം... announcement എല്ലാം നല്ലപോലെ ശ്രദ്ധിക്കണം. എന്നെയോ അമ്മയേ

യോ കണ്ടില്ലെങ്കിൽ ഓഫീസ് റൂമിൽ ചെന്ന് അനൗൺസ്മെന്റ് റിക്വസ്റ്റ് ചെയ്യണം

[മാളുവിനെ പറഞ്ഞയച്ചുരണ്ടുപേരും അവരവരുടെ ബ്ലോക്കുകളിലേക്കു പോകുന്നു]

[രംഗം ബ്ലോക്ക് നമ്പർ1]

[മാളു തന്റെ സ്വതസിദ്ധമായ രീതിയിൽ പതിയെ തന്റെ പ്രാഥമിക കൃത്യങ്ങൾ നിർവഹിച്ചു വരുമ്പോഴേക്കും ഭക്ഷണ വിതരണ ഹാളിലെ ക്യൂ വളരെയധികം നീണ്ടിരുന്നു... ആ ദീർഘമായ നിര അവളുടെ ആത്മവിശ്വാസത്തെ കെടുത്തി... അപ്പോഴേക്കും വിശപ്പിന്റെ വിളിയും ശക്തമായിരുന്നു..

ആ ക്യൂയിൽ നിന്ന് തനിക്ക് ഭക്ഷണം വാങ്ങികഴിക്കുവാനുള്ള പ്രാപ്തി തനിക്കില്ലെന്ന് അവൾ ഉറപ്പിച്ചു... ക്യൂവിനടുത്തുള്ള ഒരു ബെഞ്ചിൽ അവൾ ഇരുന്നു. കൈകാലുകൾ തളരുന്നതായി അവൾക്കു തോന്നി... പതിയെ അരികിലുള്ള ഡെസ്കിൽ തലവച്ചു... അവൾ അഗാധമായ ഉറക്കത്തിലേക്കു വഴുതിവീണു... ഇതെല്ലം കണ്ടുകൊണ്ട് വീട്ടുജോലിക്കാരി ജാനുവിന്റെ മകൾ ചിന്നു വരിയിൽ നിൽക്കുന്നുണ്ടായിരുന്നു.

[മാളുവിന്റെ വല്ലായ്മ കണ്ട ചിന്നു ഭക്ഷണം വിതരണം ചെയ്യുന്ന വളണ്ടിയറോട് മാളുവിനുള്ള ഭക്ഷണപൊതികൂടെ തനിക്കു തരുവാൻ അപേക്ഷിക്കുന്നു]

ചിന്നു: സർ, എനിക്ക് ഒരു ഭക്ഷണപൊതികൂടെ തരു പ്ളീസ്.

വളണ്ടിയർ: അത് നടക്കില്ല മോളെ. ഈ വലിയ ക്യൂ കണ്ടില്ലേ? എല്ലാർക്കും കൊടുത്തശേഷം ബാക്കി വന്നാൽ തരാം കേട്ടോ. തല്ക്കാലം മോള് കൈയിലുള്ള ഭക്ഷണം കഴിക്ക്.

ചിന്നു: സർ, എന്റെ ചേച്ചിക്ക് സുഖമില്ല. നടക്കാൻ കഴിയാതെ ആ കാണുന്ന ബെഞ്ചിൽ കിടക്കുകയാണ് ചേച്ചി. അവൾക്കുവേണ്ടിയാണ് ഭക്ഷണം.

വളണ്ടിയർ: ശരി മോളെ. ഇതാ ഭക്ഷണം കൊടുത്തോളൂ.

ചിന്നു: താങ്ക്യൂ സാർ!

ചിന്നു വേഗം മാളുവിന്റെ അടുക്കലെത്തുന്നു.

ചിന്നു: മാളുച്ചേച്ചി എണീക്ക്. ദാ നമുക്ക് രണ്ടുപേർക്കുമുള്ള ഭക്ഷണം

മാളു: വിശന്നുതളർന്നു ഞാൻ ഉറങ്ങിപ്പോയി.

ചിന്നു: അതു സാരമില്ല. നമുക്ക് വേഗം കഴിക്കാം.

[രംഗം ബ്ലോക്ക് നമ്പർ 3]

വിശ്വനാഥ് തന്റെ പ്രാഥമിക കൃത്യങ്ങൾ നിർവഹിച്ചു ഭക്ഷണ വിതരണ കേന്ദ്രത്തിലേക്ക് എത്തുന്നു. അവിടെ അവശരും ആലംബഹീനരും ആയ അനേകം ആളുകളെ കാണാൻ ഇടയാകുന്നു. തന്നാൽ കഴിയുംവിധം ക്യാമ്പിലെ മറ്റ് അന്തേവാസികൾക്ക് നിർദ്ദേശങ്ങൾ നൽകിയും അവിടുത്തെ സൗകര്യങ്ങളെക്കുറിച്ചു ബോധവാന്മാരാക്കിയും നിസ്വാർത്ഥമായ പ്രവർത്തനം നടത്തുന്നു. പ്രവർത്തനങ്ങൾക്കൊടുവിൽ വിശ്വനാഥ് തന്റെ ഭക്ഷണപ്പൊതി കൈപ്പറ്റുന്നു. അതിനുള്ളിൽ തണുത്തു കട്ടിപിടിച്ച ഉപ്പുമാവ്. ഒരു ദീർഘനിശ്വാസത്തോടെ വിശ്വനാഥ് തന്റെ ഭക്ഷണം കഴിച്ചുതീർക്കുന്നു]

[രംഗം ബ്ലോക്ക് നമ്പർ 2]

[മായ തന്റെ പ്രാഥമിക കൃത്യങ്ങൾ കഴിഞ്ഞു ഭക്ഷണ വിതരണ കേന്ദ്രത്തിലേക്ക് എത്തുന്നു. അവിടെവച്ച് തന്റെ വീട്ടിലെ ജോലിക്കാരിയായ ജാനുവിനെ കാണാനും അവൾക്കൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കാനും ഇടയാവുന്നു]

മായ: [ഭക്ഷണപൊതി അഴിച്ചുകൊണ്ട്] അയ്യോ ജാനു ഇതിൽ ഉപ്പുമാവാണല്ലോ!

ജാനു: അതെ ചേച്ചി ഈശ്വരാനുഗ്രഹം കൊണ്ട് നമുക്ക് ഭക്ഷണം കിട്ടി... നമ്മുടെ മക്കൾക്കും ഭക്ഷണം കിട്ടിക്കാണും അല്ലെ ?

മായ: അതെ ജാനു, അതുതന്നെയാണ് എന്നെ ദുഖിപ്പിക്കുന്നത്... മാളുമോൾ ഉപ്പുമാവ് കഴിക്കില്ല... വിശ്വേട്ടനാണെങ്കിൽ ഉപ്പുമാവ് ചൂടോടെ വേണം.

ജാനു: ചേച്ചി വിഷമിക്കേണ്ട കുട്ടികളല്ലേ അവർ വിശന്നാൽ എല്ലാം കഴിച്ചോളും. എന്റെ മോള് ചിന്നുവിനോട് ഞാൻ ഓരോ വീടുകളിലും ചെയ്യുന്ന ജോലികളും കഷ്ടപാടുകളും എല്ലാം പറയും. കുഞ്ഞാണെങ്കിലും അവൾ എല്ലാം മനസ്സിലാക്കി ഞാൻ ഉണ്ടാക്കുന്നതെല്ലാം കഴിച്ചോളും പാവം.

മായ: മാളുമോൾ പക്ഷെ വാശിക്കാരിയാണ്. ഞാൻ നിർബന്ധിച്ചു കഴിപ്പിച്ചാലേ കഴിക്കൂ.

ജാനു: എന്നാ ചേച്ചി നമുക്ക് വേഗം കഴിച്ചിട്ടു ബ്ലോക്ക് നമ്പർ1 ലേക്ക് പോകാം.

മായ: അതെ ശരിയാ വേഗം അങ്ങോട്ട് പോകാം [മായ ധൃതിയിൽ ഭക്ഷണം കഴിക്കുന്നു. മായയും ജാനുവും ഉടനെത്തന്നെ ബ്ലോക്ക് നമ്പർ 1 ലെത്തുന്നു. നേരം വളരെയായിട്ടും മാളുവിനെ കാണാതെ വിശ്വനാഥും അതേസമയം തന്നെ അവിടെയെത്തുന്നു. ഭക്ഷണപൊതിയുമായി ഇരിക്കുന്ന മാളുവിനെ അവർ ഹാളിനുപുറത്തുനിന്നു കാണുന്നു]

[രംഗം ബ്ലോക്ക് നമ്പർ 1]

വിശന്നുതളർന്നുകിടന്ന തനിക്കു സ്നേഹപൂർവ്വം ഭക്ഷണം നൽകിയ ചിന്നുവിനെ മാളു അതീവ സ്നേഹത്തോടെയും ആദരവോടെയും നോക്കി എന്നിട്ടു അവൾ ചെയ്തതുപോലെ തനിക്കുകിട്ടിയ ഭക്ഷണപ്പൊതി തൊട്ടു നെറുകയിൽവച്ച് കൃതജ്ഞതയുടെ രണ്ടു കണ്ണുനീർത്തുള്ളികൾ പുറത്തുവിട്ട് മാളു ഭക്ഷണം കഴിക്കാൻ തുടങ്ങി. ഇത് കണ്ടു നിന്ന മാതാപിതാക്കളുടെ മിഴികളിലും ഗംഗയൊഴുകി!

ശുഭം.

[നമ്മുടെ കുഞ്ഞുങ്ങളെ നാം സ്വാദ് അറിയിച്ചിട്ടുണ്ട് എന്നാൽ വിശപ്പ് അറിയിച്ചിട്ടുണ്ടോ? നമ്മുടെ കുഞ്ഞുങ്ങളെ നാം ജീവിതസന്തോഷങ്ങൾ അറിയിച്ചിട്ടുണ്ട് എന്നാൽ ജീവിതസഹനം അറിയിച്ചിട്ടുണ്ടോ? വിശപ്പിന്റെയും ജീവിതസഹനത്തിന്റെയും രുചിയറിയാതെ അവർക്ക് മുന്നേറാൻ കഴിയും എന്ന് സ്വന്തം ജീവിതത്തെ മുൻനിർത്തി നമുക്ക് പറയാൻ കഴിയുമോ?]

## നിഴൽജാലകം
### ആര്യ അശോകൻ

അറിഞ്ഞിരുന്നുവോ അവളെ നമ്മൾ
അറിയാൻ ശ്രമിച്ചിരുന്നുവോ
അവൾ നോറ്റൊരാ പേറ്റുനോവുകൾ
പകുത്തു തന്നൊരാ പൊന്നിൻ കിനാവുകൾ
കണ്ടിരുന്നുവോ അവളുടെ കണ്ണിലെ
കതിരവതേജസ്സിനേറ്റൊരാ മങ്ങലും
ഉള്ളുനീറി പുകഞ്ഞു തീരുമ്പോഴും
പള്ളനിറയെ തന്നോരമ്മതൻ വിങ്ങലും
അവൾ തന്ന തുണി, തീറ്റ
വീട്, വിലാസം വിനോദവും
വിലമതിക്കാനാവാത്ത
സംസ്കാരസമ്പന്നതയും
വിദ്യ, പുരാണ പഴമയും പേരും...
പരിണാമ പ്രയാണത്തിൻ പ്രതിഫലനങ്ങളും
പ്രകൃതിയാം അവർ തന്ന
പ്രണയ പ്രതീക്ഷയും
അനുഭവിച്ചറിയുന്നുവെങ്കിലും നാമിന്നും
അതിർവിട്ടു പോകുവതെന്തേ...
ശാന്തയവൾ സർവ്വംസഹ - ശുദ്ധ-
സമാധാന പ്രിയയെന്ന മൂഢവിശ്വാസത്തി-
ലഹങ്കരിച്ചധപതിച്ചവരല്ലോ നാം
ഒരു മഴത്തുള്ളിയായിറ്റിറ്റുവീഴുമെൻ
നിഴൽജാലക കാഴ്ചയായ് നോവുകൾ.

## മുത്തശ്ശിയമ്മ
### ചെങ്ങാലൂർ പെരുമാരാത്ത്

ഞങ്ങടെ അച്ഛന്റെ അമ്മയാണെത്രെ
മുത്തശ്ശിയമ്മ
മുത്തശ്ശിയമ്മയ്ക്കിന്നു
തൊണ്ണൂറാം പിറന്നാളാണേ.

കാണാനഴകുള്ളോരു മുത്തശ്ശിയമ്മ
തോളോളം കാതു
നീട്ടിവളർത്തിയൊരു മുത്തശ്ശിയമ്മ
പൊൻതോടയിട്ടാട്ടിനടക്കും മുത്തശ്ശിയമ്മ
പല്ലുകളില്ലാത്ത മോണകൾ കാട്ടി
പുഞ്ചിരിതൂകിനടക്കും മുത്തശ്ശിയമ്മയെ
നാട്ടാർക്കും അച്ഛനും ഞങ്ങൾക്കും
എന്തിഷ്ടമാണെന്നോ
എങ്കിലും ഞങ്ങടെ
അമ്മയ്ക്കുമാത്രം ഇഷ്ടമല്ലത്രേ !

നാടിനേം നാട്ടാരേം
പേടിയില്ലാത്ത മുത്തശ്ശിയമ്മ
കാലനെപ്പോലും പേടിയില്ലാത്ത മുത്തശ്ശിയമ്മ
ആരേയും പേടിയില്ലാത്ത മുത്തശ്ശിയമ്മയ്ക്ക്
ഞങ്ങടെ അമ്മേനെമാത്രം പേടിയാണത്രേ !



റീന പി. ജി, മലപ്പുറം
94971 32522

## തിരുമുറിവ്

ഓരോ തിരുമുറിവിൽ നിന്നും
ഇറ്റുവീണ
ചോരത്തുള്ളികൾ
'നിങ്ങളിൽ പാപം
ചെയ്യാത്തവരുണ്ടെങ്കിൽ
കല്ലെറിയുവിൻ '
എന്നുച്ചത്തിൽ
പറയുന്നുണ്ടാവും

കുരിശിന്റെ പാതയിൽ
ചരിക്കുന്ന ആർക്കും
ഉണ്ടാവാം
ഒടുവിലൊരു
ഉയിർത്തെഴുന്നേൽപ്പിന്റെ
ഓശാനപ്പെരുന്നാൾ.

അവസാനത്തെ
കുമ്പസാരക്കൂട്ടിൽ
ചതഞ്ഞ് ചീഞ്ഞൊലിച്ച
വ്രണിതമനങ്ങൾ
ഉന്മാദപ്പെട്ടു
കിടക്കുന്നുണ്ടാവണം.

പകതിന്നു പെരുകിയ
വിസർജ്യങ്ങൾ
ഒരൊറ്റ
ഗാന്ധി ദിനാചരണം
കൊണ്ടൊന്നും
കത്തിത്തീരില്ലെന്ന്
വെളിപ്പെടുന്നുണ്ടാവണം.

ആരോ പറഞ്ഞുപറ്റിച്ച
വ്യവഹാരത്തിലെ
ലാഭനഷ്ടങ്ങൾ
കുരിശിന്റെ നാലറ്റത്തും
ഭാരം കൂട്ടിയിട്ടുണ്ടാവണം.

ജറുസലേം യാത്രാമധ്യേ
കണ്ട നിമിത്തങ്ങൾ,
ഗാഗുൽത്താമലയിൽ
കാൽവരികുരിശിൻ ചോട്ടിൽ
നിന്നുതിർന്നു വീണ
തേങ്ങലുകൾ,
അവസാനത്തെ അത്താഴത്തിന്റെ
പരിസമാപ്തിയിൽ
ഉള്ളകത്ത്
അലയടിക്കുന്നുണ്ടാവണം.

ഭയമെന്ന വാക്കിന്
ദൈവഭയമെന്നോ
നന്മതിന്മകളുടെ
വേർതിരിവെന്നോ
അർത്ഥമെന്നത്
നിഘണ്ടുവിൽ
തിരയണമെന്നോർത്ത്
മാനസാന്തരപ്പെടുന്നുണ്ടാവണം
അതെ...
ആർക്കും
തിരിഞ്ഞുനടക്കാനാവാത്ത ഒരു
മുൾകുരിശ്പാത
ഓരോ ശിരസ്സിൽ നിന്നും
ഉദ്ഭവിക്കുന്നെന്ന സത്യം
കൺമുന്നിൽ
വിറങ്ങലിച്ചു
കിടക്കുന്നുണ്ടാവണം.

നാൽപതു രാവും
നാല്പതു പകലും
നീണ്ട
പ്രളയത്തിൽനിന്നുയിരേകാൻ
നോഹയുടെ പുതിയൊരു
പേടകം വരുമെന്ന
കാത്തിരിപ്പിലുമാവാം.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

रजिस्ट्री सं० डी० एल०-33004/99 REGD. NO. D. L.-33004/99

भारत का राजपत्र
The Gazette of India

असाधारण
EXTRAORDINARY
भाग II—खण्ड 3—उप-खण्ड (ii)
PART II—Section 3—Sub-section (ii)
प्राधिकार से प्रकाशित
PUBLISHED BY AUTHORITY

सं. 861] नई दिल्ली, शुक्रवार, अप्रैल 8, 2016/चैत्र 19, 1938
No. 861] NEW DELHI, FRIDAY, APRIL 8, 2016/CHAITRA 19, 1938

## SOLID WASTE MANAGEMENT RULES 2016 ( extracts)

Rule 3. Definitions –

(11). “Combustible waste” means non-biodegradable, non-recyclable, non-reusable, non hazardous solid waste having minimum calorific value exceeding 1500 kcal/kg and excluding chlorinated materials like plastic, wood pulp, etc;

(32). “Non-biodegradable waste” means any waste that cannot be degraded by micro organisms into simpler stable compounds;

---

അജൈവ ഖര മാലിന്യങ്ങൾ ഉണ്ടാവുമ്പോൾ തന്നെ ഉന്മൂലനം ചെയ്യുക.അതു സ്വയം നിർവ്വഹിക്കുക. ഇന്ത്യക്കു മുഴുവൻ ബാധകമായ സോളിഡ്‌വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസിൽ നിർവചിച്ചിട്ടുള്ള കത്തിച്ചു കളയാൻ സാധിക്കുന്ന നനവില്ലാത്ത എല്ലാ ഖര മാലിന്യങ്ങളും തുറന്ന സ്ഥലങ്ങളിൽ കൂട്ടിയിട്ടു കത്തിക്കാൻ നിയമം അനുവദിക്കുന്നില്ല. യാതൊരു വിധ ദുർഗന്ധവും കഠിനമായ പുകയും പുറപ്പെടുവിക്കാതെ അഗ്നിച്ചുഴലിയിൽ എരിച്ചു കളയാനുള്ള ഉപകരണം UR FURNACE പേറ്റന്റ് സംരക്ഷിച്ചു കൊണ്ട് വില്പനആരംഭിച്ചിരിക്കുന്നു. ചട്ടം15(വൈ) പ്രകാരം ഫാറം1ൽ അപേക്ഷിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശഭരണകൂടങ്ങൾ അധികാരപത്രം വാങ്ങിയിരിക്കണമെങ്കിലും ദിവസേന 5 മെട്രിക് ടണ്ണിൽ കൂടുതലാണെങ്കിൽ മാത്രമേ ആവശ്യമുള്ളൂ അതുകൊണ്ട് എല്ലാ വീടുകൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും ശുപാർശ ചെയ്യാവുന്നതാണ് .

യാതൊരു വിധ ഇന്ധനച്ചെലവും ഇല്ല




100 ശതമാനം പ്രവർത്തന യോഗ്യം.

[PATENT PROTECTED]

AARVEE
Energy Controls

Door No: 37/1673-A,OPP. GAJANAN Appartments,
Nethaji Nagar Road, Jawahar Nagar,
Kadavanthara, Ernakulam,Kerala-682020.
Phone : 9744301180,9447301180

Published on 15/02/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 4, March 2019, Rs15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com